32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

February 02, 2024 | Vol. XXXII No. 05 | Periodicals Postage Paid

4 സ്ത്രീശക്തി വിളിച്ചോതിയ റിപ്പബ്ലിക് ദിനാഘോഷം
8 വാണിജ്യത്തിനു പ്രത്യേക വിഭാഗം
10 പത്മശോഭയിൽ ഒൻപത് മലയാളികൾ
18 ഹണിറോസ് ഇൻ ഫിലിയുടെ ടിക്കറ്റ് കിക്കോഫ്
23 പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം

# കെ.എം. മാണിയുടെ 'ആത്മകഥ' പ്രകാശനം ചെയ്തു



കെ.എം. മാണിയുടെ ആത്മകഥ മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീറിന് നല്കി പ്രകാശനം ചെയ്യുന്നു. ജോസ് കെ. മാണി, ജസ്റ്റിസ് സിറിയക് ജോസഫ്, മന്ത്രി റോഷി അഗസ്റ്റിൻ, പി.കെ. കുഞ്ഞാലിക്കുട്ടി, ബിനോയ് വിശ്വം, ഡോ. എൻ. ജയരാജ്, എം.വി. ശ്രേയാംസ്കുമാർ എന്നിവർ സമീപം. ഫോട്ടോ: ബിറ്റു ബൃന്ദാവൻ (വാർത്ത 15-ാം പേജിൽ)

## മാർച്ചിനു നേരെ കണ്ണീർവാതകം: ലോക്സഭാ സെക്രട്ടേറിയറ്റ് റിപ്പോർട്ട് തേടി

ന്യൂഡൽഹി: കഴിഞ്ഞ ഡിസംബറിൽ എംപിമാരടക്കം പങ്കെടുത്ത തിരുവനന്തപുരത്തെ യുഡിഎഫ് സെക്രട്ടേറിയറ്റ് മാർച്ചിനു നേരെ പോലീസ് ടിയർ ഗ്യാസ് ഷെൽ എറിഞ്ഞ സംഭവത്തിൽ കേരള സർക്കാരിൽനിന്ന് ലോക്സഭാ സെക്രട്ടേറിയറ്റ് വസ്തുതാന്വേഷണ റിപ്പോർട്ട് തേടി. കേന്ദ്ര ആഭ്യന്തര മന്ത്രാലയമാണ് ഇതു സംബന്ധിച്ച നിർദേശം നല്കിയത്. എംപിമാരും മുതിർന്ന നേതാക്കളും നിരന്നിരുന്ന സ്റ്റേജിലേക്ക് കേരള പോലീസ് ടിയർ ഗ്യാസ് (ശേഷം 24-ാം പേജിൽ)

# കരിങ്കൊടിയുമായി എസ്.എഫ്.ഐ; വഴിയരികിലിരുന്ന് പ്രതിഷേധിച്ച് ഗവർണർ

നിലമേൽ: കൊല്ലം നിലമേലിൽ എസ്.എഫ്.ഐ. പ്രവർത്തകർ കരിങ്കൊടി കാണിച്ചതിനെ തുടർന്ന് രോഷാകുലനായ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ യാത്ര നിർത്തി റോഡരികിൽ കസേരയിട്ടിരുന്നു പ്രതിഷേധിച്ചു. രണ്ടു മണിക്കൂറിനുശേഷം 17 എസ്.എഫ്.ഐ. പ്രവർത്തകരെ പ്രതികളാക്കിയുള്ള എഫ്.ഐ.ആറിന്റെ പകർപ്പ് പോലീസ് എത്തിച്ചശേഷമാണ് യാത്ര പുനരാരംഭിച്ചത്. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുമായി ഗവർണർ പിന്നീട് ഫോണിൽ സംസാരിച്ചു. അദ്ദേഹത്തിന്റെ സുരക്ഷ കേന്ദ്രസേനയായ സി.ആർ.പി.എഫ്. ഏറ്റെടുക്കുകയും ചെയ്തു.

ജനുവരി 27-ന് ശനിയാഴ്ച രാവിലെ പത്തേമുക്കാലോടെ എം.സി. റോഡിലൂടെ ഗവർണർ കൊട്ടാരക്കരയിലേക്കു പോകുമ്പോൾ നിലമേൽ എൻ.എസ്.എസ്. കോളജിനു സമീപമായിരുന്നു നാടകീയ സംഭവങ്ങൾ. ഗവർണറുടെ കാറിനു മുന്നിലേക്ക് കരിങ്കൊടികളുമായി 'ഗോബാക്ക്' വിളിച്ച് എസ്.എഫ്.ഐ. പ്രവർത്തകർ പാഞ്ഞടുത്തു. എതിരെ ലോറി കണ്ട് ഗവർണറുടെ കാർ വേഗം കുറച്ചു. ഇതിനിടെ കാറിൽനിന്നു ചാടിയിറങ്ങിയ ഗവർണർ 'ആവോ...ആവോ...' (വരൂ... വരൂ) എന്നുപറഞ്ഞ് എസ്.എഫ്.ഐക്കാർ നിന്ന കടത്തിണ്ണയിലേക്കു കയറി.

ഒരു പ്രവർത്തക 'ഗോബാക്ക്' വിളിച്ചപ്പോൾ 'എന്തുവേണമെങ്കിലും പറഞ്ഞോളൂ, ഞാൻ പോകില്ല' എന്നായി ഗവർണർ. ഇടപെടാൻ ശ്രമിച്ച പോലീസും (ശേഷം 24-ാം പേജിൽ)



കൊല്ലം നിലമേലിൽ എസ്.എഫ്.ഐ. പ്രവർത്തകർ കരിങ്കൊടി കാണിച്ചതിനെ തുടർന്ന് റോഡരികിൽ കസേരയിട്ടിരുന്ന് പ്രതിഷേധിക്കുന്ന ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ.

# ബീഹാർ മുഖ്യമന്ത്രിയായി നിതീഷ് കുമാർ സത്യപ്രതിജ്ഞ ചെയ്തു



സത്യപ്രതിജ്ഞാചടങ്ങിൽ പങ്കെടുക്കാൻ പാറ്റ്ന രാജ്ഭവനിലെത്തിയ നിതീഷ്കുമാർ ബി.ജെ.പി. അധ്യക്ഷൻ ജെ.പി. നഡ്ഡയെ കണ്ടുമുട്ടിയപ്പോൾ

പാറ്റ്ന: ഇന്ത്യാ മുന്നണിയെയും ബിഹാറിലെ മഹാസഖ്യത്തെയും കൈവിട്ട് എൻ.ഡി.എയിലെത്തിയ നിതീഷ്കുമാർ ഒമ്പതാം തവണ മുഖ്യമന്ത്രിയായി. ജനുവരി 28-ന് ഞായറാഴ്ച വൈകുന്നേരം രാജ്ഭവനിൽ ഗവർണർ രാജേന്ദ്ര അർലേക്കറിനു മുമ്പാകെയാണ് നിതീഷ് സത്യപ്രതിജ്ഞ ചെയ്തത്. ബി.ജെ.പി. അധ്യക്ഷൻ ജെ.പി. നഡ്ഡ അടക്കമുള്ള നേതാക്കൾ സത്യപ്രതിജ്ഞയ്ക്കെത്തി. ബി.ജെ.പി. നേതാക്കളായ സമ്രാട്ട് ചൗധരി, വിജയ്കുമാർ സിൻഹ എന്നിവർ ഉപമുഖ്യമന്ത്രിമാരായി. 243 അംഗ നിയമസഭയിൽ എൻ.ഡി.എ. സഖ്യത്തിന് 127 പേരുടെ പിന്തുണയുണ്ട്. ബി.ജെ.പി. (78), ജെ.ഡി-യു (47), എച്ച്.എ.എം. (4) എന്നിവയാണു സഖ്യത്തിലുള്ളത്. ഒരു സ്വതന്ത്രനും പിന്തുണയ്ക്കുന്നു.

നാലു വർഷത്തിനിടെ മൂന്നാം തവണയാണ് നിതീഷ്കുമാർ ബിഹാർ മുഖ്യമന്ത്രിയാകുന്നത്. ജെഡി.-യു നേതാക്കളായ വിജയ്കുമാർ ചൗധരി, വിജേന്ദ്ര യാദവ്, ശ്രാവൺ കുമാർ എന്നിവരും എച്ച്.എ.എമ്മിലെ സന്തോഷ്കുമാർ സുമനും സ്വതന്ത്രൻ സുമിത് സിംഗും 28-ന് മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു. നിതീഷ്കുമാർ സർക്കാരിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. പൂർണമായ ആത്മസമർപ്പണത്തോടെ പുതിയ സർക്കാർ ജനങ്ങളെ സേവിക്കുമെന്നു മോദി എക്സിൽ കുറിച്ചു.

നിയമസഭയിലെ ഏറ്റവും വലിയ കക്ഷിയായ ആർ.ജെ.ഡിയുടെ പ്രതിനിധികളാരും സത്യപ്രതിജ്ഞയ്ക്കെത്തിയില്ല. മഹാസഖ്യത്തിലെ കക്ഷികളെല്ലാം നിതീഷ്കുമാറിനെതിരെ രൂക്ഷ വിമർശനമുയർത്തി. നിതീഷ്കുമാർ 'ഓന്തി'നെപ്പോലെയാണെന്നായിരുന്നു കോൺഗ്രസിന്റെയും ലാലു പ്രസാദ് യാദവിന്റെ മകൾ രോഹിണി ആചാര്യയുടെയും പരിഹാസം. (ശേഷം 24-ാം പേജിൽ)

# KUNNATHA INJURY LAWYERS

**Free Consultation/Case Evaluation** | ATLANTA : 404 633 4200 | CHICAGO: 312 757 4700

**EXPERIENCE PERSONAL ATTENTION RESULTS**



Salu K. Kunnatha | Reena Emmanuel | Joshua Opdycke

**Dedicated Lawyers Handling Serious Injuries and Wrongful Death Cases**

**Over 50 years of Combined Experience**

No legal fees until we collect compensation for you

Millions recovered for our clients each year!

**ATLANTA**

1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

**CHICAGO**

708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com

# nella CONSULTING

ACCOUNTING | TAX | CONSULTING






**FOR ALL YOUR PERSONAL AND BUSINESS TAX SERVICES**



**TOMY NELLAMATTAM, E.A.**
**Enrolled to Practice Before IRS**
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
**(847) 486-4112 (Office)**
**(847) 302-8556 (cell)**

*FREE ELECTRONIC FILING*
*FULL TIME IN ACCOUNTING & TAX SERVICES*

Partner
**ALVIN NELLA, CPA, MBA**


MATHEW
മത്തായിച്ചൻ

# JB RESTORATION
# JB ADJUSTERS
# OPTIMUM CONTRACTORS


JORGE

**MATHEW 630-205-5585 JORGE 630-335-2987**

## ROOFING & SIDING

We Specialize In Storm Damage Repair
We Work With All Home Insurance

**FREE ESTIMATE**
**COMMERCIAL & RESIDENTIAL**

REMODELING
WINDOW & DOOR REPLACEMENT
PAINTING
WATER DAMAGE
AND MORE!

**MEDICARE SUPPLEMENTS & ADVANTAGE PLANS**
**GET YOUR MEDICARE QUESTIONS ANSWERED**

# MEDICARE

Medicare coverage can be confusing and it is important to make the best decision for you and your health. There are four different parts of Medicare:

| | |
|---|---|
| Part A<br>Hospital Insurance | Part C<br>$0 Premium Medicare Advantage Plans |
| Part B<br>Medical Insurance | Part D<br>Prescription Drug Coverage |

Medicare Supplement Plans Offered by Various Companies at competitive Rates

CALL or TEXT **RAJ SURENDRAN**

Senior Medicare Specialist
Investment Advisor Representative, MBA

**708-945-3985**

www.questwealthgroup.com
Quest Wealth Management Inc.
rsurendran007@gmail.com



*There is no obligation,*
*All consultations are complimentary!*


Michael Crifase Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- Over $ 50M Recovered and Collected For Our Clients
- Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- Free Confidential Consultation On All Matters Home Visits Available
- Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm
## Michael Crifase and Steven Crifase

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Michael@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603

Phone: (312) 855-0511,
Fax: (312) 855- 0537

A+ Rating Better Business Bureau
AV PREEMINENT Peer Rated for Highest Level of Professional Excellence 2018

# സ്ത്രീശക്തി വിളിച്ചോതിയ റിപ്പബ്ലിക് ദിനാഘോഷം

ന്യൂഡൽഹി: ഇന്ത്യയുടെ 75-ാമത് റിപ്പബ്ലിക് ദിനാഘോഷം സ്ത്രീശക്തിയുടെ അടയാളമായി. സാംസ്കാരിക വൈവിദ്ധ്യവും സൈനികശക്തിയും കാഴ്ചവിരുന്നൊരുക്കിയ പരേഡിൽ ഫ്രഞ്ച് പ്രസിഡണ്ട് ഇമ്മാനുവൽ മക്രോ മുഖ്യാതിഥിയായിരുന്നു. 'വികസിത് ഭാരത്', 'ഭാരത്-ലോക്തന്ത്രാ കി മാതൃക' (ഇന്ത്യ-ജനാധിപത്യത്തിന്റെ മാതാവ്) എന്നീ ആശയങ്ങളിലൂന്നി നടത്തിയ പരേഡിൽ അണിനിരന്നവരിൽ 90 ശതമാനവും വനിതകളായിരുന്നു.

ദേശീയ യുദ്ധ സ്മാരകത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പുഷ്പചക്രം അർപ്പിച്ചതോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. രാഷ്ട്രപതി ദ്രൗപതി മുർമു ദേശീയ പതാക ഉയർത്തി.

പതാക ഉയർത്തിയ ഘട്ടത്തിൽ സർവസൈന്യാധിപയായ ദ്രൗപതി മുർമുവിന് ഇന്ത്യൻ നിർമിത പീരങ്കികളിൽ നിന്ന് 21 ഗൺസല്യൂട്ടുകൾ നല്കിയപ്പോൾ ഹെലികോപ്റ്ററുകൾ കർത്തവ്യ പഥിൽ പുഷ്പവൃഷ്ടി നടത്തി. 40 വർഷത്തെ ഇടവേളയ്ക്കുശേഷം രാഷ്ട്രപതിയും മുഖ്യാതിഥിയും കുതിര വലിക്കുന്ന ബഗ്ഗിയിലാണ് ഇക്കുറി ചടങ്ങുകൾക്ക് എത്തിയത്.

ഫ്രഞ്ച് സൈന്യത്തിലെ 95 പേരുടെ സംഘവും 30 പേരുടെ ബാൻഡ് സംഘവും പരേഡിൽ ഭാഗമായി. രണ്ട് റഫാൽ വിമാനങ്ങളും എയർബസിന്റെ എ330 മൾട്ടിറോൾ ടാങ്കർ ട്രാൻസ്പോർട്ട് വിമാനവും ആകാശക്കാഴ്ച ഒരുക്കി. വിവിധ കേന്ദ്രമന്ത്രാലയങ്ങളുടെ പ്രത്യേക അതിഥികളായി 13,000 പേർ പരേഡ് കാണാൻ എത്തിയിരുന്നു.

പതിനായിരത്തിലേറെ വനിതകളാണ് പരേഡിൽ അണിനിരന്നത്. നൂറിലേറെ വനിതാകലാകാരികൾ ഇന്ത്യൻ സംഗീതോപകരണങ്ങളുമായി പരേഡിലെത്തി. ചരിത്രത്തിൽ ആദ്യമായി കോസ്റ്റ്ഗാർഡിന്റെ ബാൻഡ് സംഘവും മിലിറ്ററി മെഡിക്കൽ സർവീസ് സംഘവും കര, നാവിക, വ്യോമ സേനകളിലെ വനിതാ അംഗങ്ങളുടെ സംയുക്ത സംഘവും പരേഡിൽ ഭാഗമായി. 16 സംസ്ഥാനങ്ങളുടെയടക്കം 26 ഫ്ളോട്ടുകളാണ് ഇക്കുറി പരേഡിൽ അണിനിരന്നത്.



റിപ്പബ്ലിക് ദിനാഘോഷത്തിൽ പങ്കെടുക്കാനെത്തിയ മുഖ്യാതിഥി ഫ്രഞ്ച് പ്രസിഡണ്ട് ഇമ്മാനുവൽ മക്രോയെ പ്രധാനമന്ത്രി നരേന്ദ്രമോദി സ്വീകരിച്ചപ്പോൾ.

# ബഹിരാകാശത്ത് മാലിന്യമാകില്ല; ലക്ഷ്യം കണ്ട് 'പോയം-3'

തിരുവനന്തപുരം: പുതുവർഷ ദിനത്തിൽ ഐ.എസ്.ആർ.ഒ. വിക്ഷേപിച്ച ചെലവു കുറഞ്ഞ ബഹിരാകാശ പ്ലാറ്റ്ഫോം 'പോയം-3' ലക്ഷ്യങ്ങൾ പൂർത്തിയാക്കി. ഭ്രമണപഥത്തിൽ ഉപഗ്രഹങ്ങളെ വിക്ഷേപിക്കുന്ന റോക്കറ്റുകൾ ദീർഘകാലം അവിടെ അവശിഷ്ടമായി തുടരുകയോ കടലിൽ വീഴുകയോ ആണ് പതിവ്. അതിനു പരിഹാരമായി പി.എസ്.എൽ.വി. റോക്കറ്റിന്റെ നാലാമത്തെതും അവസാനത്തേതുമായ ഘട്ടത്തിനെ (പി.എസ്-4) ഉപഗ്രഹത്തിനു സമാനമായ ഒരു പ്ലാറ്റ്ഫോം ആയി ഉപയോഗിക്കുന്ന പി.എസ്.എൽ.വി. ഓർബിറ്റൽ എക്സ്പെരിമെന്റ് മൊഡ്യൂൾ (പോയം) ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്തത്. അതിന്റെ മൂന്നാം പരീക്ഷണമായിരുന്നു സി-58-ൽ നടന്നത്. ഒൻപത് ശാസ്ത്രീയ പഠനോപകരണങ്ങൾ, ഭൂമിയിലിരുന്ന് നിർദേശങ്ങളിലൂടെ (കമാൻഡ്) നിയന്ത്രിക്കാനും നിരീക്ഷിക്കാനുമുള്ള ഉപകരണങ്ങൾ തുടങ്ങി സാധാരണ റോക്കറ്റ് അവശിഷ്ടങ്ങളിൽ ഉണ്ടാകാത്ത ഉപകരണങ്ങൾ 'പോയ'ത്തിൽ ഉണ്ടായിരുന്നു. ഇതിനകം 400 തവണ പോയം ഭ്രമണപഥത്തിലൂടെ കറങ്ങി. ഇനി 70 ദിവസം കൂടി തുടർന്ന ശേഷം ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് തിരിച്ചിറങ്ങി കത്തി നശിക്കും. ഇതോടെ ഈ വിക്ഷേപണത്തിലെ മാലിന്യം പൂർണമായി ഭ്രമണപഥത്തിൽ നിന്ന് ഇല്ലാതാകും. അടുത്ത ദൗത്യങ്ങൾക്കാവശ്യമായ വിവരങ്ങൾ ശേഖരിക്കാൻ ഈ ഉപകരണങ്ങളെ ഉപയോഗിക്കും.

ഇതിലുണ്ടായിരുന്ന പഠനോപകരണങ്ങളിൽ (പേലോഡ്) നിന്നെല്ലാം ആവശ്യമായ വിവരം ലഭിച്ചതായി ഐ.എസ്.ആർ.ഒ. അറിയിച്ചു. ആദ്യ പോയം ദൗത്യം മുതൽ മൂന്നാം ദൗത്യം വരെ വിവിധ സ്ഥാപനങ്ങളുടേതായി 21 പേലോഡുകളാണ് ബഹിരാകാശത്തെത്തിയത്.

പൂർണമായി കാലാവസ്ഥാ നിരീക്ഷണത്തിനായി രൂപം നൽകിയ ഇൻസാറ്റ്-3 ഡി.എസ്. ഉപഗ്രഹം അടുത്തമാസം വിക്ഷേപിക്കും. ജി.എസ്.എൽ.വി-എഫ് 14 റോക്കറ്റിൽ ശ്രീഹരിക്കോട്ടയിൽ നിന്നാണ് വിക്ഷേപണം. ഭൗമശാസ്ത്ര മന്ത്രാലയത്തിനു വേണ്ടി ബെംഗളൂരുവിലെ യു.ആർ. റാവു ഉപഗ്രഹ കേന്ദ്രത്തിൽ നിർമിച്ച ഉപഗ്രഹം ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിലേക്കു മാറ്റി. ഇൻസാറ്റ്-3 ഡി., ഡി.ആർ. ഉപഗ്രഹങ്ങളോടൊപ്പം തുടർച്ചയായ സേവനം ലഭ്യമാക്കുകയാണ് 3-ഡി.എസിന്റെ ലക്ഷ്യം.

# കരസേനയിൽ ആദ്യ വനിതാ സുബേദാർ



ന്യൂഡൽഹി: കരസേനയിലെ ആദ്യ വനിതാ സുബേദാർ എന്ന പെരുമ ട്രാപ്പ് ഷൂട്ടിങ് താരം പ്രീതി രജക്ക് കരസ്ഥമാക്കി. സേനയിൽ ഹവീൽദാറായ പ്രീതിക്ക് കായിക മേഖലയിലെ നേട്ടങ്ങൾക്കുള്ള അംഗീകാരമായാണു സ്ഥാനക്കയറ്റം ലഭിച്ചത്.

ഹവീൽദാറിൽ നിന്ന് സുബേദാർ റാങ്കിലേക്കുള്ള സ്ഥാനക്കയറ്റം ഇരട്ട പ്രമോഷനാണ്. ഇതുവഴി ജൂനിയർ കമ്മിഷൻഡ് ഓഫിസർ (ജെ.സി.ഒ.) വിഭാഗത്തിലേക്ക് ഇവരെത്തി. ചൈനയിലെ ഹാങ്ചോയിൽ നടന്ന ഏഷ്യൻ ഗെയിംസിൽ വനിതകളുടെ ട്രാപ് ഷൂട്ടിങ്ങിൽ പ്രീതി വെള്ളി നേടിയിരുന്നു. 2022 ഡിസംബറിലാണ് സേനയുടെ ഭാഗമായ മിലിറ്ററി പോലീസിൽ പ്രീതി ചേർന്നത്.

# സുപ്രീം കോടതി മാസങ്ങൾ അടച്ചിടുന്നത് ഒഴിവാക്കാൻ മാർഗം തേടി ചീഫ് ജസ്റ്റിസ്

ന്യൂഡൽഹി: സുപ്രീം കോടതിയുടെ ദീർഘ അവധി അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾക്കു തുടക്കമിടുമെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്. സുപ്രീം കോടതിയുടെ 75-ാം വാർഷികാഘോഷ വേളയിലാണ് ചീഫ് ജസ്റ്റിസിന്റെ നിർണായക പ്രഖ്യാപനം. വാർഷികാഘോഷം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. എല്ലാവർക്കും ഒരേസമയം അവധിയും ഡ്യൂട്ടിയും എന്നതിനു പകരം പല സമയത്തായി ഇവയെടുക്കാൻ കഴിയുന്ന 'ഫ്ളെക്സി ടൈം' രീതി ജഡ്ജിമാർക്കും അഭിഭാഷകർക്കും സാധ്യമാണോയെന്നു ബാർ കൗൺസിലുമായി ചേർന്നു പരിശോധിക്കുമെന്ന് ചീഫ് ജസ്റ്റിസ് പറഞ്ഞു. ഇതുവഴി കോടതി പൂർണമായി അടച്ചിടുന്ന സാഹചര്യം ഒഴിവാകും. വേനലവധിയുടെയും മറ്റും പേരിൽ സുപ്രീം കോടതി മാസങ്ങളോളം അടച്ചിടുന്ന രീതി അവസാനിപ്പിക്കണമെന്നു നിയമ മന്ത്രാലയവുമായി ബന്ധപ്പെട്ട പാർലമെന്ററി കാര്യ സ്ഥിരംസമിതി കഴിഞ്ഞ ഓഗസ്റ്റിൽ വീണ്ടും ശിപാർശ ചെയ്തിരുന്നു. ഇതിനു പകരം, ഓരോ ജഡ്ജിയും ഇഷ്ടമുള്ള സമയത്ത് ദീർഘദിവസത്തേക്ക് അവധി എടുക്കുന്നതു പരിഗണിക്കണമെന്നായിരുന്നു ശിപാർശ. വാർഷികവുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയുടെ സെറിമോണിയൽ ബെഞ്ച് ചേർന്നു.

സുപ്രീം കോടതിയുടെ നവീകരിച്ച വെബ്സൈറ്റ് (www.sci.gov.in), ഡിജിറ്റൽ സുപ്രീം കോർട്ട് റിപ്പോർട്ട്സ് പോർട്ടൽ (digiscr.sci.gov.in), ഇ-കോർട്ട്സ് രണ്ടാം പതിപ്പ് എന്നിവയുടെ ഉദ്ഘാടനവും നടന്നു. ഇന്ത്യയാകെയുള്ള കോടതി സംബന്ധമായ വിവരങ്ങൾ നിരീക്ഷിക്കാനായി വാർ റൂം ആരംഭിക്കുമെന്നും ചീഫ് ജസ്റ്റിസ് പറഞ്ഞു. ഇതിനായി ജില്ലാ കോടതികളുടെ അടക്കം വിവരം പങ്കുവെക്കുന്ന ദേശീയ ജുഡീഷ്യൽ ഡേറ്റ ഗ്രിഡ്, ഐജൂറിസ് (iJuris) എന്നിവ ഉപയോഗിക്കും.



സുപ്രീം കോടതിയുടെ 75-ാം വാർഷികാഘോഷ വേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡിന് അംബേദ്കർ ശിൽപം കൈമാറുന്നു

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 05
February 02, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

ജനാധിപത്യം നിലനിൽക്കണമെങ്കിൽ ആദ്യം ജനങ്ങളിൽ ഏകത്വബോധവും ആത്മബഹുമാനവും സ്വാതന്ത്ര്യബോധവും ഉണ്ടാകണം.

**മഹാത്മാഗാന്ധി**


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## ജനാധിപത്യത്തിന് കരുത്തേകുന്ന റിപ്പബ്ലിക്

ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയതും എഴുതപ്പെട്ടതുമായ ഭരണഘടന സ്വീകരിച്ചുകൊണ്ട് ഇന്ത്യൻ റിപ്പബ്ലിക് എഴുപത്തിയഞ്ചാം വർഷത്തിലേക്ക് കടന്നു. എണ്ണമറ്റ പ്രതിസന്ധികളെ ചെറുത്തുതോൽപിച്ച്, സ്വതന്ത്ര പരമാധികാര റിപ്പബ്ലിക് എന്ന നിലയ്ക്കുള്ള ഇന്ത്യയുടെ യാത്രയാണ് മുക്കാൽ നൂറ്റാണ്ടിന്റെ ത്രിവർണത്തിളക്കത്തിലേക്കു പ്രവേശിക്കുന്നത്.

സാമ്പത്തിക, സൈനിക, ശാസ്ത്ര ശക്തിയായി ഇന്ത്യ വളർന്നു മുന്നേറുകയാണെന്നു ലോകത്തോടു വിളംബരം ചെയ്യാനുള്ള ആത്മവിശ്വാസം ഇക്കഴിഞ്ഞ വർഷങ്ങളിലൂടെ നാം നേടിക്കഴിഞ്ഞു. ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമെന്ന അഭിമാനവും ഇതോടൊപ്പമുണ്ട്. അതുകൊണ്ടുതന്നെ, ജനാധിപത്യത്തിന്റെ ആഘോഷമാണ് ഈ ദിവസം. പല അയൽരാജ്യങ്ങളിലും ജനാധിപത്യ സംവിധാനങ്ങളിൽ പിൽക്കാലത്തു വിള്ളലേറ്റപ്പോഴും ഇന്ത്യൻ ജനാധിപത്യം ചൈതന്യവത്തായും ലോകത്തിനുതന്നെ മാതൃകയായും നിലനിൽക്കുന്നതിനു ഇന്ത്യ കടപ്പെട്ടിരിക്കുന്നതു ദീർഘവീക്ഷണത്തോടെ തയാറാക്കിയ ഭരണഘടനയോടുതന്നെ. ഭരണഘടനയുടെ പവിത്രതയ്ക്ക് ഒരു പോറൽപോലും ഏൽക്കരുതെന്നു ഭരണാധികാരികളെമുതൽ പൗരജനങ്ങളെവരെ ഈ റിപ്പബ്ലിക് ദിനം ഓർമപ്പെടുത്തുന്നു.

ഭരണഘടന നിലവിൽ വന്നിട്ട് മുക്കാൽ നൂറ്റാണ്ടായെങ്കിലും ഭരണഘടനയുടെ ആമുഖത്തിൽ പറഞ്ഞിട്ടുള്ള സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി പൗരന്മാർക്ക് ഉറപ്പാക്കാനും നടപ്പിലാക്കാനും ഇനിയും കഴിഞ്ഞിട്ടില്ലെന്നതാണ് യാഥാർഥ്യം. ആരും കഷ്ടപ്പെടാത്ത, ദുഃഖിതരുടെ കണ്ണീരൊപ്പുന്ന, വരിയിൽ അവസാനം നില്ക്കുന്നവന് പ്രഥമ പരിഗണന നൽകുന്ന, ബഹുസ്വരതയുടെ പൂന്തോട്ടമായി, ഗ്രാമകേന്ദ്രീകൃതമായ വില്ലേജ് റിപ്പബ്ലിക്കുകളായി നാടിനെ പുനർനിർമിക്കണമെന്ന കാഴ്ചപ്പാടാണ് ഗാന്ധിജിക്കുണ്ടായിരുന്നത്. എന്നാൽ, അധികാരത്തിലെത്തിയവർ അതു വിസ്മരിച്ചു. നമ്മുടെ രാഷ്ട്രീയ സംവിധാനത്തിന്റെ അടിസ്ഥാന പ്രമാണങ്ങളായി ഭരണഘടന പ്രഖ്യാപിച്ചിട്ടുള്ള പരമാധികാരം, ജനാധിപത്യം, സോഷ്യലിസം, മതനിരപേക്ഷത എന്നിവയെ പരിപോഷിപ്പിക്കുകയും ബലപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യാനുള്ള ഉത്തരവാദിത്വം കൂടുതലായുള്ളത് രാഷ്ട്രീയ കക്ഷികൾക്കാണ്. കാരണം, അധികാരം നേരിട്ട് കൈകാര്യം ചെയ്യുന്നവർ അവരാണല്ലോ.

സ്വകാര്യ കമ്പനികൾ പോലെയാണ് മിക്ക കക്ഷികളും പ്രവർത്തിക്കുന്നത്. തെരഞ്ഞെടുപ്പുകളെ തങ്ങളുടെ പിണിയാളുകളെ അവരോധിക്കാനുള്ള വേദികളായി അവർ മാറ്റിയിരിക്കുന്നു. സ്വഭാവഗുണവും പ്രവർത്തനമികവും വ്യക്തിത്വവും സ്വന്തമായ നിലപാടുകളും അഭിപ്രായങ്ങളും ഉള്ളവരെ തഴയുകയും നേതാവിന്റെ ഇച്ഛയ്ക്കൊത്ത് നിൽക്കുന്നവരെയും പാർട്ടികളുടെയും നേതാക്കന്മാരുടെയും അടിമത്തം പേറുന്നവരെയും മാത്രം സ്ഥാനാർത്ഥികളാക്കുന്ന രീതിയാണ് എല്ലാ രാഷ്ട്രീയ പാർട്ടികളും സ്വീകരിക്കുന്നത്.

മറവി കൊണ്ടല്ല, ഓർമ കൊണ്ടുവേണം നാം ഈ ദിനത്തെ വരവേൽക്കാൻ. സമ്പന്നവും ആവേശോജ്വലവുമാണ് ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രം. ഒരു ചർക്ക മാത്രം ആയുധമാക്കി, അഹിംസാമന്ത്രം മുഴക്കി മഹാത്മജി ആ യുദ്ധം ജയിച്ചതിലുള്ളത്ര വലിയ പാഠം ലോകം അതിനുമുൻപോ ശേഷമോ കേട്ടിട്ടില്ല. എന്നാൽ, ഇന്ത്യൻ ജനാധിപത്യത്തിന്റെ മുഖ്യശില്പികളോടു ചിരകാല നന്ദിസ്മരണ വേണ്ടിടത്ത് രാഷ്ട്രപിതാവ് മഹാത്മാഗാന്ധി, ജവാഹർ ലാൽ നെഹ്റു എന്നിവരടക്കമുള്ള അനശ്വര വ്യക്തികളെപ്പോലും ചെറുതാക്കാനുള്ള ശ്രമം നടക്കുന്നത് അപലപനീയമാണ്.

മതനിരപേക്ഷതയുടെ മഹനീയമൂല്യം അറിയുകയും ആദരിക്കുകയും ചെയ്യുന്ന രാജ്യമാണു നമ്മുടേത്. ഈ മതനിരപേക്ഷതയ്ക്കു കോട്ടംതട്ടുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളും പ്രസ്താവനകളും ഒരുഭാഗത്തുനിന്നും ഉണ്ടായിക്കൂടെന്നുകൂടി ഓർമപ്പെടുത്തുകയാണ് ഈ ദിനം. മണിപ്പൂർ എന്ന അഭിമാന ഭൂമിക എട്ടു മാസത്തിലേറെയായി നേരിടുന്ന അത്യധികം സങ്കടകരവും സമാനതകളില്ലാത്തതുമായ സാഹചര്യം ഈ റിപ്പബ്ലിക് ദിനത്തിനു മേൽ നിഴൽ വീഴ്ത്തുന്നു. ഒരു സംസ്ഥാനം ഇത്രയും അരക്ഷിതത്വത്തിലൂടെ കടന്നുപോകുന്നതു സ്വാതന്ത്ര്യാനന്തര ഭാരതം കണ്ടിട്ടില്ല. മേയ് മൂന്നിന് ആരംഭിച്ച സംഘർഷത്തിന് ആ വേളയിൽത്തന്നെ തടയിട്ടിരുന്നെങ്കിൽ കലാപം ഇത്രമേൽ വിനാശകരമായും ഭീതിദമായും വളരുമായിരുന്നില്ലെന്നുകൂടി ഓർക്കേണ്ടതുണ്ട്.

ജനാധിപത്യം പ്രകാശമാനമായി നിലനിർത്താനും ബാഹ്യവും ആഭ്യന്തരവുമായ ഭീഷണികളെയും സമ്മർദങ്ങളെയും അതിജീവിക്കാനും ലോകനിലവാരമുള്ള വികസനത്തിലേക്കുള്ള വേഗച്ചിറകുകൾ തീർക്കാനും മഹത്തായ ഈ പിറന്നാൾ ഇന്ത്യൻ റിപ്പബ്ലിക്കിന് ഊർജം പകരട്ടെ. ഇന്ത്യയുടെ അഖണ്ഡതയ്ക്കും ആത്മവിശ്വാസത്തിനും വേണ്ടിയുള്ള ഇച്ഛയും നിശ്ചയവും നെഞ്ചിലേറ്റി നമുക്കു തോളോടുതോൾ ചേർന്നുനിൽക്കാം. രാഷ്ട്രഹൃദയത്തിൽ വിള്ളലുകളും വിഭജനവും ഉണ്ടാക്കാനുള്ള നീക്കങ്ങൾ തടയേണ്ടത് 'ഇന്ത്യൻ ജനത' എന്ന സംജ്ഞയിൽ അഭിമാനിക്കുകയും ജനാധിപത്യത്തിൽ വിശ്വസിക്കുകയും ചെയ്യുന്ന ഓരോരുത്തരുടെയും ഉത്തരവാദിത്തമാണെന്ന് ഓർമിക്കുകയും ചെയ്യാം.

# ഇന്ത്യ ആത്മവിശ്വാസത്തോടെ മുന്നോട്ടു പോകുന്നതായി രാഷ്ട്രപതി

ന്യൂഡൽഹി: ഇന്ത്യ ആത്മവിശ്വാസത്തോടെ മുന്നോട്ടു പോകുകയാണെന്ന് റിപ്പബ്ലിക്ദിന സന്ദേശത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു അഭിപ്രായപ്പെട്ടു. ഉറച്ച ശക്തമായ സമ്പദ് വ്യവസ്ഥയിൽ നിന്നാണ് ആ ആത്മവിശ്വാസം വരുന്നതും പ്രതിഫലിക്കുന്നതുമെന്നും രാഷ്ട്രപതി പറഞ്ഞു.

സമീപകാല ഭാവിയിൽ ആശങ്കയുളവാക്കുന്ന നിരവധി മേഖലകളുണ്ട്. അതുപോലെ ആവേശകരമായ അവസരങ്ങളും മുന്നിലുണ്ട്, പ്രത്യേകിച്ച് യുവാക്കൾക്ക്. അവർ പുതിയ അതിർത്തികൾ തേടുകയാണ്. അവരുടെ പാതയിൽ നിന്ന് തടസ്സങ്ങൾ നീക്കാനും അവരുടെ കഴിവുകൾ മുഴുവൻ പുറത്തെടുക്കാൻ നമ്മളാൽ കഴിയുന്നതെല്ലാം ചെയ്യേണ്ടതുണ്ട്. അവർക്കു വേണ്ടത് അവസരസമത്വമാണ്. അവരുടെ ആത്മവിശ്വാസമാണ് നാളത്തെ ഇന്ത്യയെ കെട്ടിപ്പടുക്കുന്നത്. മാത്രമല്ല, യുവാക്കളുടെ ഭാവി രൂപപ്പെടുത്തുന്ന അദ്ധ്യാപകരാണ് രാജ്യത്തിന്റെ ഭാവിയുടെ യഥാർത്ഥ ശില്പികൾ.

നിശബ്ദമായി അദ്ധ്വാനിക്കുകയും രാജ്യത്തിന്റെ മികച്ച ഭാവി സൃഷ്ടിക്കുന്നതിന് ശക്തമായ സംഭാവന നല്കുകയും ചെയ്യുന്നവരാണ് നമ്മുടെ കർഷകർ. ചരിത്രപരമായ വനിതാ സംവരണബിൽ പാർലമെന്റിൽ പാസാക്കിയപ്പോൾ ലിംഗസമത്വം എന്ന ആദർശത്തിലേക്കും നാം കൂടുതൽ മുന്നേറി. നാരീ ശക്തി വന്ദൻ അധിനിയം സ്ത്രീ ശാക്തീകരണത്തിന്റെ വിപ്ലവകരമായ സങ്കേതമായി മാറുമെന്നു താൻ വിശ്വസിക്കുന്നുവെന്നും രാഷ്ട്രപതി പറഞ്ഞു. ഇന്ത്യയുടെ അദ്ധ്യക്ഷതയിൽ തലസ്ഥാനത്ത് ജി20 ഉച്ചകോടി വിജയകരമായി സംഘടിപ്പിച്ചത് അഭൂതപൂർവമായ നേട്ടമായിരുന്നു. ജി20 പരിപാടികളിൽ ജനങ്ങൾ പങ്കെടുത്ത രീതിയാണ് കൂടുതൽ ശ്രദ്ധേയമായത്. ആശയങ്ങളും നിർദേശങ്ങളും മുകളിൽനിന്ന് താഴേക്കല്ല, മറിച്ച് താഴെനിന്നും മു



കളിലേക്കാണ് സഞ്ചരിച്ചത്. അന്തിമ വിശകലനത്തിൽ സ്വന്തം ഭാവി രൂപപ്പെടുത്താൻ പോകുന്ന തന്ത്രപ്രധാനവും നയതന്ത്രപരവുമായ കാര്യങ്ങളിൽ പൗരന്മാരെ പങ്കാളികളാക്കുന്നതിൽ ഈ മഹത്തായ പരിപാടി ഏവർക്കും പാഠങ്ങൾ നല്കി. ജി20 ഉച്ചകോടി ഗ്ലോബൽ സൗത്തിന്റെ ശബ്ദമായുള്ള ഇന്ത്യയുടെ ആവിർഭാവത്തിന് ഉത്തേജനമാകുകയും അന്താരാഷ്ട്ര വ്യവഹാരത്തിന് ആവശ്യമായ ഘടകം കൂട്ടിച്ചേർക്കുകയും ചെയ്തു.

ഇന്ത്യ ചന്ദ്രനിലേക്കു പോയ വർഷം കൂടിയായിരുന്നു അത്. ചന്ദ്രന്റെ ദക്ഷിണധ്രുവമേഖലയിൽ ആദ്യമായി ഇറങ്ങിയ രാജ്യമായി ഇന്ത്യ. ചന്ദ്രയാൻ 3-ന് ശേഷം ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന സൗരദൗത്യത്തിനും തുടക്കം കുറിച്ചു. അടുത്തിടെ ആദിത്യ എൽ1 വിജയകരമായി ഹാലോ ഭ്രമണപഥത്തിലെത്തിച്ചു.

ഈ കലണ്ടർ വർഷത്തിൽ കൂടുതൽ ബഹിരാകാശ ദൗത്യങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇന്ത്യയുടെ ബഹിരാകാശ യാത്ര പുതിയ നാഴികക്കല്ലുകൾ താണ്ടാൻ പോകുന്നു എന്നതിൽ എനിക്ക് സന്തോഷമുണ്ട്.

നമ്മുടെ ആദ്യ മനുഷ്യബഹിരാകാശ യാത്രാപദ്ധതിയായ ഗഗൻയാൻ ദൗത്യത്തിനായുള്ള ഒരുക്കങ്ങൾ സുഗമമായി നടക്കുന്നു. നമ്മുടെ ശാസ്ത്രജ്ഞരെയും സാങ്കേതിക വിദഗ്ധരെയുംകുറിച്ച് നാം എപ്പോഴും അഭിമാനിക്കുന്നതായും രാഷ്ട്രപതി തന്റെ സന്ദേശത്തിൽ അനുസ്മരിച്ചു.

# ഗവർണറുടെ നയപ്രഖ്യാപനം ഒന്നര മിനിട്ട് മാത്രം

തിരുവനന്തപുരം: നിയമസഭയിലേക്കു ഗവർണറെ സ്വീകരിച്ച് ആനയിച്ച ശേഷം സ്വന്തം സീറ്റിൽ അമർന്നിരിക്കും മുമ്പേ അദ്ദേഹത്തെ യാത്രയാക്കാൻ എഴുന്നേൽക്കേണ്ടിവന്നു മുഖ്യമന്ത്രിക്ക്. നയപ്രഖ്യാപനമെന്നു തികച്ചു പറയാൻപോലും നിൽക്കാതെ, പ്രസംഗം ഒന്നര മിനിട്ടിൽ ഒതുക്കി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിയമസഭയിൽ വന്നുമടങ്ങി. 15-ാം നിയമസഭയുടെ 10-ാം സമ്മേളനത്തിനു തുടക്കംകുറിച്ച് നടന്ന ഗവർണറുടെ നയപ്രഖ്യാപനം ഭരണ-പ്രതിപക്ഷങ്ങളെ അമ്പരപ്പിച്ച് ചരിത്രത്തിൽ ഇടംനേടി. സർക്കാരിനോടുള്ള അതൃപ്തി സഭയിലെത്തിയതു മുതൽ ഗവർണറുടെ ശരീരഭാഷയിൽ പ്രതിഫലിച്ചു.



നയപ്രഖ്യാപനത്തിനെത്തിയ ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ പൂച്ചെണ്ടു കൊടുത്ത് മുഖ്യമന്ത്രി പിണറായി വിജയൻ സ്വീകരിക്കുന്നു

സർക്കാർ തയാറാക്കി നൽകിയ പ്രസംഗത്തിന്റെ തുടക്കത്തിലെ രണ്ടു വരി വായിച്ചശേഷം അവസാനഖണ്ഡികയും വായിച്ച് ഗവർണർ മടങ്ങുകയായിരുന്നു. ഭരണഘടനാപരമായ ഉത്തരവാദിത്വം സാങ്കേതികമായി നിറവേറ്റിയ ഗവർണർ അതിലൂടെ സർക്കാരിനോടുള്ള നീരസവും പ്രകടിപ്പിച്ചു. ഗവർണർ പൂർണമായി വായിച്ചില്ലെങ്കിലും മന്ത്രിസഭ അംഗീകരിച്ച പ്രസംഗം അതേപടി നിയമസഭാരേഖയിലുണ്ടാകും.

രാവിലെ ഒൻപതിനു നിയമസഭയിലെത്തിയ ഗവർണറെ മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ എ.എൻ. ഷംസീർ, മന്ത്രി കെ. രാധാകൃഷ്ണൻ എന്നിവർ ചേർന്ന് സ്വീകരിച്ചു. മുഖ്യമന്ത്രി ഗവർണർക്കു പൂച്ചെണ്ട് നൽകിയെങ്കിലും പരസ്പരം ചിരിക്കുകയോ ഹസ്തദാനമോ ഉണ്ടായില്ല. സ്പീക്കർക്കൊപ്പം വേദിയിലെത്തിയ ഗവർണർ ദേശീയഗാനത്തിനുശേഷം നയപ്രഖ്യാപനപ്രസംഗത്തിലേക്കു കടന്നു. ആദ്യ രണ്ടുവരി വായിച്ചശേഷം, അവസാന ഖണ്ഡികയിലേക്കു കടക്കുകയാണെന്ന് അദ്ദേഹം വ്യക്തമാക്കിയതോടെ സഭ അമ്പരന്നു. എല്ലാം ഒത്തുതീർപ്പാക്കിയോ എന്ന മുള്ളുവെച്ച ചോദ്യം പ്രതിപക്ഷത്തുനിന്ന് ഉയരുകയും ഭരണപക്ഷം അതിനു മറുപടി നൽകുകയും ചെയ്യുന്നതിനിടെയാണു ഗവർണർ പ്രസംഗമാരംഭിച്ചത്. ദേശീയഗാനാലാപനം ഉൾപ്പെടെ രണ്ട് മിനിട്ട് കൊണ്ട് നടപടികൾ അവസാനിച്ചു. ഇതോടെ പ്രതിപക്ഷത്തുനിന്ന് പരിഹാസമുയർന്നു. ക്രമപ്രശ്നം അനുവദിക്കുമോയെന്നു ചോദിച്ച് എൻ. ഷംസുദ്ദീൻ എഴുന്നേറ്റു. നിയമസഭാ ലൈബ്രറി തുറന്നിരിപ്പുണ്ടെന്നും അവിടെപ്പോയി നടപടിക്രമങ്ങൾ പരിശോധിച്ചാൽ മതിയെന്നും സ്പീക്കർ തിരിച്ചടിച്ചു.


കേരളനിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും കുറഞ്ഞ സമയംകൊണ്ട് നയപ്രഖ്യാപനപ്രസംഗം നടത്തിയതിന്റെ റെക്കോഡ് ഇനി ഗവർണർ ആരിഫ് മുഹമ്മദ് ഖാന്. 1982 ജനുവരി 29-ന് ഗവർണർ ജ്യോതി വെങ്കിടാചലം ആറ് മിനിട്ടിൽ പ്രസംഗം അവസാനിപ്പിച്ചതിന്റെ റെക്കോഡാണു പഴങ്കഥയായത്. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കെ ചേർന്ന അവസാനസമ്മേളനത്തിൽ ആരോഗ്യസ്ഥിതി മോശമായിരുന്ന ഗവർണർ ബി. രാച്ചയ്യയും പ്രസംഗം മുഴുമിപ്പിച്ചില്ല.

# Mar Ivanios College Alumni in North America to Celebrate 75th Anniversary with Grand Reunion and Convention




In a remarkable celebration of heritage and camaraderie, the Association of Mar Ivanios College Old Students in North America (AMICOSNA) is gearing up to host its grand reunion and convention, marking the 75th anniversary of Mar Ivanios College (MIC), Trivandrum. This event, spanning from October 11th to 13th, 2024, at the Hilton Garden Inn Dallas/Duncanville in Texas, is set to be a confluence of nostalgia, networking, and cultural celebration.


Sabu Thomas


Jimmy Kulangara


Sujan Kakkanatt

## AMICOSNA: Bridging the Past and Present

Established as a sub-chapter of the main AMICOS alumni organization in Kerala, India, AMICOSNA serves as a pivotal link for MIC alumni residing in the United States and Canada. The North American chapter echoes the parent organization's noble efforts in supporting the alma mater, fostering a thriving social network based on shared experiences and values.

## The Convention: A Melange of Memories and Aspirations

Themed "Beyond the Halls, Beyond the Years," the convention is more than just a gathering; it's a testament to the enduring influence of MIC on its alumni. The event promises an immersive experience in luxury accommodation and world-class hospitality, aiming to rekindle old memories and create new connections.

## About MIC: A Legacy of Excellence

Since its establishment in 1949, Mar Ivanios College has been synonymous with academic and cultural excellence. Affiliated with the University of Kerala and located in Thiruvananthapuram, Kerala, the college boasts a diverse curriculum and has been a pioneer in several academic initiatives. Its motto, "Veritas vosliberabit" (Truth shall liberate you), reflects its commitment to holistic education and discipline.

## Vision for the Future

AMICOSNA's vision is to create a vibrant community of well-informed alumni and friends who actively contribute to the college's legacy through resources, expertise, and volunteer involvement. This event marks a significant step in realizing that vision, offering a platform for alumni to engage and contribute.

## An Open Invitation

The event is not limited to alumni but extends to well-wishers and friends of MIC worldwide. It promises to be a melting pot of cultures, with a notable presence of artists and professionals among the attendees.




For detailed information and participation queries, interested individuals are encouraged to contact:

*** Sabu Thomas, President, AMICOS North America: +1 (630) 890-5045**
*** Jimmy Kulangara, Convention Chairman: +1 (469) 371-0638**
*** Sujan Kakkanatt, Convention Co-Chair: +1 (682) 564-4182**

Further details can be found on the official website **www.-amicosna.org** and inquiries can be sent to **info@amicosna.org.**

Parent AMICOS website: **www.amicos.in**

*The upcoming AMICOSNA convention promises to be a grand celebration of the past, present, and future of Mar Ivanios College and its alumni, encapsulating the spirit of togetherness and the pursuit of excellence that the college has always stood for.*



# വ്യവസായവകുപ്പിനു കീഴിൽ വാണിജ്യത്തിനു പ്രത്യേക വിഭാഗം

തിരുവനന്തപുരം: കേരളത്തിലെ ചില്ലറവ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പിനു കീഴിൽ വാണിജ്യത്തിന് പ്രത്യേക വിഭാഗം രൂപീകരിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. വാണിജ്യവകുപ്പ് രൂപീകരിക്കുന്നതിനു മുന്നോടിയായുള്ള നടപടിയാണു സ്വീകരിച്ചതെന്നു മന്ത്രി പി. രാജീവ് പറഞ്ഞു.

നവകേരള സദസിൽ വ്യാപാരി-വ്യവസായി ഏകോപന സമിതി അടക്കമുള്ളവരുടെ ആവശ്യം പരിഗണിച്ചാണു നടപടി. സംരംഭങ്ങളെ നവീകരിക്കുന്നതിനും ശേഷി വികസനവും സാങ്കേതികവിദ്യ ഏറ്റെടുക്കലും ക്ലസ്റ്റർ വികസനവും അടക്കമുള്ളവയ്ക്ക് കൈത്താങ്ങാകുകയാണു ലക്ഷ്യം.

ഇന്ത്യയിലും വിദേശത്തുമുള്ള പ്രധാന വ്യാപാര മേളകളിലും പ്രദർശനങ്ങളിലും പങ്കെടുക്കാൻ സംരംഭകർക്കു പിന്തുണയും സഹായവും നൽകും.

ബിസിനസുകാർക്കും സംരംഭകർക്കും ദേശീയ-അന്തർദേശീയ വിപണികളെക്കുറിച്ചു പഠിക്കാൻ അവസരമൊരുക്കും. ഇവിടെ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ, സേവനങ്ങൾ, സാങ്കേതിക വിദ്യകൾ എന്നിവയ്ക്കു വിപണന സാധ്യത ദേശീയ-അന്തർദേശീയ തലത്തിൽ ഒരുക്കുക തുടങ്ങിയവയാണു ലക്ഷ്യം.

സെക്രട്ടേറിയറ്റിലെ വ്യവസായവകുപ്പിൽ വാണിജ്യ ആവശ്യത്തിന് പ്രത്യേക വിഭാഗവും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ പ്രത്യേക വാണിജ്യ ഡിവിഷനും സ്ഥാപിക്കും. ട്രേഡ് പ്രമോഷൻ ഏകോപിപ്പിക്കാൻ കേന്ദ്ര സർക്കാരിന് പ്രത്യേക വാണിജ്യ വകുപ്പുണ്ട്. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തസ്തിക വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായി പുനഃക്രമീകരിക്കും. വ്യാപാര-വാണിജ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യാൻ സെക്രട്ടേറിയറ്റിലെ വ്യവസായ വകുപ്പിനു കീഴിൽ അണ്ടർ സെക്രട്ടറിയെ നിയോഗിക്കും. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലും ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ചുമതലകളും ഉത്തരവാദിത്വങ്ങളും പുനഃക്രമീകരിക്കും.

വാണിജ്യത്തിനായി ഐ.എ.എസ്. കേഡറിലെ സ്പെഷൽ ഓഫീസർ, കൊമേഴ്സ് ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ ഒന്നു വീതം, എല്ലാ ജില്ലാ വ്യവസായ കേന്ദ്രത്തിലും മാനേജർ (കോമേഴ്സ്), ക്ലറിക്കൽ സ്റ്റാഫ് അംഗങ്ങളെയും അധികമായി കണ്ടെത്തും. എല്ലാ തസ്തികയും പുനർവിന്യാസം വഴിയാണു നികത്തുക.

# യാക്കോബായ സഭയ്ക്ക് ഏഴ് പുതിയ റമ്പാൻമാർ

കോട്ടയം: യാക്കോബായ സഭയ്ക്ക് പുതുതായി ഏഴ് റമ്പാൻമാരെ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവാ വാഴിക്കും. ഫെബ്രുവരി ഏഴിന് പരിശുദ്ധ ബാവാ തൂത്തൂട്ടിയിലെത്തും. എട്ടിനു രാവിലെ തൂത്തൂട്ടി മാർ ഗ്രിഗോറിയൻ ധ്യാനകേന്ദ്രത്തിൽ കുർബാന അർപ്പിക്കും.

തുടർന്നു നടക്കുന്ന ശുശ്രൂഷയിൽ ഫാ. ജോർജ് വയലിപ്പറമ്പിൽ, ഫാ. മാത്യു ജോൺ പൊക്കതയിൽ, ഫാ. വർഗീസ് കുറ്റിപുഴയിൽ, ഫാ. ഡോ. കുര്യാക്കോസ് കൊള്ളന്നൂർ, ഫാ. ജോഷി വെട്ടിക്കാട്ടിൽ, ഫാ. പി.കെ. കുര്യൻ, ഫാ. കുര്യാക്കോസ് ജോൺ എന്നിവരെയാണു റമ്പാൻമാരായി വാഴിക്കുന്നത്.



ഫാ. ജോർജ് വയലിപ്പറമ്പിൽ | ഫാ. മാത്യു ജോൺ പൊക്കതയിൽ | ഫാ. വർഗീസ് കുറ്റിപുഴയിൽ | ഫാ. ഡോ. കുര്യാക്കോസ് കൊള്ളന്നൂർ | ഫാ. ജോഷി വെട്ടിക്കാട്ടിൽ | ഫാ. പി.കെ. കുര്യൻ | ഫാ. കുര്യാക്കോസ് ജോൺ

ഫാ. ജോർജ് വയലിപ്പറമ്പിൽ: ഓസ്ട്രേലിയയുടെ നിയുക്ത മെത്രാപ്പൊലീത്ത. അങ്കമാലി അകപ്പറമ്പ് മാർ ശാബോർ അഫ്രോത്ത് യാക്കോബായ സുറിയാനിപ്പള്ളി ഇടവകയിൽ പൈനാടത്ത് വർക്കി മത്തായിയുടെയും ഓമനയുടെയും മകൻ. 2007 ഏപ്രിൽ 28-നു കശീശ സ്ഥാനം സ്വീകരിച്ചു. 22 ഇടവകകളിൽ വികാരിയായി സേവനം ചെയ്തു. വിദേശത്ത് മൂന്നിലധികം കോൺഗ്രിഗേഷൻ സ്ഥാപിച്ചു. ഇപ്പോൾ വടവാതൂർ പൊന്തിഫിക്കൽ സെമിനാരിയിൽ പിഎച്ച്.ഡി. ചെയ്യുന്നു.

ഫാ. മാത്യു ജോൺ പൊക്കതയിൽ: അങ്കമാലി നടുവട്ടം സെന്റ് മേരീസ് യാക്കോബായ സുറിയാനിപ്പള്ളി ഇടവകയിൽ പൊക്കതയിൽ യോഹന്നാന്റെയും സാറാക്കുട്ടിയുടെയും മകൻ. 1999-ൽ കശീശ സ്ഥാനം സ്വീകരിച്ചു. എട്ട് പള്ളികളിൽ ശുശ്രൂഷ ചെയ്തു. ഇപ്പോൾ പൗരസ്ത്യ സുവിശേഷ സമാജം കർണാടക മേഖലാ വൈസ് പ്രസിഡണ്ട്.

ഫാ. വർഗീസ് കുറ്റിപുഴയിൽ: ഇടുക്കി രാജകുമാരി സെന്റ് ജോൺസ് യാക്കോബായ സുറിയാനിപ്പള്ളി ഇടവകയിൽ കുറ്റിപ്പുഴയിൽ ജോസഫിന്റെയും ശോശാമ്മ ജോസഫിന്റെയും മകൻ. 2003 ജൂൺ അഞ്ചിനു കശീശ സ്ഥാനം സ്വീകരിച്ചു. 14 പള്ളികളിൽ ശുശ്രൂഷ ചെയ്തു. ഇപ്പോൾ പൗരസ്ത്യ സുവിശേഷ സമാജം അതിഭദ്രാസനം സെക്രട്ടറി.

ഫാ. ഡോ. കുര്യാക്കോസ് കൊള്ളന്നൂർ: കോയമ്പത്തൂർ സെന്റ് മേരീസ് യാക്കോബായ സുറിയാനിപ്പള്ളി ഇടവകയിൽ കൊള്ളന്നൂർ ഇട്ടി മാത്യുവിന്റെയും ചിന്നമ്മ മാത്യുവിന്റെയും മകൻ. റോമിലെ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു പി.എച്ച്.ഡി. നേടി. 2006 ജൂൺ രണ്ടിനു കശീശ സ്ഥാനം സ്വീകരിച്ചു. 10 ഇടവകകളിൽ വികാരിയായി സേവനം ചെയ്തു. ഇപ്പോൾ ഇടുക്കി തട്ടേക്കണ്ണി സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളി വികാരി. മുളന്തുരുത്തി എം.എസ്.ഒ.ടി. സെമിനാരിയിൽ അധ്യാപകനുമാണ്.

ഫാ. ജോഷി വെട്ടിക്കാട്ടിൽ: വയനാട് അമ്പുകുത്തി സെന്റ് മേരീസ് യാക്കോബായ സുറിയാനിപ്പള്ളി ഇടവകയിൽ വെട്ടിക്കാട്ടിൽ മാർക്കോസിന്റെയും മേരിയുടെയും മകൻ. 2007 മാർച്ച് നാലിനു കശീശ സ്ഥാനം സ്വീകരിച്ചു. ഇപ്പോൾ യൂറോപ്പ് അതിഭദ്രാസനം സെക്രട്ടറി. ഒപ്പം വിയന്ന യൂണിവേഴ്സിറ്റിയിൽ ഗവേഷണം നടത്തുന്നു.

ഫാ. പി.കെ. കുര്യൻ: ഇടുക്കി കട്ടപ്പന സെന്റ് ജോർജ് യാക്കോബായ സുറിയാനിപ്പള്ളി ഇടവകയിൽ പുതിയപുരയിടത്തിൽ പി.എസ്. കുര്യന്റെയും സാറാമ്മ കുര്യന്റെയും മകൻ. 2008 മേയ് 29-നു കശീശ സ്ഥാനം സ്വീകരിച്ചു. 16 പള്ളികളിൽ സേവനം ചെയ്തു. ഇപ്പോൾ മാർ ഗ്രിഗോറിയൻ ധ്യാനകേന്ദ്രത്തിലും മാർ അന്തോണിയോസ് മൊണാസ്ട്രിയിലും ശുശ്രൂഷ ചെയ്യുന്നു.

ഫാ. കുര്യാക്കോസ് ജോൺ: പിറവം രാജാധിരാജ സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രൽ ഇടവകയിൽ പറയൻകുഴിയിൽ പരേതനായ യോഹന്നാന്റെയും ഏലിയാമ്മയുടെയും മകൻ. 2017 നവംബർ രണ്ടിനു കശീശ സ്ഥാനം സ്വീകരിച്ചു. അഞ്ച് പള്ളികളിൽ ശുശ്രൂഷ ചെയ്തു. ഇപ്പോൾ മാർ ഗ്രിഗോറിയൻ ധ്യാനകേന്ദ്രത്തിലും മാർ അന്തോണിയോസ് മൊണാസ്ട്രിയിലും ശുശ്രൂഷ ചെയ്യുന്നു.

# അദാനിക്കെതിരെ രാജസ്ഥാൻ സർക്കാർ

ന്യൂഡൽഹി: സർച്ചാർജ് അടയ്ക്കാൻ വൈകിയതുമായി ബന്ധപ്പെട്ട തർക്കത്തിൽ നിയമം മറികടക്കാൻ അദാനി പവർ ലിമിറ്റഡ് വളഞ്ഞ വഴി സ്വീകരിക്കുന്നെന്ന് രാജസ്ഥാൻ സർക്കാരിന്റെ വൈദ്യുതിവിതരണ കമ്പനിയായ ജയ്പുർ വിദ്യുത് വിതരൺ നിഗം ലിമിറ്റഡ് സുപ്രീംകോടതിയിൽ. എന്നാൽ, നാടകം കളിക്കുകയാണ് രാജസ്ഥാൻ സർക്കാരെന്ന് അദാനിയുടെ അഭിഭാഷകൻ തിരിച്ചടിച്ചു. ജയ്പുർ വിദ്യുത് വിതരൺ നിഗം ലിമിറ്റഡിനായി അഭിഭാഷകൻ ദുഷ്യന്ത് ദവെയും അദാനി പവറിനായി അഭിഷേക് മനു സിംഘ്വിയുമാണ് ഹാജരായത്. ജസ്റ്റിസുമാരായ അനിരുദ്ധ ബോസ്, പി.വി. സഞ്ജയ് കുമാർ എന്നിവരടങ്ങിയ ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്.

കേസ് കോടതിക്ക് പുറത്തു തീർപ്പാക്കുന്നത് പരിഗണിക്കണമെന്ന് ഇരുകക്ഷികളോടും ആവശ്യപ്പെട്ട ബെഞ്ച് വാദം മറ്റൊരുദിവസത്തേക്കു മാറ്റി.

വൈദ്യുതി കമ്പനിയായ അദാനി പവർ രാജസ്ഥാൻ ലിമിറ്റഡും ജയ്പുർ വൈദ്യുത് വിതരൺ നിഗം ലിമിറ്റഡ് എന്ന രാജസ്ഥാൻ സർക്കാർ കമ്പനിയും (ജെ.വി.വി.എൻ.എൽ.) തമ്മിലുള്ള കേസാണ് കോടതി പരിഗണിക്കുന്നത്. 2020 ഓഗസ്റ്റ് 31-ന് തീർപ്പാക്കിയ കേസ് ഉത്തരവുകൾക്കായി വീണ്ടും പട്ടികപ്പെടുത്തിയെന്ന് ചൂണ്ടിക്കാട്ടി.

രജിസ്ട്രി സെക്രട്ടറി ജനറലിന് രാജസ്ഥാൻ കമ്പനി കത്തയച്ചു. കേസിൽ അന്തിമവിധിയുണ്ടായിട്ടും അദാനി പവർ നൽകിയ അപേക്ഷ തെറ്റായി പട്ടികപ്പെടുത്തിയെന്ന ആരോപണങ്ങളിൽ കഴിഞ്ഞ ജനുവരിയിൽ സുപ്രീം കോടതി രജിസ്ട്രിയോട് റിപ്പോർട്ട് തേടി.

കൃത്യമായ ജുഡീഷ്യൽ ഉത്തരവുകൾ നൽകിയിട്ടും കേസ് ലിസ്റ്റ് ചെയ്യാത്തതിൽ കോടതി രജിസ്ട്രിയെ രൂക്ഷ ഭാഷയിൽ വിമർശിച്ചു.







# കാഞ്ഞിരപ്പള്ളി അമൽജ്യോതി എൻജിനീയറിംഗ് കോളജും ചിക്കാഗോയിലെ എൽമസ്റ്റ് യൂണിവേഴ്സിറ്റിയും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചു

അക്കാദമിക് വികസനം, ഇന്നോവേഷൻ, ഇന്റേൺഷിപ്പ് തുടങ്ങിയ മേഖലകളിൽ സഹകരണം സാദ്ധ്യമാക്കുകയാണ് കരാറിന്റെ ലക്ഷ്യം. മാസ്റ്റർ ഓഫ് സയൻസ് ഡാറ്റ അനലിറ്റിക്സ് പ്രോഗ്രാം വഴി കുട്ടികൾക്ക് ആദ്യവർഷം അമൽജ്യോതിയിലും രണ്ടാംവർഷം അമേരിക്കയിലും പഠനം നടത്താം.

അദ്ധ്യാപനം, ഗവേഷണം, കോഴ്സുകൾ, പ്രോജക്ട് ഡെവലപ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽ പരസ്പര സഹകരണം ഉറപ്പാക്കാൻ കരാറിൽ ധാരണയുണ്ട്. അമൽജ്യോതി കാമ്പസിൽ നടന്ന ചടങ്ങിൽ ബിഷപ് മാർ ജോസ് പുളിക്കൽ, എൽമസ്റ്റ് യൂണിവേഴ്സിറ്റി പ്രസിഡണ്ട് ഡോ. ട്രോയ് വാനയിക്കണ്ണ് എന്നിവർ തമ്മിൽ ധാരണാപത്രം കൈമാറി. കോളജ് മാനേജിംഗ് ട്രസ്റ്റി ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, മാനേജർ റവ.ഡോ. മാത്യു പായിക്കാട്ട്, ഡയറക്ടർ ഡോ. ഇസഡ്. വി. ളാകപ്പറമ്പിൽ, എൽമസ്റ്റ് യൂണിവേഴ്സിറ്റി കംപ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ സിസ്റ്റംസ് വകുപ്പ് മേധാവി ഡോ. ജെയിംസ് കുളിച്ച്, പ്രൊഫ. ജോബി ഏബ്രഹാം ഓളിയിൽ, അമൽജ്യോതി കംപ്യൂട്ടർ എഞ്ചിനീയറിംഗ് വിഭാഗം മേധാവി ഡോ. ജൂബി മാത്യു തുടങ്ങിയവർ പ്രസംഗിച്ചു.

ബി.ടെക്, എംസിഎ, എം.എസ്സി കഴിഞ്ഞവർക്ക് എം.എസ്. ഡാറ്റ അനലിറ്റിക്സ് കോഴ്സിന് ചേരാം. ആദ്യവർഷം പഠനം വിജയകരമായി പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾക്ക് പോസ്റ്റ്ഗ്രാജുവേറ്റ് സർട്ടിഫിക്കറ്റ് ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡാറ്റാ സയൻസ് സർട്ടിഫിക്കറ്റ് നല്കും. ആദ്യവർഷം ടോഫൽ, ഐഇഎൽടിഎസ് പോലെയുള്ള ഇംഗ്ലീഷ് ടെസ്റ്റുകൾക്കുള്ള പരിശീലനവും ഉണ്ടാകും. രണ്ടു വർഷത്തെ മാസ്റ്റർ ഓഫ് സയൻസ് പ്രോഗ്രാമിന് നേരിട്ടും അപേക്ഷിക്കാവുന്നതാണ്.

എൽമസ്റ്റ് യൂണിവേഴ്സിറ്റിയും അമേരിക്കൻ കമ്പനിയായ ടാബോർ ഇൻഫോടെക്കും (TABORIT) സംയുക്തമായി അമൽജ്യോതി കാമ്പസിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡാറ്റ അനലിറ്റിക്സ് ഇന്നോവേഷൻ ലാബിന് തുടക്കം കുറിച്ചു.

ഇൻഡസ്ട്രി പാർട്ട്ണേഴ്സുമായി സഹകരണാടിസ്ഥാനത്തിൽ അമൽജ്യോതിയിൽ കുട്ടികൾക്ക് ഇന്റർനാഷണൽ ലെവലിൽ ഉള്ള പ്രോജക്ടുകൾ ചെയ്യാനും ഇന്റേൺഷിപ് ചെയ്യാനും ഇതുവഴി സാധിക്കും. ഇതിന് നാന്ദികുറിച്ചുകൊണ്ട് കോട്ടയം കാരിത്താസ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. ഡോ. ബിനു കുന്നത്ത്, സീനിയർ ഓങ്കോളജി സർജൻ ഡോ. ജോജോ വി. ജോസഫ്, സിഒഒ ഡോ. അജിത് വേണുഗോപാലൻ എന്നിവരുമായി എൽമസ്റ്റ് യൂണിവേഴ്സിറ്റി, അമൽജ്യോതി പ്രതിനിധികൾ ചർച്ചകൾ നടത്തി പരസ്പര സഹകരണത്തിന് ധാരണയിൽ എത്തി.

എൽമസ്റ്റ് യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകരും ടാബോർ ഇൻഫോടെക്കിലെ ഡാറ്റ സയൻസ്, സോഫ്റ്റ്‌വെയർ എഞ്ചിനീയർമാരും കുട്ടികൾക്ക് പരിശീലനം നല്കും. അടുത്ത അക്കാഡമിക് വർഷത്തിൽ കോഴ്സുകൾ തുടങ്ങും.

പ്രവേശനത്തിന് താല്പര്യമുള്ളവർ വിളിക്കുക:
പ്രൊഫ. ടോം കുര്യൻ: +91 996 132 1426



**കാഞ്ഞിരപ്പള്ളി അമൽജ്യോതി കോളജ് ഓഫ് എൻജിനീയറിംഗും ചിക്കാഗോയിലെ എൽമസ്റ്റ് യൂണിവേഴ്സിറ്റിയും തമ്മിലുള്ള ധാരണാപത്രം ബിഷപ് മാർ ജോസ് പുളിക്കൽ, എൽമസ്റ്റ് യൂണിവേഴ്സിറ്റി പ്രസിഡണ്ട് ഡോ. ട്രോയ് വാനയിക്കണ്ണിന് കൈമാറുന്നു. റവ.ഡോ. മാത്യു പായിക്കാട്ട്, ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, എൽമസ്റ്റ് ഡാറ്റ സയൻസ് ആൻഡ് അനലറ്റിക്സ് മേധാവി ഡോ. ജെയിംസ് കുളിച്ച്, പ്രൊഫ. ജോബി ഏബ്രഹാം ഓളിയിൽ, ഡോ. ഇസഡ് വി. ളാകപ്പറമ്പിൽ, ഡോ. ജൂബി മാത്യു എന്നിവരാണ് സമീപം.**























# പത്മശോഭയിൽ ഒൻപത് മലയാളികൾ

ന്യൂഡൽഹി: മുൻ ഉപരാഷ്ട്രപതി എം. വെങ്കയ്യ നായിഡു, നർത്തകിയും നടിയുമായ വൈജയന്തിമാല ബാലി, നർത്തകി പത്മ സുബ്രഹ്മണ്യം, തെലുങ്ക് നടൻ ചിരഞ്ജീവി, സാമൂഹിക പ്രവർത്തകൻ അന്തരിച്ച ബിന്ദേശ്വർ പാഠക് എന്നിവർക്കു പത്മവിഭൂഷൺ ബഹുമതി.

മലയാളികളായ സുപ്രീം കോടതി മുൻ ജഡ്ജി എം. ഫാത്തിമാ ബീവി (മരണാനന്തരം), ബി.ജെ.പി. നേതാവ് ഒ. രാജഗോപാൽ, ഗായിക ഉഷാ ഉതുപ്പ് എന്നിവരടക്കം 17 പേർക്ക് പത്മഭൂഷൺ. അശ്വതി തിരുനാൾ ഗൗരി ലക്ഷ്മീബായി (സാഹിത്യം, വിദ്യാഭ്യാസം), കഥകളി ആചാര്യൻ സദനം ബാലകൃഷ്ണൻ, തെയ്യം കലാകാരൻ ഇ.പി. നാരായണൻ, കാസർകോട്ടെ പരമ്പരാഗത നെൽക്കർഷകൻ സത്യനാരായണ ബെലരി, പി. ചിത്രൻ നമ്പൂതിരിപ്പാട് (സാഹിത്യം, മരണാനന്തരം), മുനി നാരായണ പ്രസാദ് (സാഹിത്യം) എന്നീ മലയാളികളടക്കം 110 പേർക്ക് പത്മശ്രീ.

അന്തരിച്ച തമിഴ് നടൻ വിജയകാന്ത്, ബോളിവുഡ് നടൻ മിഥുൻ ചക്രവർത്തി, മഹാരാഷ്ട്രയിലെ മാധ്യപ്രവർത്തകരായ ഹോർമുസ്ജി എൻ. കാമ, കുന്ദൻ വ്യാസ്, തയ്‌വാൻ കമ്പനി ഫോക്സ്കോൺ സി.ഇ.ഒ. യങ് ലിയു എന്നിവരും പത്മഭൂഷൺ പട്ടികയിലുണ്ട്. കായികതാരങ്ങളായ രോഹൻ ബൊപ്പണ്ണ (ടെന്നിസ്), ജോഷ്ന ചിന്നപ്പ (സ്ക്വാഷ്), തമിഴ് സാഹിത്യകാരൻ ജോ. ഡിക്രൂസ്, ഇന്ത്യയിലെ ആദ്യ വനിതാ പാപ്പാൻ അസമിലെ പാർബതി ബറുവ എന്നിവർക്കും പത്മശ്രീയുണ്ട്. പത്മ പുരസ്കാരങ്ങളിൽ ഒൻപത് എണ്ണം മരണാനന്തര ബഹുമതിയാണ്. ജേതാക്കളിൽ 30 പേർ വനിതകളും എട്ട് പേർ വിദേശ ഇന്ത്യക്കാരുമാണ്.


അശ്വതി തിരുനാൾ ഗൗരി ലക്ഷ്മീ ബായി (പത്മശ്രീ)


പി. ചിത്രൻ നമ്പൂതിരിപ്പാട് (പത്മശ്രീ)


ഒ. രാജഗോപാൽ (പത്മഭൂഷൺ)


ജസ്റ്റിസ് ഫാത്തിമാ ബീവി (പത്മഭൂഷൺ)


ഉഷാ ഉതുപ്പ് (പത്മഭൂഷൺ)

## രക്താർബുദം ഭേദമാക്കാൻ ഗംഗയിൽ മുക്കിയ കുട്ടി മരിച്ചു

ഹരിദ്വാർ: രക്താർബുദം ഭേദമാക്കാനെന്ന പേരിൽ മാതാപിതാക്കളുടെ നേതൃത്വത്തിൽ ഗംഗാനദിയിൽ മുക്കിയ അഞ്ചു വയസുകാരൻ മരിച്ചു. ഡൽഹി സ്വദേശികളായ ദമ്പതികളുടെ മകനാണ് മാതാപിതാക്കളുടെ അന്ധവിശ്വാസംമൂലം ദാരുണമായി മരിച്ചത്.

ഉത്തരാഖണ്ഡിലെ ഹരിദ്വാറിനടുത്ത് ഹാർകിപോരിയിലാണ് സംഭവം. മാതാപിതാക്കൾക്കൊപ്പം ഇവരുടെ ബന്ധുവായ മറ്റൊരു സ്ത്രീയും കുട്ടിക്കൊപ്പം ഡൽഹിയിൽ നിന്നും എത്തിയിരുന്നു. പലതവണ ഗംഗയിലെ തണുത്ത വെള്ളത്തിൽ മുക്കിയ കുട്ടി മരിച്ചതറിഞ്ഞിട്ടും കുട്ടി എഴുന്നേൽക്കുമെന്നും ഇതു തന്റെ വാഗ്ദാനമാണെന്നും പറഞ്ഞ് സംഘത്തിലെ സ്ത്രീ കുട്ടിയുടെ മൃതദേഹവുമായി നിൽക്കുന്ന വീഡിയോ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്.

ഈ സ്ത്രീ കുട്ടിയെ ഗംഗയിൽ മുക്കുമ്പോൾ മാതാപിതാക്കൾ പ്രാർത്ഥനാമന്ത്രങ്ങൾ ഉരുവിടുന്നതും വീഡിയോയിൽ കാണാം. അവശനായ കുട്ടിയെ കൂടുതൽ സമയം തണുത്ത വെള്ളത്തിൽ മുക്കിനിർത്തുന്നത് സമീപത്തുണ്ടായിരുന്നവർ ചോദ്യം ചെയ്തെങ്കിലും സ്ത്രീ വഴങ്ങിയില്ലത്രേ. വിവരമറിഞ്ഞു സ്ഥലത്തെത്തിയ പോലീസ് കുട്ടിയെ ആശുപത്രിയിലേക്കു മാറ്റിയെങ്കിലും കുട്ടി മരിച്ചിരുന്നു. സംഘത്തിലെ മൂന്നു പേർക്കുമെതിരെ കേസെടുത്ത് അന്വേഷണം ആരംഭിച്ചു. ഡൽഹിയിലെ ഗംഗാറാം ആശുപത്രിയിൽ കുട്ടി ചികിത്സയിലായിരുന്നെന്നും ചികിത്സ ഫലിക്കാതിരുന്നതിനാൽ ഡോക്ടർമാർ കൈയൊഴിഞ്ഞെന്നും അതിനാലാണ് ബന്ധുവിന്റെ നിർദേശപ്രകാരം ഹരിദ്വാറിലെ പുണ്യനദിയായ ഗംഗയിൽ മുങ്ങിക്കുളിക്കാൻ കൊണ്ടുവന്നതെന്നും ദമ്പതികൾ പറഞ്ഞു.

# ഇന്ത്യയുടെ മതനിരപേക്ഷതയും സഹിഷ്ണുതയും ലോകത്തിന് മാതൃക: പാത്രിയർക്കീസ് ബാവാ

ബെംഗളൂരു: ആഗോള സമൂഹത്തിന് ഇന്ത്യയുടെ മതനിരപേക്ഷതയും സഹവർത്തിത്വവും സഹിഷ്ണുതയും മാതൃകയാണെന്നും രാഷ്ട്രീയ, മത നേതാക്കൾ ഇതു കൂടുതൽ ഊഷ്മളമാക്കണമെന്നും പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവാ പറഞ്ഞു. ലോകത്ത് വിവിധയിടങ്ങളിൽ യുദ്ധക്കെടുതി നേരിടുമ്പോൾ, സമാധാനം ഏറെയുള്ള ഇന്ത്യ കൂടുതൽ പുരോഗതി കൈവരിക്കട്ടെയെന്നും ആശീർവദിച്ചു.

യെലഹങ്കയിൽ സെന്റ് ബേസിൽ യാക്കോബായ പള്ളിയുടെ കൂദാശയും ഭദ്രാസന ആസ്ഥാന മന്ദിരത്തിന്റെ ശിലാസ്ഥാപനവും നിർവഹിക്കുകയായിരുന്നു അദ്ദേഹം.

നാലാം തവണ ഇന്ത്യയിലെത്തിയ പാത്രിയർക്കീസ് ബാവായ്ക്ക് വൻ വരവേൽപാണ് ബെംഗളൂരു വിമാനത്താവളത്തിൽ നൽകിയത്. കർണാടകയുടെ അതിഥിയായാണ് അദ്ദേഹമെത്തിയത്.

മലങ്കര മെത്രാപ്പൊലീത്ത ജോസഫ് മാർ ഗ്രിഗോറിയോസ്, ബെംഗളൂരു-മൈലാപ്പൂർ ഭദ്രാസനാധിപൻ ഐസക് മാർ ഒസ്താത്തിയോസ്, ഡോ. കുര്യാക്കോസ് മാർ തെയോഫിലോസ്, കുര്യാക്കോസ് മാർ ദിയസ്കോറോസ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു സ്വീകരണം.


ബാംഗ്ലൂർ ഭദ്രാസനത്തിലെ യെലഹങ്ക സെന്റ് ബേസിൽ യാക്കോബായ സുറിയാനി ഓർത്തഡോക്സ് പള്ളിയിൽ പരിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവായ്ക്കു നല്കിയ സ്വീകരണം






# പാലാ കെ.എം. മാത്യു ജന്മദിന സമ്മേളനവും ബാലസാഹിത്യ അവാർഡ് സമർപ്പണവും

ദ്രോണാചാര്യരുടെ ശിഷ്യത്വം സ്വീകരിച്ച ഏകലവ്യനെപ്പോലെ പാലാ കെ.എം. മാത്യുവിന്റെ ശിഷ്യത്വം താൻ ഏൽക്കുകയായിരുന്നുവെന്ന് കേരള ലോകായുക്ത ജസ്റ്റീസ് സിറിയക് ജോസഫ് പറഞ്ഞു. പാലാ കെ.എം. മാത്യു ജന്മദിന സമ്മേളനവും കേരളത്തിലെ ഏറ്റവും നല്ല ബാലസാഹിത്യത്തിനുള്ള അവാർഡ് സമർപ്പണവും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മാത്യുസാറിന്റെ ഗാന്ധിദർശനവും മൂല്യബോധവും ഉൾക്കൊണ്ട് അതിൽനിന്നും ആവേശത്തോടെ രാഷ്ട്രീയം വേണ്ടെന്നുവെച്ച് പൊതുപ്രവർത്തനത്തിൽ ഇറങ്ങിയ ഒരാളാണ് ഞാൻ എന്ന് അദ്ദേഹം പറഞ്ഞു.

ഗുരുവിന്റെ തോളിൽ ശിഷ്യന്മാരെ കയറ്റി ഇരുത്തി അവരെ ഉന്നതങ്ങളിൽ എത്തിച്ചപ്പോഴും താഴെ നിന്നുകൊണ്ട് ആഹ്ലാദിക്കുകയും സന്തോഷിക്കുകയും ചെയ്യുകയും ഒരിക്കൽപോലും പരിഭവിക്കാതിരിക്കുകയും ചെയ്ത ഒരു മാതൃകാഗുരുവായിരുന്നു മാത്യു സാറെന്ന് ജസ്റ്റിസ് സിറിയക് ജോസഫ് പറഞ്ഞു. വിവിധ മണ്ഡലങ്ങളിൽ ശിഷ്യസമ്പത്തുള്ള അദ്ദേഹം ഒരിക്കലും ഒരു രാഷ്ട്രീയപാർട്ടിയോടും ആഭിമുഖ്യം കാണിക്കത്തക്ക രീതിയിൽ തന്നോട് സംസാരിച്ചിട്ടു പോലുമില്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.











ഉൽകൃഷ്ടമായ പാരമ്പര്യ മൂല്യങ്ങളെ മുറുകെപ്പിടിച്ച് അത് തന്റെ ശിഷ്യന്മാർക്ക് നല്കിയ ഒരു വ്യക്തിയായിരുന്നു പാലാ കെ.എം. മാത്യുവെന്ന് സമ്മേളനത്തിന്റെ അദ്ധ്യക്ഷസ്ഥാനം വഹിച്ച ഫൗണ്ടേഷൻ ചെയർമാൻ ജോർജ് ഏബ്രഹാം പറഞ്ഞു. സൗമ്യനും ആദർശവ്യക്തതയും ഉള്ള ഒരു യഥാർത്ഥ ഗുരുവായിരുന്നു മാത്യുസാറെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. വ്യക്തിത്വ വികസനത്തിലൂടെ, സ്വഭാവ രൂപവൽക്കരണത്തിലൂടെ മാത്യുസാർ രൂപപ്പെടുത്തിയെടുത്ത യുവതലമുറ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ മണ്ഡലങ്ങളിൽ ഉന്നതിയിലെത്തിയിട്ടുണ്ടെന്നും ജോർജ് ഏബ്രഹാം പറഞ്ഞു.

കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച എം. വേണുകുമാറിന്റെ 'തമ്പുരാൻ കുന്നിലെ സിനിമാ വിശേഷങ്ങൾ' എന്ന കൃതിക്കാണ് അവാർഡ് ലഭിച്ചത്. 25000/- രൂപയുടെ കാഷ് അവാർഡും പ്രശസ്തിപത്രവുമാണ് അവാർഡ്. വേണുകുമാർ മറുപടി പ്രസംഗം ചെയ്തു. അവാർഡ് ജൂറി അംഗവും ബാലസാഹിത്യത്തിൽ ഡോക്ടറേറ്റ് എടുത്ത രാജഗിരി കോളജ് പ്രിൻസിപ്പൽ ഡോ. ലാലി യൂജിൻ അവാർഡ്കൃതി പരിചയപ്പെടുത്തി. കേരള സാഹിത്യ അക്കാഡമി അവാർഡ് ജേതാവും അനേകം കൃതികളുടെ രചയിതാവുമായ പാർവ്വതി, കോട്ടയം ബസേലിയസ് കോളജ് മലയാളവിഭാഗം അദ്ധ്യക്ഷൻ പ്രൊഫ. ഡോ. തോമസ് കുരുവിള എന്നിവരുമായിരുന്നു മറ്റു ജൂറി അംഗങ്ങൾ. പാലാ കെ.എം. മാത്യു ഫൗണ്ടേഷൻ ആരംഭിച്ച പ്രഭാഷണ പരമ്പരയിലെ പ്രഥമ പ്രഭാഷണം നടത്തിയത് കേരളത്തിലെ പ്രഗത്ഭനായ മോട്ടിവേഷണൽ പ്രസംഗകൻ വി.കെ. സുരേഷ് ബാബു ആയിരുന്നു. 'വളരുന്ന തലമുറ, തളരുന്ന സംസ്കാരം' എന്ന വിഷയമാണ് അദ്ദേഹം അവതരിപ്പിച്ചത്. തുടർന്ന് മുൻ കേരള ആഭ്യന്തരമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, മുൻ എംപിയും മുൻ എംഎൽഎയുമായ സുരേഷ് കുറുപ്പ്, ബിജെപി ദേശീയ കമ്മിറ്റി അംഗം ജി. രാമൻ നായർ എന്നിവർ അനുസ്മരണപ്രസംഗങ്ങൾ നടത്തി. ഫൗണ്ടേഷൻ എക്സി. ഡയറക്ടർ സോമു മാത്യു സമ്മേളനത്തിന് സ്വാഗതവും ഡയറക്ടർ കുര്യൻ ജോയി കൃതജ്ഞതയും പറഞ്ഞു.









KERALA EXPRESS പ്രവാസി താളുകൾ

# ബെൽവുഡ് മാർത്തോമാ ശ്ലീഹാ കത്തീഡ്രലിൽ വി. സെബസ്ത്യാനോസിന്റെ തിരുനാൾ ആഘോഷിച്ചു

ചിക്കാഗോ: ബെൽവുഡിലുള്ള മാർത്തോമാ ശ്ലീഹാ കത്തീഡ്രൽ ഇടവകയിൽ വി. സെബസ്ത്യാനോസിന്റെ രക്തസാക്ഷിത്വ തിരുനാൾ ഭക്ത്യാദരപൂർവം ആഘോഷിച്ചു. ജനുവരി 21-ന് 11.15-ന്റെ ആഘോഷമായ പാട്ടുകുർബാനയ്ക്ക് ഫാ. ഡൊമിനിക് കുറ്റിയാനി മുഖ്യകാർമ്മികത്വം വഹിച്ചു. ക്രൈസ്തവ വിശ്വാസത്തിനുവേണ്ടി ഏറെ പീഡകൾ ഏറ്റുവാങ്ങി രക്തസാക്ഷിയായ വിശുദ്ധന്റെ ജീവിതം ഇന്നും ഓരോ ക്രൈസ്തവ വിശ്വാസിക്കും ഏറെ അനുകരണീയമാണെന്ന് അച്ചൻ ഓർമ്മിപ്പിച്ചു.



ജനുവരി 14-ന് ഇടവകജനം ഭക്തിപൂർവം തങ്ങളുടെ ഭവനങ്ങളിലേക്ക് കൊണ്ടുപോയ വിശുദ്ധന്റെ കഴുന്ന് തിരികെ കൊണ്ടുവന്ന് നേർച്ചകാഴ്ചകൾ സമർപ്പിച്ച് വിശുദ്ധ ബലിയിൽ ഭക്ത്യാദരപൂർവം പങ്കെടുത്ത് വിശുദ്ധന്റെ അനുഗ്രഹങ്ങൾ യാചിച്ചു. ഇടവകയിലെ ഗായകസംഘം മനോഹരവും ഭക്തിനിർഭരവുമായ ഗാനങ്ങളിലൂടെ വിശുദ്ധ കുർബാനയിൽ വിശ്വാസികളുടെ പങ്കാളിത്തത്തെ ധന്യമാക്കി. പ്രതികൂല കാലാവസ്ഥയിലും വിശുദ്ധന്റെ കഴുന്നെടുക്കുന്നതിലും നേർച്ച അർപ്പിക്കുന്നതിനും അഭൂതപൂർവമായ തിരക്കാണ് അനുഭവപ്പെട്ടത്. ദിവ്യബലിക്കുശേഷം ലദീഞ്ഞ് ഉണ്ടായിരുന്നു.

വിശുദ്ധന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ട് ചെണ്ടമേളത്തോടെ ദേവാലയത്തിൽ നടത്തിയ പ്രദക്ഷിണത്തിന് കൈക്കാരന്മാരായ ബിജി സി. മാണി, സന്തോഷ് കാട്ടൂക്കാരൻ, വിവീഷ് ജേക്കബ്, ബോബി ചിറയിൽ, ഡേവിഡ് ജോസഫ്, ഷരോൺ തോമസ് എന്നിവർ നേതൃത്വം നല്കി.

ഈ വർഷത്തെ തിരുനാൾ ഏറ്റെടുത്തു നടത്തിയത് ഇടവകയിലെ അതിരമ്പുഴ നിവാസികളാണ്. ദിവ്യബലിക്കുശേഷം എല്ലാവർക്കും സ്നേഹവിരുന്നും ഉണ്ടായിരുന്നു.

# ബിഹാർ മുൻമുഖ്യമന്ത്രി കർപ്പൂരി ഠാക്കൂറിന് ഭാരതരത്ന

ന്യൂഡൽഹി: ബിഹാർ മുൻമുഖ്യമന്ത്രി കർപ്പൂരി ഠാക്കൂറിന് മരണാനന്തര ബഹുമതിയായി ഭാരത രത്ന പുരസ്കാരം പ്രഖ്യാപിച്ചു. പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനായി നടത്തിയ പ്രവർത്തനങ്ങൾ മുൻനിർത്തിയാണ് പുരസ്കാരം. അദ്ദേഹത്തിന്റെ ജന്മശതാബ്ദി ദിനമായ ജനുവരി 24-നോടനുബന്ധിച്ചായിരുന്നു രാഷ്ട്രപതിയുടെ ഓഫീസിൽ നിന്നുള്ള പ്രഖ്യാപനമെത്തിയത്.



സാമൂഹിക നീതിക്കായി നിലകൊണ്ട് കർപ്പൂരി ഠാക്കൂറിന് ഭാരതരത്ന നല്കാനുള്ള സർക്കാരിന്റെ തീരുമാനത്തിൽ ഏറെ സന്തോഷമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി എക്സിൽ കുറിച്ചു.

സോഷ്യലിസ്റ്റ് നേതാവായ ഠാക്കൂർ 1970 ഡിസംബർ 1971 ജൂൺ വരെയും 1977 ഡിസംബർ 1979 ഏപ്രിൽ വരെയുമാണ് ബിഹാർ മുഖ്യമന്ത്രിയായിരുന്നു. അന്ന് ഒബിസി വിഭാഗക്കാർക്കുള്ള മംഗേരിലാൽ കമ്മീഷൻ നിർദേശങ്ങൾ ഇദ്ദേഹത്തിന്റെ സർക്കാർ നടപ്പാക്കിയിരുന്നു. സർക്കാർ ജോലികളിൽ ഒബിസിക്കാർക്ക് സംവരണം നല്കണമെന്നായിരുന്നു കമ്മീഷന്റെ നിർദേശം.

അതേസമയം, ഇന്ത്യ മുന്നണിയിൽ ഇടഞ്ഞുനിൽക്കുന്ന ജെഡിയുവിനെ ലക്ഷ്യമിട്ടാണ് പുരസ്കാര പ്രഖ്യാപനമെന്ന വിമർശനം ഉയർന്നുകഴിഞ്ഞു. ഠാക്കൂറിന്റെ മകൻ രാംനാഥ് ഠാക്കൂർ നിതീഷ് കുമാറിന്റെ ജെ.ഡി.യുവിൽ നിന്നുള്ള രാജ്യസഭാ എംപിയാണ്.

# മേരിക്കുട്ടി മൈക്കിളിന്റെ 'ഇൻസ്പിരേഷണൽ തോട്സ്' ആൽബം പ്രകാശനം ചെയ്തു

ന്യൂയോർക്ക്: മേരിക്കുട്ടി മൈക്കിളിന്റെ 'ഇൻസ്പിരേഷണൽ തോട്സ്' എന്ന ആൽബത്തിന്റെ പ്രകാശനം തൊടുപുഴയിൽ റിവർ ടെറേസ് റിസോർട്ടിൽ വെച്ച് 2024 ജനുവരി 14-ന് അഡ്വ. മോൻസ് ജോസഫ് എംഎൽഎ പ്രകാശനം ചെയ്യുകയുണ്ടായി.

റവ.ഫാ. ജോസഫ് മാപ്പിളമാട്ടേൽ സിഎംഐ പ്രാർത്ഥന ചൊല്ലി. മേരിക്കുട്ടി മൈക്കിളിന്റെ പ്രാർത്ഥനാ ഗാനത്തോടു കൂടിയാണ് ചടങ്ങുകൾ ആരംഭിച്ചത്.

ഫൊക്കാനയുടെ മുൻ പ്രസിഡണ്ട് പോൾ കറുകപ്പള്ളിൽ, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരളാ ഘടകം പ്രസിഡണ്ട് ലീലാ മാരേട്ട്, റിവർ ടെറേസ് റിസോർട്ടിന്റെ മാനേജിങ് പാർട്നേഴ്സും ഉടമസ്ഥരുമായ സിറിൾ, ഷാന്റി മഞ്ചേരിൽ എന്നിവർ ഭദ്രദീപം കൊളുത്തിയാണ് ചടങ്ങിന് തുടക്കം കുറിച്ചത്.

ന്യൂയോർക്കിലെ സാമൂഹിക, സാംസ്കാരിക രംഗത്തെ നിറസാന്നിദ്ധ്യമായ മേരിക്കുട്ടി മൈക്കിൾ സാഹിത്യകാരി, ഗായിക, കലാകാരി, നർത്തകി, സംഘാടക എന്നീ നിലകളിൽ അറിയപ്പെടുന്ന വ്യക്തിത്വമാണ്.



അനുഗൃഹീത കലാകാരിയായ അവർ എന്നും മറ്റുള്ളവർക്ക് നന്മ ചെയ്യുവാനായിട്ട് മാത്രം ജീവിതം ഉഴിഞ്ഞുവെച്ചിട്ടുള്ള ഒരു വ്യക്തിത്വത്തിന്റെ ഉടമയാണെന്ന് ആൽബത്തിന്റെ പ്രകാശനം നടത്തിക്കൊണ്ട് അഡ്വ. മോൻസ് ജോസഫ് എംഎൽഎ അഭിപ്രായപ്പെട്ടു.

റവ.ഫാ. ജോസഫ് മാപ്പിളമാട്ടേൽ സിഎംഐ മേരിക്കുട്ടി മൈക്കിളിന്റെ പ്രവർത്തനങ്ങളെയും അവർ സമൂഹത്തിനു നല്കുന്ന സൽപ്രവൃത്തികളെയും പ്രകീർത്തിച്ചു സംസാരിക്കുകയുണ്ടായി. പോൾ കറുകപ്പള്ളിൽ, ലീലാ മാരേട്ട്, സിറിൾ, ഷാന്റി മഞ്ചേരിൽ, സജിനി രാജീവ് എന്നിവരും ആശംസകൾ അറിയിച്ചു സംസാരിച്ചു.

സാജൻ, മിനി (സാജ് റിസോർട്സ്, എറണാകുളം), സജി ഹെഡ്ജ് ബ്രോക്കറേജ് Inc, ഫൊക്കാന ലീഡർ ജോൺ ഐസക് തുടങ്ങി പ്രമുഖ വ്യക്തിത്വങ്ങളുടെയും നിരവധി സുഹൃത്തുക്കളുടെയും കുടുംബാംഗങ്ങളുടെയും സാന്നിദ്ധ്യത്തിൽ നടന്ന ഈ ചടങ്ങ് പ്രണവം മ്യൂസിക് ഗ്രൂപ്പിന്റെ




ഗാനമേളയോടും കലാപരിപാടികളോടും വിഭവസമൃദ്ധമായ അത്താഴത്തോടും കൂടി സമാപിച്ചു.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കോമേഴ്സ് കെ. സുധാകരന് സ്വീകരണം നല്കി

ഡോ. ജോർജ് എം. കാക്കനാട്



ഹൂസ്റ്റൺ: പൗരന്മാരെ സംരക്ഷിക്കുന്നതിൽ ലോകത്ത് മറ്റു രാജ്യങ്ങൾക്ക് അമേരിക്ക മാതൃകയാണെന്ന് കെ.പി.സി.സി അദ്ധ്യക്ഷൻ കെ. സുധാകരൻ. ഹൂസ്റ്റണിൽ സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കോമേഴ്സ് നല്കിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

യുഎസിൽ ആദ്യമായാണ് എത്തുന്നത്. ഇവിടെ എത്തിയതോടെ അമേരിക്കയെക്കുറിച്ചുള്ള സങ്കല്പങ്ങൾ മാറി. 'അമേരിക്ക റോൾമോഡൽ ടു വേൾഡ്' എന്നാണ് ഇപ്പോൾ മനസ്സിലാ



ക്കുന്നത്. ഈ രാജ്യത്തെ സർക്കാർ ഇന്ത്യയിൽ നിന്ന് കുടിയേറിയവരോട് അടക്കം കാട്ടുന്ന സ്നേഹവും കരുതലും അനുകമ്പയുമെല്ലാം ഇന്ത്യയിൽ സ്വപ്നത്തിൽ പോലും കാണാൻ കഴിയുന്നതല്ല. അത്ഭുതം തോന്നുകയാണ്. വിശാലമായ റോഡുകൾ, രമ്യഹർമ്മങ്ങൾ, ഓരോ പൗരന്റെയും ജീവിതത്തിൽ സർക്കാർ ഇടപെടുന്നു. ജോലി നഷ്ടപ്പെട്ട ചില മലയാളികളെ കണ്ടു. ജോലി പോയെങ്കിലും അവർക്ക് ജീവിക്കാനുള്ള എല്ലാ സൗകര്യങ്ങളും സർക്കാർ ഒരുക്കുന്നുണ്ട്. കേട്ടപ്പോൾ വലിയ സന്തോഷം തോന്നിയെന്നും സുധാകരൻ പറഞ്ഞു.

നാട്ടിലെ സ്ഥിതി എന്താണ്? മാറി മാറി വരുന്ന സർക്കാരുകൾ ജനങ്ങൾക്ക് എന്ത് മെച്ചമാണ് ചെയ്യുന്നത് എന്നു ചിന്തിച്ചു പോവുകയാണെന്നും സുധാകരൻ പറഞ്ഞു. യുഎസിൽ എത്തിയിട്ടും മലയാളികൾ കേരളത്തിലെയും ഇന്ത്യയിലെയും രാഷ്ട്രീയത്തെക്കുറിച്ച് ചർച്ച ചെയ്യുന്നത് ഭാഗ്യമായി കരുതുന്നു. ലോകത്ത് ഏത് ഭാഗത്താണെങ്കിലും സ്വന്തം മണ്ണിനെക്കുറിച്ച് ചിന്തിക്കാൻ സമയം കണ്ടെത്തുന്ന നിങ്ങളുടെ മനസ്സ് വിശാലമാണെന്നും അദ്ദേഹം പറഞ്ഞു.

യുഎസിലെ ഡോക്ടർമാരുടെ പെരുമാറ്റവും കൃത്യനിഷ്ഠയും കരുതലും ചികിത്സയ്ക്കായി അമേരിക്കയിൽ എത്തിയ തന്നെ ആശ്ചര്യപ്പെടുത്തിയതായും അദ്ദേഹം പറഞ്ഞു. നാട്ടിൽ മുഖ്യമന്ത്രിയുടെ തോന്നാസമാണ് നടക്കുന്നത്. പ്രതിഷേധിക്കുന്നവരെ അടിച്ചൊതുക്കുന്നു. ശബരിമലയിൽ 2000 പോലീസുകാരെ മാത്രമാണ് ഡ്യൂട്ടിക്ക് നിയോഗിച്ചത്. മുഖ്യമന്ത്രിക്ക് കാവൽ 6000 പോലീസുകാരാണ്. ശബരിമലയിൽ തിക്കിലും തിരക്കിലും ജനങ്ങൾ കുഴഞ്ഞുവീഴുകയാണ്. സർക്കാരിന് ഒന്നിനും സമയമില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

കോൺഗ്രസ് പാർട്ടി കേരളത്തിൽ തിരിച്ചുവരവിന്റെ പാതയിലാണെന്നും കോളജുകളിൽ കെ.എസ്.യു നേടിയ വിജയങ്ങൾ താൻ നല്കിയ സംരക്ഷണത്തിന്റെ ബലത്തിലാണെന്നും അദ്ദേഹം അവകാശപ്പെട്ടു. നേതാക്കന്മാർ ആത്മാർത്ഥമായി പ്രവർത്തിച്ചാൽ കേരളത്തിൽ കോൺഗ്രസ് മാത്രമേ കാണുകയുള്ളൂവെന്നും കെ. സുധാകരൻ ചൂണ്ടിക്കാട്ടി.

അമേരിക്കയിൽ ബിസിനസ്സുകാരെയെല്ലാം ഉൾപ്പെടുത്തി ഇത്രയും അച്ചടക്കത്തോടുകൂടി സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സ് എന്ന പ്രസ്ഥാനം മുന്നോട്ടു കൊണ്ടുപോകുന്ന ഭാരവാഹികളെ കെ. സുധാകരൻ അഭിനന്ദിച്ചു.

പൊന്നാടയും തലപ്പാവും അണിയിച്ചാണ് സുധാകരനെ സ്വീകരിച്ചത്. കണ്ണൂരിന്റെ രാഷ്ട്രീയ തട്ടകത്തിൽ വളർന്ന കെ. സുധാകരൻ കേരളത്തിലെ മുഴുവൻ കോൺഗ്രസ് പ്രവർത്തകരുടെയും പ്രതീക്ഷയാണെന്ന് അദ്ധ്യക്ഷനായിരുന്ന സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡണ്ട് ബേബി മണക്കുന്നേൽ പറഞ്ഞു. കെപിസിസി പ്രസിഡണ്ട് എന്ന നിലയിൽ അതിഥിയായി എത്തിയ സുധാകരൻ ഇനി മുഖ്യമന്ത്രി എന്ന നിലയിൽ എത്തട്ടെ എന്ന് മുഖ്യപ്രഭാഷണം നടത്തിയ ഡോ. ജോർജ് എം. കാക്കനാട് ആശംസിച്ചു.

ചേംബർ സെക്രട്ടറി ബ്രൂസ് കൊളമ്പേൽ, മുൻ പ്രസിഡണ്ടുമാരായ ജിജി ഓലിക്കൻ, സണ്ണി കാരിക്കൽ എന്നിവർ ആശംസാപ്രസംഗം നടത്തി. അസോസിയേറ്റ് സെക്രട്ടറി ചാക്കോ തോമസ് നന്ദി പറഞ്ഞു. മുൻ പ്രസിഡണ്ട് ജോർജ് കോളച്ചേരിയുടെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.


# വി. സെബസ്ത്യാനോസിന്റെ തിരുനാൾ ആഘോഷിച്ചു

ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: ചിക്കാഗോ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവകയിൽ വി. സെബസ്ത്യാനോസിന്റെ തിരുനാൾ ഭക്തിനിർഭരമായി ആഘോഷിച്ചു. വികാരി ഫാ. തോമസ് മുളവനാൽ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കി. പ്രതിസന്ധികൾക്കു മുമ്പിൽ ദൈവവിശ്വാസത്തിൽ ആഴപ്പെടാൻ വി. സെബസ്ത്യാനോസിനെപ്പോലെ നമുക്കു കഴിയണമെന്ന് തിരുനാൾ സന്ദേശത്തിൽ വികാരിയച്ചൻ പ്രത്യേകം അനുസ്മരിപ്പിച്ചു. ജെയ്സി ആൻഡ് ആനി പുതുശ്ശേരിൽ, ഫിലിപ്പ് ആൻഡ് ആൻസി കണ്ണോത്ര, ജോസഫ് ആൻഡ് ലിറ്റിൽ ഫ്ളവർ വാച്ചാച്ചിറ, ഏബ്രഹാം ആൻഡ് എൽസമ്മ പൂതത്തിൽ, കുഞ്ഞുമോൻ ആൻഡ് തങ്കമ്മ നെടിയകാലായിൽ എന്നിവരാണ് തിരുനാൾ ഏറ്റെടുത്തു നടത്തിയത്. ആഘോഷമായ വിശുദ്ധ കുർബാനയ്ക്കു ശേഷം പ്രത്യേക നേർച്ചയും അമ്മ വിരുന്നും ക്രമീകരിച്ചു.



## കാൽപാദം



ജെയിംസ് ചെട്ടിയാത്ത്

മഴ വന്നുപോയി-മാനം തെളിഞ്ഞു
മനസ്സിലെ ഓർമകൾ കിളിർത്തുവന്നു
ഒരുപിടി സുഖദുഃഖ ദിനങ്ങൾ ഉണ്ട്
ഉറങ്ങാത്ത നേരത്തു ഓർത്തുപോകും
ഞാൻ ഉറങ്ങാത്ത നേരത്ത് ഓർത്തുപോകും.
കൈകൾ വിറയ്ക്കുന്നു, കാലുകൾ ഇടറുന്നു
വാർദ്ധക്യം എന്നെ തേടിഅലയുന്നു
മനസ്സിന്റെ ശക്തി ഉണങ്ങാതിരിക്കാൻ
ദൈവഗീതങ്ങൾ കേൾക്കുന്നു ഞാൻ
എപ്പോഴും ദൈവഗീതങ്ങൾ കേൾക്കുന്നു ഞാൻ
വളവുള്ള വടി ഉണ്ടു വലത്തുകൈയ്യിൽ
പച്ചവരയുള്ള കൈതോർത്തു മറുകൈയ്യിൽ ഏന്തി
നാലുകെട്ടുള്ള വീടിന്റെ തിണ്ണയിൽ
ചുറ്റും നടക്കുന്നു കാൽപാദത്തെ നോക്കി
ഞാൻ ചുറ്റും നടക്കുന്നു കാൽപാദത്തെ നോക്കി
വീടിന്റെ പുറകിലെ ആനിമരത്തിൽ
അണ്ണാന്റെ കുഞ്ഞുങ്ങൾ ഓടിക്കളിക്കുമ്പോൾ
ഓർക്കും ഞാൻ എന്നുടെ കൗമാരപ്രായം
പലവട്ടം കയറിയമരത്തിന്റെ കൊമ്പിൽ
എന്നുടെ കാൽപാദം കാണുമോ ഇപ്പോഴും.

# കെ.എം. മാണിയുടെ 'ആത്മകഥ' പ്രകാശനം ചെയ്തു

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം: അര നൂറ്റാണ്ടിലേറെക്കാലം കേരള നിയമസഭാംഗവും മന്ത്രിയുമായിരുന്ന കെ.എം. മാണിയുടെ ആത്മകഥ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്തു. വളരെ സങ്കീർണ്ണമായ കാര്യങ്ങൾ പോലും ലളിതമായ ഭാഷയിൽ അവതരിപ്പിക്കുന്നതാണ് കെ.എം. മാണിയുടെ ആത്മകഥയെന്ന് മുഖ്യമന്ത്രി പറഞ്ഞു. അര നൂറ്റാണ്ടിലധികം കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന വ്യക്തിത്വമാണ്. ആത്മകഥയിൽ അര നൂറ്റാണ്ടിലെ കേരള ചരിത്രമാണ് തന്റേതായ വീക്ഷണകോണിൽ അവതരിപ്പിക്കുന്നത്. നാട്, നാട്ടുകാർ, സാമൂഹിക, സാമ്പത്തിക അവസ്ഥ തുടങ്ങി വർത്തമാനവും ഭാവിയും വായനക്കാരുമായി പങ്കുവെക്കപ്പെടുന്നതാകണം ആത്മകഥ. അത് അന്വർത്ഥമാക്കുന്ന പുസ്തകമാണ് കെ.എം. മാണിയുടേതെന്ന് മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. കെ.എം. മാണിയുടെ സമീപനം ആത്മകഥാരചയിതാക്കൾ മാതൃകയാക്കണം. കേരളത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഗവേഷകർക്കും വലിയ മുതൽക്കൂട്ടാണ് ഈ പുസ്തകം. 1950-നു ശേഷമുണ്ടായ എല്ലാ പ്രധാന സംഭവങ്ങളും ഇതിൽ പരാമർശിക്കുന്നു. അദ്ദേഹം അനുഭവിച്ച ഹൃദയവേദനകളും വ്യക്തമാക്കിയിട്ടുണ്ട്. സഭാനടപടികളിലെ പ്രാവീണ്യം, സംവാദങ്ങളിൽ പ്രകടമാക്കുന്ന വൈദഗ്ദ്ധ്യം, തർക്ക വിതർക്കങ്ങളിലെ അസാമാന്യശേഷി, നിയമവൈദഗ്ദ്ധ്യം, നിയമനിർമാണ പ്രക്രിയയിലെ മികവ്, കർഷകരുടെയും മലയോരത്തിന്റെയും പ്രശ്നങ്ങൾ ഉയർത്തുന്നതിലെ കഴിവ്, കേരളത്തിന്റെ ശബ്ദമാകാനുള്ള താത്പര്യം എന്നിവയാണ് കെ.എം. മാണിയെ വ്യത്യസ്തനാക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.



കെ.എം. മാണിയുടെ ആത്മകഥ മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീറിന് നല്കി പ്രകാശനം ചെയ്യുന്നു. ജോസ് കെ. മാണി, ജസ്റ്റിസ് സിറിയക് ജോസഫ്, മന്ത്രി റോഷി അഗസ്റ്റിൻ, പി.കെ. കുഞ്ഞാലിക്കുട്ടി, ബിനോയ് വിശ്വം, ഡോ. എൻ. ജയരാജ്, എം.വി. ശ്രേയാംസ്കുമാർ എന്നിവർ സമീപം.

തികച്ചും വൈകാരികമായ ഒരനുഭവമായിരുന്നു പുസ്തകപ്രകാശന ചടങ്ങെന്ന് മകൻ ജോസ് കെ. മാണി എംപി പറഞ്ഞു. അച്ചാച്ചനെ ഇന്നും ഹൃദയത്തിൽ സൂക്ഷിക്കുന്ന പ്രിയപ്പെട്ടവരുടെ സാന്നിദ്ധ്യത്തിലാണ് ആദരണീയനായ മുഖ്യമന്ത്രി ആത്മകഥ പ്രകാശനം നടത്തിയത്. അച്ചാച്ചന്റെ അസാന്നിദ്ധ്യം സംസ്ഥാനം വേദനയോടെ ഏറ്റുവാങ്ങുകയാണെന്ന മുഖ്യമന്ത്രിയുടെ വാക്കുകൾ ഹൃദയത്തിൽ തട്ടി. സംസ്ഥാനങ്ങളുടെ അധികാരങ്ങളിൽ കടന്നുകയറ്റം ഉണ്ടാകുമ്പോൾ ജനാധിപത്യ പോരാട്ടങ്ങൾക്ക് നേതൃത്വം നല്കാൻ കെ.എം. മാണിയെപ്പോലെ സംസ്ഥാനങ്ങളുടെ താത്പര്യങ്ങൾക്കായി ജീവിച്ചവരുടെ കുറവ് ഏറെ അനുഭവപ്പെടുന്നതായും ജോസ് കെ. മാണി കൂട്ടിച്ചേർത്തു.

നിയമസഭാ സ്പീക്കർ എ.എൻ. ഷംസീറാണ് പുസ്തകത്തിന്റെ ആദ്യപ്രതി ഏറ്റുവാങ്ങിയത്. ലോകായുക്ത ജസ്റ്റിസ് സിറിയക് ജോസഫ്, മന്ത്രി റോഷി അഗസ്റ്റിൻ, പി.കെ. കുഞ്ഞാലിക്കുട്ടി, ബിനോയ് വിശ്വം, ഡോ. എൻ. ജയരാജ്, എം.വി. ശ്രേയാംസ് കുമാർ എന്നിവർ ആശംസകൾ നേർന്നു. മന്ത്രിമാർ, എംഎൽഎമാർ, വിവിധ കക്ഷിനേതാക്കൾ, മാധ്യമപ്രവർത്തകർ, എഴുത്തുകാർ തുടങ്ങി കെ.എം. മാണിയെ സ്നേഹിക്കുന്നവരുടെ ഒരു സംഗമവേദിയായി ചടങ്ങ് മാറി.

**ഫോട്ടോ: ബിറ്റു ബ്യന്ദാവൻ**



മുഖ്യമന്ത്രി പിണറായി വിജയൻ



ജോസ് കെ. മാണി എംപി



ജസ്റ്റിസ് സിറിയക് ജോസഫ്



സ്പീക്കർ എ.എൻ. ഷംസീർ



മന്ത്രി റോഷി അഗസ്റ്റിൻ



ഡോ. എൻ. ജയരാജ്



ബിനോയ് വിശ്വം



പി.കെ. കുഞ്ഞാലിക്കുട്ടി



എം.വി. ശ്രേയാംസ്കുമാർ















# കോളജുകളിൽ കെ.എസ്.യു നേടിയ വിജയങ്ങൾ താൻ നല്കിയ സംരക്ഷണത്തിന്റെ ബലത്തിലാണെന്ന് കെ. സുധാകരൻ

**പി.പി. ചെറിയാൻ**

ഹൂസ്റ്റൺ: കോൺഗ്രസ് പാർട്ടി കേരളത്തിൽ തിരിച്ചുവരവിന്റെ പാതയിലാണെന്നും കോളജുകളിൽ കെ. എസ്.യു നേടിയ വിജയങ്ങൾ താൻ നല്കിയ സംരക്ഷണത്തിന്റെ ബലത്തിലാണെന്നും നേതാക്കന്മാർ ആത്മാർത്ഥമായി പ്രവർത്തിച്ചാൽ കേരളത്തിൽ കോൺഗ്രസ് മാത്രമേ കാണുകയുള്ളൂവെന്നും കെ.പി.സി.സി. പ്രസിഡണ്ട് കെ. സുധാകരൻ പറഞ്ഞു.




ഹ്രസ്വസന്ദർശനാർത്ഥം അമേരിക്കയിൽ എത്തിയ കെ.പി.സി.സി. പ്രസിഡണ്ട് കെ. സുധാകരൻ എം.പിക്ക് ആവേശോജ്വല സ്വീകരണം നല്കി ചെണ്ടമേളത്തിന്റെയും താലപ്പൊലിയുടെയും അകമ്പടിയോടെ സെ. തോമസ് കത്തീഡ്രൽ ദേവാലയ ഹാളിലേക്ക് പ്രവേശിച്ച നേതാവിനെ ധീരാ വീരാ കെ. സുധാകരാ, കണ്ണേ കരളേ കെ. സുധാകരാ വിളികളുമായി കോൺഗ്രസ് പ്രവർത്തകരും അണിനിരന്നപ്പോൾ ഹൂസ്റ്റണിലെ സ്വീകരണം അക്ഷരാർത്ഥത്തിൽ വേറിട്ട കാഴ്ചകളൊരുക്കി.







ജനുവരി 20-ന് ശനിയാഴ്ച വൈകുന്നേരം 6 മണിയോടു കൂടി ദേവാലയ പരിസരത്തേക്ക് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ കരുത്തനായ നേതാവിനെ കാണാൻ നൂറുകണക്കിനാളുകൾ ഒഴുകിയെത്തി. ചെണ്ടമേളത്തിന്റെയും താലപ്പൊലിയുടെയും അകമ്പടിയോടെ ഹാളിനുള്ളിലേക്ക് പ്രവേശിച്ച കെ. സുധാകരനെ പുഷ്പവൃഷ്ടി കൊണ്ടാണ് സദസ്സ് എതിരേറ്റത്.

ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് (ഒഐസിസി യുഎസ്എ) ഹൂസ്റ്റൺ ഡാളസ് ചാപ്റ്ററുകളുടെ ആഭിമുഖ്യത്തിൽ നടന്ന ചടങ്ങ് വൈവിദ്ധ്യമാർന്ന പരിപാടികൾ കൊണ്ട് വർണ്ണപ്പകിട്ടേകി. കലാപരിപാടികളോടെ ആരംഭിച്ച സംഗമത്തിൽ നൂപുര സ്കൂൾ ഓഫ് ഡാൻസിലെ നേസ, ആഞ്ജലീന, ഇസബെൽ എന്നിവർ അവതരിപ്പിച്ച ഭരതനാട്യം നയനമനോഹരമായിരുന്നു. ഹൂസ്റ്റണിലെ സുപ്രസിദ്ധ ഗായകരായ ഷിനു, റോഷി സി. മാലേത്ത് എന്നിവരുടെ ശ്രുതിമധുര ഗാനങ്ങൾ നേസ ചാക്കോയുടെ മനോഹര നൃത്തം എന്നിവയോടെ കലാപരിപാടികൾക്ക് സമാപനമായി.

തുടർന്ന് ഒഐസിസി യുഎസ്എ ജനറൽ സെക്രട്ടറി ജീമോൻ റാന്നി എംസിയായ മഞ്ജു മേനോനെ വേദിയിലേക്കു ക്ഷണിച്ചു. ദേശഭക്തിഗാനം, വന്ദേമാതരം, അമേരിക്കൻ/ഇന്ത്യൻ ദേശീയഗാനങ്ങളോടെ പരിപാടികൾക്ക് തുടക്കം കുറിച്ചു. ജുഅനിറ്റ ജോയ്, ജ്യോത്സ്ന ജോയ്, ക്രിസ്റ്റൽ റോസ് ജോസഫ്, ആനി ജോസ്, ഷീല ചെറു എന്നിവർ നേതൃത്വം നല്കി.







ഒഐസിസി യുഎസ്എ ജനറൽ സെക്രട്ടറി ജീമോൻ റാന്നി സമരാഗ്നി സംഗമത്തെപ്പറ്റി ആമുഖപ്രസ്താവന നടത്തി. 2023 ഡിസംബർ 31-ന് കേരളത്തിൽ നിന്നും ഒരു ചെറിയ കാറ്റായി തുടങ്ങി 2024-ന്റെ പുത്തൻപുലരിയിൽ ചരിത്രപ്രസിദ്ധമായ ചിക്കാഗോ നഗരത്തിൽ എത്തിയപ്പോൾ ഒരു ചെറിയ ചുഴലിക്കാറ്റായി മാറി ന്യൂജേഴ്സി വഴി ഫിലാഡൽഫിയായിൽ എത്തിയപ്പോൾ ഒരു കൊടുങ്കാറ്റായി മാറിയ കെ. സുധാകരൻ എന്ന കരുത്തനായ നേതാവ് ഹൂസ്റ്റൺ നഗരത്തിൽ എത്തിയപ്പോൾ ശാന്തത കൈവന്നു എന്ന് കരുതിയാൽ അത് തെറ്റി! ഫെബ്രുവരി 7 മുതൽ കേരളത്തിൽ ആരംഭിക്കുന്ന സമരാഗ്നി യാത്രയുടെ അഗ്നിജ്വാല കത്തിക്കുവാനാണ് പ്രസിഡണ്ട് അവിടെ എത്തിയിരിക്കുന്നത് എന്ന സൂചനയോടൊപ്പം ഒഐസിസി യുഎസ്എ സംഘടിപ്പിച്ച നിരവധി സമ്മേളനങ്ങളേയും കെപിസിസി പ്രസിഡണ്ട് പുതുതായി പ്രഖ്യാപിച്ച ന്യൂജേഴ്സി, ന്യൂയോർക്ക്, പെൻസിൽവേനിയ, അരിസോണ, ഫ്ളോറിഡ, നോർത്ത് കരോലിന, സാൻ അന്റോണിയോ ചാപ്റ്ററുകളെപ്പറ്റി പരാമർശിക്കുകയായിരുന്നു ജീമോൻ. നാഷണൽ പ്രസിഡണ്ട് ബേബി മണക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഹൂസ്റ്റൺ ചാപ്റ്റർ പ്രസിഡണ്ട് വാവച്ചൻ മത്തായി സ്വാഗതം പറഞ്ഞു.







തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ കെ. സുധാകരൻ ചുമതലയേറ്റശേഷം കേരളത്തിലെ കോൺഗ്രസിനുണ്ടായ വിജയങ്ങളെപ്പറ്റി, യൂണിവേഴ്സിറ്റി തലങ്ങളിൽ കെ.എസ്.യു നടത്തിയ തിരിച്ചു വരവിനെപ്പറ്റി ബേബി മണക്കുന്നേൽ പ്രതിപാദിച്ചു.

തുടർന്ന് നാഷണൽ ചെയർമാൻ ജെയിംസ് കൂടൽ നടത്തിയ പ്രസംഗത്തിൽ ദുർഭരണത്തെ തൂത്തെറിയുന്ന അഗ്നിഗോളമായി മുന്നേറുകയാണ് കെ. സുധാകരനെന്ന് ആവേശം നിറഞ്ഞുനിന്ന പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. അതിനുശേഷം തുടർന്ന് കെ. സുധാകരൻ അമേരിക്കയിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളായ ഫോർട്ട് ബന്ദ് കൗണ്ടി ജഡ്ജ് കെ.പി. ജോർജ്, മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട്, സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഫോർട്ട് ബെൻഡ് 240 ഡിസ്ട്രിക്ട് ജഡ്ജ് സുരേന്ദ്രൻ കെ. പട്ടേൽ, ഫോർട്ട് ബെൻഡ് കോർട്ട് ജഡ്ജ് ജൂലി മാത്യു എന്നിവരോടൊപ്പം നാഷണൽ റീജിയൻ, ഹൂസ്റ്റൺ-ഡാളസ് ചാപ്റ്റർ എക്സിക്യൂട്ടീവ് അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ നിലവിളക്കു കൊളുത്തി. തുടർന്ന് അമേരിക്കയിലെ തെരഞ്ഞെടുക്കപ്പെട്ട നേതാക്കളെ പൊന്നാട നല്കി ആദരിച്ചു.

തുടർന്ന് മൂന്നും നാലും ദശകങ്ങൾക്കു മുൻപ് ഹൂസ്റ്റണിൽ എത്തി കോൺഗ്രസ് പ്രസ്ഥാനത്തിന് ശക്തി പകർന്നു നല്കിയ പൊന്നു പിള്ള, ഏബ്രഹാം തോമസ് (അച്ചൻകുഞ്ഞ്), തോമസ് വർക്കി (മൈസൂർ തമ്പി) എന്നിവരെ പൊന്നാട നല്കി ആദരിച്ചു. ഏറ്റവും സീനിയറായ ജോർജ് ഏബ്രഹാമിന്റെ അഭാവത്തിൽ അദ്ദേഹത്തിന്റെ വിലപ്പെട്ട സേവനങ്ങളെ എടുത്തുപറഞ്ഞു.

ഒഐസിസിയുടെ ടെക്സസിലെ ഹൂസ്റ്റൺ, ഡാളസ് ചാപ്റ്ററുകൾക്കു ശേഷം പുതുതായി രൂപംകൊള്ളുന്ന സാൻ അന്റോണിയോ ചാപ്റ്ററിനെ കെപിസിസി പ്രസിഡണ്ട് പ്രഖ്യാപിച്ചു. അതോടൊപ്പം പ്രസിഡണ്ടായി നിയമിക്കപ്പെട്ട സ്റ്റീഫൻ മറ്റത്തിലിനെ കെപിസിസി പ്രസിഡണ്ട് പൊന്നാട നല്കി ആദരിച്ചു.

തുടർന്ന് ന്യൂജേഴ്സിയിൽ നിന്നും എത്തിയ ഡബ്ല്യു എംസി ഗ്ലോബൽ പ്രസിഡണ്ട് തോമസ് മൊട്ടയ്ക്കൽ ഒഐസിസി സതേൺ റീജിയണൽ ജനറൽ സെക്രട്ടറി ജോമോൻ ഇടയാടി, സാമൂഹിക, സാംസ്കാരിക സമുദായിക മാധ്യമരംഗത്തെ പ്രമുഖരായ റവ. എ.വി. തോമസ്, റവ. കെ.ബി. കുരുവിള, ശശിധരൻ നായർ, ജി.കെ. പിള്ള, സൈമൺ വളാച്ചേരി, ജേക്കബ് കുടശ്ശനാട്, ബ്രൂസ് കൊളമ്പയിൽ, അജിത് പിള്ള, ബിജു ഇട്ടൻ, ടോം വിരിപ്പൻ തുടങ്ങിയവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

തുടർന്ന് കെ. സുധാകരൻ എംപി മറുപടി പ്രസംഗം നടത്തി. യുഎസിലെ ആദ്യസന്ദർശനമാണിത്. ഇവിടെ എത്തിയതോടെ അമേരിക്കയെക്കുറിച്ചുള്ള സങ്കല്പങ്ങൾ മാറി. അമേരിക്ക റോൾമോഡൽ ടു വേൾഡ് എന്നാണ് ഇപ്പോൾ മനസ്സിലാക്കുന്നത്. ഈ രാജ്യത്തെ സർക്കാർ ഇന്ത്യയിൽ നിന്ന് കുടിയേറിയവരോട് അടക്കം കാട്ടുന്ന സ്നേഹവും കരുതലും അനുകമ്പയുമെല്ലാം ഇന്ത്യയിൽ സ്വപ്നത്തിൽ പോലും കാണാൻ കഴിയുന്നതല്ല. അത്ഭുതം തോന്നുകയാണ്. വിശാലമായ റോഡുകൾ, രമ്യഹർമ്മങ്ങൾ, ഓരോ പൗരന്റെയും ജീവിതത്തിൽ സർക്കാർ ഇടപെടുന്നു. ജോലി നഷ്ടപ്പെട്ട ചില മലയാളികളെ കണ്ടു. ജോലി പോയെങ്കിലും അവർക്ക് ജീവിക്കാനുള്ള എല്ലാ സൗകര്യങ്ങളും സർക്കാർ ഒരുക്കുന്നുണ്ട്. കേട്ടപ്പോൾ വലിയ സന്തോഷം തോന്നിയെന്നും സുധാകരൻ പറഞ്ഞു.

നാട്ടിലെ സ്ഥിതി എന്താണ്? മാറിമാറി വരുന്ന സർക്കാരുകൾ ജനങ്ങൾക്ക് എന്ത് മെച്ചമാണ് ചെയ്യുന്നത് എന്നു ചിന്തിച്ചു പോവുകയാണെന്നും സുധാകരൻ പറഞ്ഞു. യുഎസിൽ എത്തിയിട്ടും മലയാളികൾ കേരളത്തിലെയും ഇന്ത്യയിലെയും രാഷ്ട്രീയത്തെക്കുറിച്ച് ചർച്ച ചെയ്യുന്നത് ഭാഗ്യമായി കരുതുന്നു. ലോകത്ത് ഏത് ഭാഗത്താണെങ്കിലും സ്വന്തം മണ്ണിനെക്കുറിച്ച് ചിന്തിക്കാൻ സമയം കണ്ടെത്തുന്ന നിങ്ങളുടെ മനസ്സ് വിശാലമാണെന്നും അദ്ദേഹം പറഞ്ഞു.

യുഎസിലെ ഡോക്ടർമാരുടെ പെരുമാറ്റവും കൃത്യനിഷ്ഠയും കരുതലും ചികിത്സയ്ക്കായി അമേരിക്കയിൽ എത്തിയ തന്നെ ആശ്ചര്യപ്പെടുത്തിയതായും അദ്ദേഹം പറഞ്ഞു.

ഒഐസിസി ചാപ്റ്റർ സെക്രട്ടറി ജോജി ജോസഫ് നന്ദി പ്രകാശിപ്പിച്ചു. മൈസൂർ തമ്പി ജനറൽ കൺവീനർ ജോർജ് കൊച്ചുമ്മൻ, ജോമോൻ ഇടയാടി, പൊന്നു പിള്ള, ഷീല ചെറു, ഏബ്രഹാം തോമസ്, ജോജി ജോസഫ്, രാജീവ് റൊണാൾഡ് തുടങ്ങിയവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ സമ്മേളനത്തിന്റെ വിജയത്തിനായി പ്രവർത്തിച്ചു. സമ്മേളനത്തിനുശേഷം ഡിന്നറും ഉണ്ടായിരുന്നു.



# കെ. സുധാകരൻ തിരിച്ചെത്തുന്നു; പൂർണ്ണ ആരോഗ്യവാനായി

ചിക്കാഗോ: കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ ഉപദേശപ്രകാരം വിദഗ്ധ ചികിത്സക്കായി അമേരിക്കയിലെത്തിയ കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ പൂർവാധികം ആരോഗ്യവാനായി തിരിച്ചെത്തുന്നു. ജനുവരി ഒന്നിന് എത്തിയ അദ്ദേഹം കേരളത്തിലേക്ക് മടങ്ങി. ചിക്കാഗോ ഒഹയർ എയർപോർട്ടിൽ ഒഐസിസി ചെയർമാൻ ജെയിംസ് കൂടലിന്റെ നേതൃത്വത്തിൽ അദ്ദേഹത്തിന് ജനുവരി 24 - ന് ഊഷ്മളമായ യാത്രയയപ്പ് നൽകി. പൂർണ ആരോഗ്യവാനായി കേരളത്തിലേക്ക് തിരിച്ചെത്തുന്ന അദ്ദേഹം ലോക്സഭാ തെരഞ്ഞെടുപ്പിലും തുടർന്നു 2026 - ലെ നിയമസഭാ തെരഞ്ഞെടുപ്പിലും കോൺഗ്രസിനെ അധികാരത്തിലേറ്റാൻ പ്രവർത്തകർക്ക് ആശയും ആവേശവുമായി പ്രവർത്തിക്കുമെന്നു ഒഐസിസി ചെയർമാൻ ജെയിംസ് കൂടൽ അറിയിച്ചു.

**സ്വന്തം ലേഖകൻ**

അമേരിക്കയിൽ എത്തിയ അദ്ദേഹം ചിക്കാഗോ, ന്യൂജേഴ്സി, ഫ്ളോറിഡ, ഹൂസ്റ്റൺ തുടങ്ങിയ സ്ഥലങ്ങളിൽ ഒഐസിസി ചാപ്റ്ററുകൾ സംഘടിപ്പിച്ച യോഗങ്ങളിൽ പങ്കെടുത്തു. ഒരേ മനസ്സോടെ കോൺഗ്രസ് പ്രവർത്തകർ പ്രവർത്തിക്കുവാൻ അദ്ദേഹം നൽകിയ കരുത്ത് ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഏറെ സഹായകമാകും. കെ. സുധാകരൻ അധ്യക്ഷപദവി ഏറ്റെടുത്തശേഷം കേരളത്തിൽ കോൺഗ്രസ് താഴെത്തട്ടു മുതൽ തിരിച്ചുവരവിന്റെ പാതയിലാണ്. കണ്ണൂരിൽ സ്വന്തം ജീവൻ കൊടുത്ത് കോൺഗ്രസിനെ ശക്തിപ്പെടുത്താൻ ജീവിതം ഉഴിഞ്ഞുവെച്ച നേതാവാണ് കെ. സുധാകരൻ. നിരവധി പ്രതിസന്ധികളെ നേരിട്ടാണ് അദ്ദേഹം കെപിസിസി അധ്യക്ഷ പദവിവരെയെത്തിയത്. പൂർണ്ണ ആരോഗ്യവാനായി തിരിച്ചെത്തുന്ന കെ. സുധാകരൻ വർദ്ധിത വീര്യത്തോടെ പ്രവർത്തിച്ചു ലക്ഷ്യം നേടും എന്നാണ് കോൺഗ്രസ് പ്രവർത്തകരുടെ വിശ്വാസം.









കെ. സുധാകരന്റെ അമേരിക്കൻ പര്യടനം കോർഡിനേറ്റ് ചെയ്ത ഒഐസിസി ചെയർമാൻ ജെയിംസ് കൂടൽ

# ഒരു നേതാവാകാൻ ഒരു സ്ഥാനവും വഹിക്കേണ്ടതില്ല

**ജോസ് കണിയാലി**

അമേരിക്കയിൽ ചികിത്സയ്ക്കായി എത്തിയ കെപിസിസി പ്രസിഡന്റ് കെ. സുധാകരനെ ഇന്ന് ചിക്കാഗോ എയർപോർട്ടിൽ യാത്രയാക്കുവാൻ എത്തിയ നിമിഷങ്ങൾ ഒരിക്കലും മറക്കില്ല. മയോ ക്ലിനിക്കിൽ അദ്ദേഹം പരിശോധനകൾ കഴിഞ്ഞ് തിരികെ പോകുമ്പോൾ അദ്ദേഹത്തിന് അസുഖം ഒന്നും ഇല്ല എന്നതിന്റെ സന്തോഷം ആണ് പ്രധാനം. മറ്റൊന്ന് ഞാൻ കേട്ടറിഞ്ഞ സുധാകരൻ അല്ല എനിക്ക് ഷേക്ക്ഹാൻഡ് തന്ന് യാത്ര പറഞ്ഞ് പോയ സുധാകരൻ എന്നതാണ്. നമ്മൾ പലപ്പോഴും പല മനുഷ്യരെപ്പറ്റിയും മുൻകൂട്ടി വെച്ചു പുലർത്തുന്ന ധാരണകൾ ആ മനുഷ്യരെ പരിചയപ്പെടുമ്പോൾ പൂർണ്ണമായും തിരുത്തി പുതിയതിനെ പ്രതിഷ്ഠിക്കുന്ന അവസ്ഥ ഉണ്ടാകും. അദ്ദേഹം ആദ്യം ചിക്കാഗോയിൽ എത്തിയപ്പോൾ കേരളാ എക്സ്പ്രസിലേക്കും, എന്റെ വീട്ടിലേക്കും വന്നപ്പോൾ അദ്ദേഹത്തോടൊപ്പം ചിലവിട്ട നിമിഷങ്ങൾ മറക്കുവതെങ്ങനെ? കണ്ണൂരിലെ രാഷ്ട്രീയ സാഹചര്യങ്ങൾ, അവിടെ അദ്ദേഹം വിജയിച്ചു വരുന്നതിന്റെ സത്യാവസ്ഥ ഞാൻ തന്നെ വിലയിരുത്തി. അത് മറ്റൊന്നുമല്ല, ജനമനസ്സ് അറിഞ്ഞ് പ്രവർത്തിക്കുന്ന, ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ മാത്രം പറയുന്ന ഒരു മനുഷ്യസ്നേഹിക്ക് വിജയമല്ലാതെ മറ്റെന്തു ലഭിക്കാൻ. പലപ്പോഴും രാഷ്ട്രീയക്കാർ അപ്പോൾ ആയിരിക്കുന്ന അവസ്ഥയിൽ ഊറ്റം കൊള്ളുന്നവരാണ്. അദ്ദേഹം അതിൽനിന്നും വളരെ വ്യത്യസ്തനാണ് എന്ന് വളരെ വേഗം എനിക്ക് മനസിലായി. കെ. സുധാകരൻ ചിക്കാഗോയിൽ നിന്ന് ന്യൂജേഴ്സിയിലേക്കും ഫ്ളോറിഡയിലേക്കും ഹൂസ്റ്റണിലേക്കും ഒഐസിസിയുടെ വിവിധ മീറ്റിംഗുകൾക്ക് പങ്കെടുക്കാൻ പോയപ്പോൾ അമേരിക്കയിലെ വിവിധ കോൺഗ്രസ് ഗ്രൂപ്പുകളെ ഒരുമിപ്പിക്കുവാനുള്ള ശ്രമവുമായാണ് പോയത്. അത് അദ്ദേഹം എല്ലാ വേദികളിലും വെളിപ്പെടുത്തുകയും ചെയ്തു. അതുതന്നെ ഒരു പ്രതീക്ഷയാണ്. നിരവധി സ്വീകരണങ്ങൾ ലഭിച്ച് തിരികെ പോകാൻ ചിക്കാഗോയിൽ എത്തിയപ്പോൾ അദ്ദേഹത്തിന്റെ യാത്രയയപ്പിലും പങ്കെടുക്കുവാൻ സാധിച്ചു. നമ്മുടെ ആതിഥേയത്വത്തെ സ്വീകരിച്ചതു മുതൽ അക്കമിട്ട് പറഞ്ഞ അദ്ദേഹത്തിന്റെ വാക്കുകൾ ഞാൻ അഭിമാനത്തോടെയാണ് കേട്ടത്. നമ്മോടൊപ്പം ഉണ്ടായിരുന്ന നിമിഷങ്ങൾ ഒരാൾ പങ്കുവെക്കുമ്പോൾ അതൊരു സന്തോഷമാണ്... ആനന്ദമാണ്...



ഒരു നേതാവാകാൻ ഒരു സ്ഥാനവും വഹിക്കേണ്ടതില്ല എന്ന് തെളിയിക്കുകയായിരുന്നു അദ്ദേഹം. താൻചെയ്ത എല്ലാകാര്യങ്ങളിലും പ്രധാനം തന്നോടൊപ്പം പ്രവർത്തിക്കുന്നവരെ ഏകോപിപ്പിക്കുകയും അവരുടെ ശ്രമങ്ങൾ നിശ്ചിത ലക്ഷ്യത്തിൽ എത്തുന്നതുവരെ അവരെ ഒപ്പം നിർത്തി അവർക്ക് വേണ്ടതെല്ലാം നൽകാൻ തയ്യാറാകുന്ന ഒരു നേതാവിനെയാണ് കെ. സുധാകരനിലൂടെ ഞാൻ കണ്ടത്.

ഞാൻ നിങ്ങളുടെ നേതാവ് എന്ന് പറഞ്ഞുകൊണ്ട് ഒരു നേതാവിനും വരാൻ കഴിയില്ല. അത് സംഭവിക്കേണ്ടതാണ്. മറ്റുള്ളവരുടെ ബഹുമാനം കിട്ടുമ്പോഴാണ് അത് സംഭവിക്കുന്നത്. കെ. സുധാകരന്റെ കാര്യത്തിൽ ഈ കാര്യം നൂറ് ശതമാനം കൃത്യമാകുന്നു എന്ന് ഞാൻ വിലയിരുത്തുന്നു. അദ്ദേഹം ഒരു നേതാവാകുന്നതിന് മുൻപ് സ്വയം വളരുകയും നേതാവായ ശേഷം മറ്റുള്ളവരെ വളർത്തുന്നതിൽ വിജയം കാണുകയും ചെയ്യുന്ന വ്യക്തിത്വം. അതാണ് ഞാൻ മനസ്സിലാക്കിയ കെ. സുധാകരൻ എന്ന പച്ച മനുഷ്യൻ.



ചിക്കാഗോ എയർപോർട്ടിൽ കൈ നൽകി പിരിയുമ്പോൾ ഈ സമാഗമത്തിന് അവസരമൊരുക്കുകയും അദ്ദേഹത്തിന്റെ പ്രോഗ്രാമുകൾ കൃത്യമായി കോർഡിനേറ്റ് ചെയ്യുകയും ചെയ്ത ഒഐസിസി ചെയർമാൻ ജെയിംസ് കൂടലിന് നന്ദി.

# ഹണിറോസ് ഇൻ ഫിലിയുടെ ടിക്കറ്റ് കിക്കോഫ് നടത്തുകയുണ്ടായി

**ജീമോൻ ജോർജ്**

ഫിലാഡൽഫിയ: കലയുടെ കോവിലകമായ കേരളത്തിൽനിന്നും എത്തിയ കലാകാരന്മാർ അമേരിക്കൻ മലയാളികളുടെ ഉല്ലാസത്തിനായുള്ള ചേരുംപടി ചേരുവകൾ ചേർത്ത് ഒരുക്കുന്ന നൃത്ത-സംഗീത-ഹാസ്യ കലാവിരുന്ന് കാഴ്ചയുടെ വിസ്മയങ്ങളുമായി കലയുടെ ഉത്സവത്തിന്റെ പൂരപ്പറമ്പുകളാക്കി മാറ്റുവാൻ സാഹോദരീയ നഗരത്തിൽ GEORGE WASHINGTON HIGH SCHOOL (10175, BUSTLETON AVE, PHILADELPHIA, PA, 19116) ഓഡിറ്റോറിയത്തിൽ വെച്ച് ഏപ്രിൽ 27-ന് ശനിയാഴ്ച വൈകുന്നേരം 5.30-ന് നടത്തുന്നതാണ്.

എലൈറ്റ് ഇന്ത്യൻ കിച്ചൻ റസ്റ്റോറന്റിൽ വെച്ച് കൂടിയ വമ്പിച്ച ജനാവലിയുടെ സാന്നിധ്യത്തിൽ പ്രശസ്ത സിനിമാ താരം സുവർണാ വർഗീസ് “മോളിവുഡ് ഡ്രീംസ്” എന്ന ഈ സ്റ്റേജ് ഷോയുടെ ടിക്കറ്റ് കിക്കോഫ് നടത്തുകയുണ്ടായി. ആലസ്യത്തിന്റെയും അതിശൈത്യത്തിന്റെയും തണുപ്പൻ രാവുകളിൽനിന്നും വസന്തരാവുകളുടെ കലാസന്ധ്യകളെ ഉല്ലാസത്തിന്റെ രാവുകളാക്കി മാറ്റുവാൻ മലായള ചലച്ചിത്ര വേദിയിലെ സ്റ്റേജ് ഷോകളിലും സിനിമകളിലും തങ്ങളുടേതായ കഴിവുകൾ കാട്ടിയ പ്രശസ്ത താരങ്ങൾ മാനത്തുനിന്നും മണ്ണിലേക്ക് ഇറങ്ങി വരികയായി. മലയാളത്തിന്റെ സ്വന്തം തെന്നിന്ത്യൻ താരസുന്ദരി ഹണിറോസിന്റെ നേതൃത്വത്തിൽ മലയാള ചലച്ചിത്ര വേദിയിലെ യുവനിരയിൽ ശ്രദ്ധേയരായ താരങ്ങൾ എത്തുന്നു.

വർത്തമാന കാലഘട്ടത്തിലെ സുപ്രധാന സംഭവങ്ങളെ ആക്ഷേപ-ഹാസ്യാത്മകമായി ചിത്രീകരിച്ച് പ്രത്യേകം കൈയടികൾ വാങ്ങുന്ന കോമഡി രാജാക്കന്മാരായ ഹരീഷ് കണാരനും നിർമ്മൽ പാലാഴിയും ഹാസ്യത്തിന്റെ തേരിലേറി അരങ്ങു തകർത്താടുമ്പോൾ സംഗീതത്തിന്റെ മാന്ത്രിക സ്പർശനം പോലെ അവതരണശൈലി കൊണ്ടും ആലാപന വൈദഗ്ദ്ധ്യം കൊണ്ടും അടിപൊളി ഗാനങ്ങളും ഗൃഹാതുരത്വമുണർത്തുന്ന ഗാനാലാപനം കൊണ്ട് എക്കാലത്തും വേദികളിൽ സൂപ്പർഹിറ്റ് ഗാനങ്ങൾ ആലപിച്ച മലയാള ചലച്ചിത്ര വേദിയിലെ യുവ പിന്നണി ഗായകരിൽ പ്രമുഖരായ നിത്യ മാമൻ, അതുൽ നെറുകര തുടങ്ങിയവരും കൂടാതെ സ്വാസിക, ലിയോണ, ലിഷോയി, ഐശ്വര്യ ദേവൻ, ശ്രീജിത് മാസ്റ്റർ, സുനീഷ് വരനാട്, അനിൽ ബേബി, സൻജോവ്, ജീവൻ പത്മകുമാർ തുടങ്ങി വൻ താരനിരയാണ് ഈ സ്റ്റേജ് ഷോയിൽ കാണികളെ ആഘോഷ തേരിലേറ്റുവാനായി എത്തുന്നത്.

കലയുടെ കലാവിരുന്നുമായി വേനൽക്കാല വിരുന്നൊരുക്കാനായും എന്നെന്നും മനസിന്റെ ഓർമ്മകളിലെ ചെപ്പുകളുടെ അകത്തളങ്ങളിൽ സൂക്ഷിക്കത്തക്ക രീതിയിൽ താളവർണ്ണങ്ങളുടെയും സപ്തസ്വരരാഗ മേളങ്ങളുടെയും താരസംഗമവേദിയിൽ കണ്ടുമടുത്ത പഴകിയ സ്റ്റേജ് ഷോകളുടെ ആവർത്തന വിരസത ഒട്ടും അനുഭവപ്പെടാതെയുള്ള ഈ വർഷത്തെ ഏറ്റവും പുതുമ നിറഞ്ഞതും വളരെയധികം ആകാംക്ഷയോടുകൂടി പ്രേക്ഷകർ കാത്തിരിക്കുന്ന സൂപ്പർഹിറ്റ് മെഗാഷോ ആയിരിക്കുമെന്ന് സംഘാടകർ അറിയിക്കുകയുണ്ടായി.

കണ്ണിനും കാതിനും കുളിർമയേകുന്ന ഭാവ രാഗ താളമേളങ്ങളുടെയും ശബ്ദ വർണ്ണങ്ങൾ തീർക്കുന്ന മഴവില്ലിന്റെയും നടന ലാസ്യ ഭാവ നൃത്തങ്ങളുടെ സംഗമവേദിയിൽ ഹാസ്യ സംഗീത നൃത്ത കലാപ്രകടനങ്ങളുടെ വിസ്മയക്കാഴ്ച ഒരുക്കുവാനായിട്ട് കുടുംബ പ്രേക്ഷകരെയും കലയുടെ പൂച്ചെണ്ടുകൾ കൊണ്ട് സ്വാഗതം ചെയ്യുന്നതായി സംഘാടകർ പറയുകയുണ്ടായി. കൂടുതൽ വിവരങ്ങൾക്കായി സന്ദർശിക്കുക: F.B, Phillykerala Events
Instagram: PhillyDreams 2024




# കെഎച്ച്എൻഎ അരിസോണ ടീം ഭാരവാഹികൾ

**അനുപമ ശ്രീജേഷ്**

അരിസോണ: കേരള ഹിന്ദൂസ് നോർത്ത് അമേരിക്കയുടെ അരിസോണ ടീമിന്റെ 2024-26-ലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രസിഡണ്ടായി ശ്രീമതി രശ്മി മോനോൻ, വൈസ് പ്രസിഡണ്ട് ബിനീത് മേനോൻ എന്നിവരും സെക്രട്ടറിയായി ശ്രീരാജ് ചിൻമയനിലയം, ജോ. സെക്രട്ടറിയായി ശ്രീമതി വിനിത സുരേഷ്, ട്രഷറർ ആയി ജയൻ നായർ എന്നിവർ ഐകകണ്ഠ്യേനയാണ് തെരഞ്ഞെടുക്കപ്പെട്ടത്. ഇവരെ കൂടാതെ ഡിവോഷണൽ ഹെഡ് ആയി ശ്രീമതി ചിത്ര വൈദി, സോഷ്യൽ മീഡിയ ഔട്ട് റീച്ച് ഹെഡ് ശ്രീമതി ഗായത്രി അരുൺ, ലിറ്ററി ഫോറം ശ്രീമതി അനുപമ ശ്രീജേഷ് എന്നിവരും കൾച്ചറൽ കോ-ഓർഡിനേറ്റർമാരായി പൂജ രഘുനാഥ്, അജിത വിക്രം, പൂർണിമ ശ്രീകല എന്നിവരും ഭരണമേൽക്കും എന്ന് പത്രസമ്മേളനത്തിൽ അറിയിച്ചു. അരിസോണയിലെ ഭക്തർക്കും കലാസ്വാദകർക്കുവേണ്ടിയും നിരവധി വ്യത്യസ്തമായ പരിപാടികൾ ആസൂത്രണം ചെയ്ത് എത്തിക്കുമെന്ന് പുതിയ ഭാരവാഹികൾ അറിയിച്ചു.




# വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന് നവനേതൃത്വം

**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂയോർക്ക്: വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ ജനറൽ ബോഡി യോഗം 2024-ലെ ഭരണസമിതിയെ തെരഞ്ഞെടുത്തു. ഈ വർഷം അസോസിയേഷന്റെ ഗോൾഡൻ ജൂബിലി വർഷമാണ്. വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻ അരനൂറ്റാണ്ട് പിന്നിടുമ്പോൾ അത് അമേരിക്കൻ മലയാളി കുടിയേറ്റത്തിന്റെ ചരിത്രം കൂടിയാണ് ആഘോഷിക്കപ്പെടുന്നത്.



പുതിയ പ്രസിഡണ്ടായി വർഗീസ് എം. കുര്യൻ (ബോബൻ), സെക്രട്ടറി ഷോളി കുമ്പിളുവേലി, ട്രഷറർ ചാക്കോ പി. ജോർജ് (അനി), വൈസ് പ്രസിഡണ്ട് ജോയി ഇട്ടൻ, ജോ. സെക്രട്ടറി നിരീഷ് ഉമ്മൻ, ജോ. ട്രഷറർ അലക്സാണ്ടർ വർഗീസ് എന്നിവരെ തെരഞ്ഞെടുത്തു.

കമ്മിറ്റി അംഗങ്ങൾ: തോമസ് കോശി, ജോൺ സി. വർഗീസ്, ശ്രീകുമാർ ഉണ്ണിത്താൻ, ജെ. മാത്യൂസ്, എ.വി. വർഗീസ്, ആന്റോ വർക്കി, മാത്യു ജോഫ്, ജോൺ തോമസ്, കെ.കെ. ജോൺസൺ, ജോ. ഡാനിയേൽ, ഗണേശ് നായർ, സുരേന്ദ്രൻ നായർ, ജോൺ കുഴിയാഞ്ഞാൽ (ബോബി), ജോർജ് തങ്കച്ചൻ, വർഗീസ് ചാക്കോ, ജോൺ ഐസക്, ജോർജ് കുഴിയാഞ്ഞാൽ, ടെറൻസൺ തോമസ് (എക്സ് ഓഫി), ഓഡിറ്റേഴ്സായി തോമസ് പായ്കയിൽ, തിപു തരകൻ എന്നിവരെയും തെരഞ്ഞെടുത്തു. നിലവിലുള്ള ട്രസ്റ്റി ബോർഡ് അംഗങ്ങൾ: രാജി തോമസ്, കെ.ജെ. ഗ്രിഗറി, രാജൻ ടി. ജേക്കബ്, കുരിയാക്കോസ് വർഗീസ്, പുതുതായി ഇട്ടൂപ്പ് ദേവസ്യ നിയമിതനായി. ട്രസ്റ്റീ ബോർഡ് ചെയർമാനായി രാജ് തോമസ് നിയമിതനാവും. നിലവിലുള്ള ട്രസ്റ്റി ബോർഡ് ചെയർമാൻ ജോൺ കുഴിയാഞ്ഞാൽ (ബോബി) ഇലക്ഷന് നേതൃത്വം നല്കി.

അമേരിക്കയിലെ ഏറ്റവും പ്രബലമായ മലയാളി സംഘടനകളിൽ ഒന്നാണ് വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻ. ഒരു വ്യക്തിയല്ല, മറിച്ച് ഒരു സമൂഹമായിത്തന്നെയാണ് അസോസിയേഷന്റെ എല്ലാക്കാലത്തെയും പ്രവർത്തനങ്ങൾ നടത്തുന്നത്. അസോസിയേഷൻ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന ഈ വർഷം ഒരു ചരിത്രമാവുകയാണ്. ജനിച്ച നാടും വീടും വിട്ട് മറ്റൊരു ഭൂമിയിൽ ഒത്തുകൂടി അമ്പതുവർഷം പിന്നിടുക എന്നത് ചരിത്രം കുറിക്കുകയാണ്. ഈ വർഷം ആഘോഷത്തിന്റെ വർഷമാണ്. നിരവധി പദ്ധതികൾ ഈ കമ്മിറ്റി പ്ലാൻ ചെയ്തു നടപ്പിലാക്കും. ഗോൾഡൻ ജൂബിലി വർഷം അവിസ്മരണീയമാക്കാനുള്ള ഒരുക്കത്തിലാണ് പുതിയ ഭാരവാഹികൾ. തെരഞ്ഞെടുക്കപ്പെട്ടവർക്ക് നല്ല ഒരു പ്രവർത്തനം നടത്താൻ ഈ വർഷം കഴിയട്ടെയെന്ന് പ്രസിഡണ്ട് ടെറൻസൺ തോമസ് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ആശംസിച്ചു.

# ദൈവദാസൻ മാർ. മാത്യു മാക്കിൽ പിതാവിന്റെ ചരമവാർഷികാചരണം

**ലിൻസ് താന്നിച്ചുവട്ടിൽ**



ചിക്കാഗോ: ചിക്കാഗോ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ഇടവക ദൈവാലയത്തിൽ ദൈവദാസൻ മാർ മാത്യു മാക്കിൽ മെത്രാന്റെ 110-ാം ചരമ വാർഷികം ആചരിച്ചു. അനുസ്മരണശുശ്രൂഷകൾക്കും പ്രാർത്ഥനകൾക്കും ഫൊറോനാ വികാരി റവ. ഫാ. തോമസ് മുളവനാൽ നേതൃത്വം നൽകി. അസി. വികാരി റവ. ഫാ. ബിൻസ് ചേത്തലിൽ സഹകാർമികനായിരുന്നു. അതിരൂപതയുടെ മാർഗ്ഗദർശിയും ദൈവാശ്രയ ജീവിതത്തിന്റെ ശ്രേഷ്ഠ മാതൃകയും ആയിരുന്നു ഭാഗ്യസ്മരണാർഹനായ മാക്കിൽ മത്തായി മെത്രാനെന്ന് ഫാ. തോമസ് മുളവനാൽ അനുസ്മരിച്ചു.

വി. കുർബാനയ്ക്കും തിരുകർമ്മങ്ങൾക്കും ശേഷം നേർച്ച വിതരണവും നടന്നു. മോനായി-പ്രിയ മാക്കിൽ കുടുംബം നേർച്ച ഏറ്റെടുത്ത് നടത്തി.



# ഡോണൾഡ് ട്രംപിനെതിരെ 83.3 മില്യൺ ഡോളർ കോടതിവിധി

ന്യൂയോർക്ക്: ജനുവരി 26-ന് വെള്ളിയാഴ്ച ന്യൂയോർക്കിലെ മൻഹാട്ടൺ ഫെഡറൽ കോർട്ട്, മുൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപിനെതിരെ 83.3 മില്യൺ ഡോളർ മാനനഷ്ടത്തിന് വിധിപ്രഖ്യാപിച്ചു. മുൻ അഡ്വൈസ്സ് മാഗസിൻ കോളംനിസ്റ്റ് ഇ.ജീൻ കരോൾ നല്കിയ മാനനഷ്ടക്കേസിലാണ് 9 അംഗ ജൂറിയുടെ വിധി. 1996-ൽ ന്യൂയോർക്കിലെ ഒരു ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ വെച്ച് ഡോണൾഡ് ട്രംപ് തനിക്കെതിരെ ലൈഗിക ആക്രമണം നടത്തിയെന്ന ഇ. ജീൻ കരോളിന്റെ ആരോപണത്തിനെതിരെ പ്രസിഡണ്ട് ട്രംപ് ശക്തമായി പ്രതികരിക്കുകയും പരാതിക്കാരിക്കെതിരെ സോഷ്യൽ മീഡിയ വഴി വ്യക്തിഹത്യ നടത്തുകയും ചെയ്തു. ഡോണൾഡ് ട്രംപ് ആവർത്തിച്ച് നടത്തിയ വ്യക്തിഹത്യാപരമായ ആരോപണങ്ങൾ തന്റെ ജീവൻ വരെ അപായത്തിലാക്കിയെന്നായിരുന്നു ഇ. ജീൻ കരോളിന്റെ പരാതി. ബലാൽസംഗത്തിനിരയാക്കിയെന്ന് ട്രംപിനെതിരെ അവർ നടത്തിയ പരാതിയിൽ 2023 മെയ് മാസത്തിൽ ന്യൂയോർക്കിലെ മറ്റൊരു ജൂറി ഡോണൾഡ് ട്രംപിനെ ബലാൽസംഗ ആരോപണത്തിൽ നിന്നും കുറ്റവിമുക്തനാക്കിയിരുന്നു. എങ്കിലും ഇരയെ ലൈംഗികമായി മാനഭംഗപ്പെടുത്തിയെന്നും അവർക്കെതിരെ വ്യക്തിഹത്യാപരമായ ആരോപണങ്ങൾ ഉന്നയിച്ചുവെന്നും പ്രസ്തുത ജൂറി കണ്ടെത്തുകയും നഷ്ടപരിഹാരമായി 5 മില്യൺ ഡോളർ ഇരയ്ക്ക് നല്കുവാൻ ട്രംപിനെതിരെ വിധി പുറപ്പെടുവിക്കുകയുണ്ടായി. നഷ്ടപരിഹാര തുക ഇപ്പോൾ 83.3 മില്യൺ ഡോളറായി ഉയർന്നു.

കേസിന്റെ വിചാരണയ്ക്കിടയിൽ കോടതിക്കുള്ളിൽ നിരവധി നാടകീയ മുഹൂർത്തങ്ങൾ സൃഷ്ടിക്കുകയും രോഷാകുലമായ പരാമർശങ്ങൾ നടത്തുകയും ചെയ്ത ഡോണൾഡ് ട്രംപ്, വിധിന്യായം പുറപ്പെടുവിച്ച അവസരത്തിൽ കോടതിയിൽ ഹാജരായിരുന്നില്ല. എന്നാൽ,വിധിന്യായം തന്റെ ശ്രദ്ധയിലെത്തിയ ഉടൻ അതിനെതിരെ കടുത്ത ഭാഷയിൽ പ്രതികരിച്ച അദ്ദേഹം തികച്ചും അപഹാസ്യമാണ് ഈ വിധി എന്നും പ്രതികരിച്ചു. അമേരിക്കയിലെ നീതിന്യായ വ്യവസ്ഥയുടെ തകർച്ചയാണ് ഇവ സൂചിപ്പിക്കുന്നതെന്നും രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ കോടതികളെ ദുരുപയോഗം ചെയ്യുകയാണെന്നും ആരോപിച്ചു. വിധിന്യായത്തിനെതിരെ മേൽക്കോടതിയിൽ അപ്പീൽ സമർപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു.

വിചാരണയിലുടനീളം കോടതിയിൽ ഹാജരായിരുന്ന 80-കാരിയായ പരാതിക്കാരി, വിധിന്യായം ശ്രവിച്ചയുടൻ തന്റെ അഭിഭാഷകയുടെ കരങ്ങൾ അമർത്തിപ്പിടിച്ച് അവർക്കുള്ള സന്തോഷവും സംതൃപ്തിയും പ്രകടമാക്കി. മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങളോട് ഉടൻ പ്രതികരിക്കുവാൻ വിസമ്മതിച്ച അവർ പിന്നീട് മാധ്യമങ്ങൾ വഴി പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ "ക്രൂരമായ പ്രഹരമേറ്റ് നിലംപതിക്കപ്പെട്ട ഓരോ സ്ത്രീയും വീണ്ടും സ്വന്തം കാലിൽ ഉയിർത്തെഴുന്നേല്ക്കാൻ പ്രകടിപ്പിക്കുന്ന ധീരതയുടെ വിജയമാണ് ഈ വിധിയെന്നും സ്ത്രീകളെ അടിച്ചമർത്താൻ ശ്രമിക്കുന്ന പീഡകരുടെ കടുത്ത പരാജയമാണ് ഇതെന്നും" അഭിപ്രായപ്പെട്ടു.

വിചാരണവേളയിൽ കോടതിയിൽ നല്കിയ സാക്ഷിമൊഴിയിൽ ഡോണൾഡ് ട്രംപ് തന്റെ ആത്മാഭിമാനവും വ്യക്തിത്വവും തല്ലിത്തകർത്തുവെന്നും അവ പുനഃസ്ഥാപിക്കുവാനുള്ള ശ്രമമാണ് തന്റെ നിയമപോരാട്ടമെന്നും ജീൻകരോൾ വ്യക്തമാക്കുകയുണ്ടായി.



# നല്ലതിനെ സ്വീകരിച്ചു വർദ്ധിച്ചുവരിക

ഏലിയാമ്മ ലൂക്കോസ്

**ഈ** പുതിയ വർഷത്തിൽ എന്തു സംഭവിക്കാൻ പോകുന്നു എന്നു ചിന്തിച്ചും വ്യാകുലപ്പെട്ടുമിരിക്കുന്ന ജനസമൂഹത്തെയാണ് നാം കാണുന്നത്. കാരണം, യുദ്ധങ്ങളും രോഗദുഃഖാദികളും മനുഷ്യനെ അലട്ടുന്നു. തുച്ഛമായ വരുമാനത്തിൽ കഴിയുന്ന, വാർദ്ധക്യത്തിലായിരിക്കുന്ന അനേകർ ഇവിടെയുണ്ട്. തീരാരോഗത്തിൽ കഴിയുന്നവർ, എന്തു ചെയ്യണമെന്നറിയാതെ ഭയന്നും വിറച്ചും കഴിയുന്നവർ, സമാധാനമില്ലാതെ വലയുന്നവർ, ജോലി നഷ്ടപ്പെട്ടവർ അങ്ങനെ വിവിധങ്ങളായ അവസ്ഥകളിൽ കഴിയുന്നവർ ധാരാളമാണ്. വിശുദ്ധ ബൈബിൾ ഇത് അന്ത്യകാലമാണെന്ന് വിളിച്ചറിയിക്കുന്നു. അന്ത്യകാലത്ത് ദുർഘട സമയങ്ങൾ വരും എന്നത് നിശ്ചയമാണ്.

എന്നാൽ, നാമായിരിക്കുന്ന സ്ഥാനത്ത് ആവോളം നന്മ പ്രവർത്തിച്ച് മുന്നേറുവാൻ ശ്രമിക്കാം. നന്മ പ്രവർത്തിച്ചാൽ വർദ്ധിച്ചുവരുമോ? കൊടുക്കുംതോറും ഏറിടും എന്ന് വിദ്യയെക്കുറിച്ച് നാം കേട്ടിട്ടുണ്ടല്ലോ. വിദ്യ പറഞ്ഞുകൊടുക്കുന്ന അദ്ധ്യാപകൻ സ്വയം പഠിക്കയും കൊടുക്കുകയുമാണ് ചെയ്യുന്നത്. അപ്പോൾ അറിവ് വർദ്ധിക്കുന്നു. നാഴി വിത്തു വിതച്ചാൽ എത്ര പറ നെല്ലാണ് ലഭിക്കുന്നത്? കോവിഡ് എന്ന മഹാവ്യാധി ലോകത്തെ ഒത്തിരി നശിപ്പിച്ചു.വെങ്കിലും ഒരുന്നതി വന്നുകൊണ്ടിരിക്കുന്ന സമയമാണിത്. നാം പ്രവർത്തിക്കുമ്പോൾ അത്ഭുതങ്ങൾ നടക്കും. 'നീ സംവത്സരത്തെ നിന്റെ നന്മകൊണ്ട് അലങ്കരിക്കുന്നു' എന്ന് സങ്കീർത്തകൻ പറഞ്ഞിരിക്കുന്നു. ദൈവം ഈ വർഷത്തെ നന്മകൊണ്ട് അലങ്കരിക്കാൻ നമുക്കു പരിശ്രമിക്കാം, പ്രാർത്ഥിക്കാം.

ദൈവം പറയുന്നു: "മനുഷ്യാ, നല്ലതെന്തെന്നു കാണിച്ചു തന്നിരിക്കുന്ന ന്യായം പ്രവർത്തിപ്പാനും ദയാതല്പരനായിരിപ്പാനും നാം നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും" ഈവക കാര്യങ്ങൾ ചെയ്യുന്നവൻ നല്ലതു ചെയ്യുകയാണ്. ന്യായം പ്രവർത്തിക്കുന്നവർ ആരുണ്ട്. സ്വാർത്ഥനായ മനുഷ്യൻ ന്യായം പ്രവർത്തിക്കുമോ? സ്വന്ത കാര്യലാഭത്തിനു വേണ്ടി പ്രവർത്തിക്കുന്നവരാണ് അധികമാളുകളും. ദൈവം നീതിയുള്ള ന്യായാധിപതിയാണ്. നീതിയോടെ ന്യായം വിധിക്കുന്നവന്റെ മുമ്പിലാണ് നീതികെട്ട മനുഷ്യർ. ഒരുദിനം നമ്മുടെ നീതിക്കു തക്കവണ്ണം മറുപടി ദൈവത്തിൽ നിന്നു ലഭിക്കും. ദൈവം ദയയും കരുണയുമുള്ളവനാണ്. നാം ദയാതല്പരരായിരിക്കേണം. മനസ്സലിവുള്ള



ലേഖിക

ഹൃദയം ദൈവം നമുക്കു നല്കട്ടെ. താഴ്മയുള്ളവരായിരിക്കേണം നാമെന്നു ദൈവം ആഗ്രഹിക്കുന്നു. ധനസമൃദ്ധിയിൽ അഹങ്കരിക്കുന്നവർ ധാരാളമുണ്ട്. ജ്ഞാനസമ്പത്തിൽ നിഗളിച്ചുപോകുന്നവരും കുറവല്ല. എന്നാൽ, ആത്മീയനിഗളം വലിയ പാപമാണ്. "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ" എന്ന് വിശുദ്ധ ബൈബിളിൽ വായിക്കുന്നു. ലോകപ്രസിദ്ധ സുവിശേഷകനായിരുന്ന പാസ്റ്റർ ബില്ലി ഗ്രഹാമിനോട് 'അങ്ങയുടെ ജീവിതത്തിലെ വിജയത്തിന്റെ കാരണമെന്ത്' എന്ന ചോദ്യത്തിന്റെ ഉത്തരം വളരെ ലളിതമായിരുന്നു. അദ്ദേഹത്തിന്റെ താഴ്മ ആ മറുപടിയിൽ വ്യക്തമായിരുന്നു. കനകവും കാമിനിയും മറന്നു ദൈവഭയത്തോടെയുള്ള പ്രാർത്ഥന വിജയത്തിനു മുഖാന്തിരമെന്നായിരുന്നു മറുപടി. താഴ്മയുള്ളവനെ ദൈവം കടാക്ഷിക്കും.

ഈ പുതുവർഷം ഒരു വർദ്ധനയുടെ വർഷമായി മാറാനാഗ്രഹിക്കുന്നു. സാമ്പത്തികമായ വർദ്ധന, കുടുംബവർദ്ധന, ആത്മീയ വർദ്ധന എന്നിവയെല്ലാം നമുക്കാഗ്രഹിക്കാം. നാം ദൈവത്തെ നോക്കി മുന്നോട്ടു നീങ്ങുമ്പോൾ ശുഭകരമായ ഒരു യാത്ര പ്രതീക്ഷിക്കാം. വിശുദ്ധ പൗലോസ് കൊരിന്ത്യ സഭയ്ക്കെഴുതി: "നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നറിഞ്ഞും കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ." നാം ധൈര്യശാലികളാകണം. തളർന്നു പോകരുത്. കുലുങ്ങിപ്പോകരുത്. പ്രശ്നങ്ങൾ ധാരാളം നമ്മുടെ മുമ്പിൽ ഉദിക്കാം. ഉറപ്പോടെ അവയെ നേരിടണം. എങ്കിൽ മാത്രമേ നാം വിജയിക്കൂ. കഠിനപരിശ്രമം ചെയ്താണ് അനേകം ഉന്നതന്മാർ ലോകത്തിൽ ഉണ്ടായത്. ഏബ്രഹാം ലിങ്കൺ തന്റെ തോൽവികളിൽ നിരാശപ്പെട്ട് പിന്മാറിയിരുന്നുവെങ്കിൽ ലോകപ്രസിദ്ധനായ ഒരു പ്രസിഡണ്ടായി മാറുകയില്ലായിരുന്നു. അങ്ങനെ അനേകരുടെ സാക്ഷ്യങ്ങൾ നമ്മുടെ മുമ്പിലുണ്ട്. നാം എവിടെയും വർദ്ധിച്ചുവരണം. എട്ടാം ക്ലാസിൽ നിന്നും ഒമ്പതാം ക്ലാസിലേക്കാണ് കയറുന്നത് ഏഴാം ക്ലാസിലേക്ക് ഇറങ്ങിപ്പോകുന്നില്ല.

അബ്രഹാമിന്റെ മകൻ യിസഹാക്ക് ഗരാദിൽ പാർക്കുമ്പോൾ അവൻ വിതച്ചു. അവന് ആ ആണ്ടിൽ നൂറുമേനി വിളവുണ്ടായി. ഈ വർഷം നമുക്ക് ഭൗതികവളർച്ച ദൈവം തരട്ടെ. യിസഹാക്ക് ദൈവത്തെ അനുസരിക്കുന്നവനായിരുന്നു. മിസ്രയീമിൽ പോകരുതെന്നു ദൈവം പറഞ്ഞു. അവൻ പോയില്ല. ഇവൻ ക്ഷമാശീലനായിരുന്നു. അവൻ കുഴിച്ച കിണർ അവനു ലഭിക്കാതെ ദേശവാസികൾ തട്ടിയെടുത്തപ്പോൾ അവൻ സഹിച്ചു, ക്ഷമിച്ചു. അവസാനം അവൻ വിജയിച്ചു യഹോവ നിന്നോടു കൂടെയുണ്ടെന്ന് ശത്രുക്കൾ പറയുവാനിടവന്നു. നമുക്കും അദ്ധ്വാനിക്കാം, ക്ഷമാശീലമുള്ളവരായി മാറാം. നമ്മുടെ പ്രയത്നം നൂറുമേനി വിളവു തരും. നിശ്ചയം. "അവൻ വർദ്ധിച്ചുവർദ്ധിച്ചു മഹാധനവാനായിത്തീർന്നു" നമുക്കിതൊരു മാതൃകയാക്കാം.

കുടുംബവർദ്ധന വളരെ അത്യാവശ്യമാണ്. തലമുറകളില്ലാതെ വിഷമിക്കുന്ന ഒത്തിരി നല്ല ആളുകൾ നമ്മുടെ ഇടയിലുണ്ട്. എബ്രായർക്കു ജനിക്കുന്ന ആൺപൈതങ്ങളെ നൈൽ നദിയിൽ (ശേഷം 30-ാം പേജിൽ)

# വംശനാശം ഭവിച്ച മഹാമൃഗത്തിന്റെ ഏഴ് അടി നീളമുള്ള കൊമ്പ് കണ്ടെത്തി

കോര ചെറിയാൻ

ഫിലാഡൽഫിയാ: പതിനായിരത്തിലധികം വർഷങ്ങൾക്കുപിന്നിൽ വംശനാശം സംഭവിച്ച മഹാമൃഗത്തിന്റെ 7 അടി നീളമുള്ള കൊമ്പ് പല്ലുകൾ, തോളെല്ല്, വാരിയെല്ല് അടക്കം ഇരുപതിൽപ്പരം ശരീരഭാഗങ്ങൾ അമേരിക്കയിലെ നോർത്ത് ഡകോട്ട, ബ്യൂല കൽക്കരി ഖനിയ്ക്കു സമീപമായി കണ്ടെത്തി. 45,000 ഏക്കർ വിസ്തൃതിയുള്ള മൈൻ ഫീൽഡിൽക്കൂടി ഒഴുകുന്ന ചെറിയ അരുവിയുടെ സമീപത്തായി



40 അടി ആഴത്തിൽ മണ്ണ് നീക്കംചെയ്ത് കൽക്കരി കുഴിച്ചെടുക്കുന്ന ഉദ്യമവേളയിൽ വെളുത്ത സുദീർഘമായ കൊമ്പ് കണ്ടെത്തിയതായി അസ്സോസിയേറ്റ് പ്രസ്സ് റിപ്പോർട്ട് ചെയ്തു.

നോർത്ത് ഡകോട്ട ജിയോളജിക് സർവ്വേയിലെ പുരാവസ്തു ഗവേഷകനും അതി പ്രാചീനകാലത്തെ ജീവികളെയും സസ്യങ്ങളെയും കുറിച്ച് അഗാധ പഠനം നടത്തുന്ന പാലിയന്റോളജിസ്റ്റായ ജെഫ് പേഴ്സന്റെ അഭിപ്രായാനുസരണം കണ്ടെത്തിയ കൊമ്പിന് പതിനായിരം മുതൽ ഒരു ലക്ഷം വർഷംവരെ പഴക്കം ഉണ്ടാകുവാനുള്ള സാധ്യതയുള്ളതായും പറയുന്നു. കാര്യമായ കേടുപാടുകൾ ഒന്നുംതന്നെ കൊമ്പിനു സംഭവിച്ചിട്ടില്ലെന്നും പിൻകാലങ്ങളിൽ കണ്ടെത്തിയതിലും വളരെയധികം എല്ലിൻ കഷണങ്ങൾ ഒരു മൃഗത്തിൽ നിന്നുംതന്നെ കിട്ടിയതായും അത്ഭുതപൂർവ്വം പേഴ്സൺ വെളിപ്പെടുത്തി.

ഏഷ്യയിലും വടക്കെ അമേരിക്ക



ലേഖകൻ

യിലും യൂറോപ്പിലും ആഫ്രിക്കയിലും വൻ വലിപ്പമുള്ള പടുകൂറ്റൻ മൃഗങ്ങൾ അനേക ശതവർഷങ്ങൾക്കുമുമ്പായി സൈര്യവിഹാരം നടത്തിയതായ തെളിവുകൾ നൽകുന്ന അറുപഴഞ്ചൻ അവശിഷ്ടങ്ങളിൽനിന്നും കണ്ടെത്തിയിട്ടുണ്ട്. ഹിമയുഗത്തിൽ (ഐസ് ഏജ്) ജീവിച്ചിരുന്ന അനേകം മൃഗങ്ങളുടെ അവശിഷ്ടങ്ങൾ മഞ്ഞുഷീറ്റിന്റെ ചലനത്തിലും മഞ്ഞുകട്ടകൾ ഉരുകി നശിച്ചതായും (ശേഷം 30-ാം പേജിൽ)

# മാർ ഈവാനിയോസ് മെത്രാപ്പോലീത്തായ്ക്ക് യോങ്കേഴ്സിൽ സ്വീകരണം നല്കി



ന്യൂയോർക്ക്: മലങ്കര ഓർത്തഡോക്സ് സഭയുടെ സൗത്ത് വെസ്റ്റ് ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. തോമസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയ്ക്ക് യോങ്കേഴ്സിൽ സ്വീകരണം നല്കി. യോങ്കേഴ്സിലെ 100 അണ്ടർഹിൽ സ്ട്രീറ്റിലുള്ള സെ. മേരീസ് ദേവാലയത്തിൽ എത്തിച്ചേർന്ന അഭിവന്ദ്യ മെത്രാപ്പോലീത്തയെ കത്തിച്ച മെഴുകുതിരികളുടെ അകമ്പടിയോടെ റവ. ഫാ. ജോയ്സ് പാപ്പൻ, സെക്രട്ടറി ഷാജി ചാക്കോ, ട്രഷറർ ഷൈൻ ജോർജ്, സെമിനാരിയൻസ്, ഇടവകാംഗങ്ങൾ എന്നിവർ ചേർന്ന് ചർച്ച് അങ്കണത്തിലേക്ക് സ്വീകരിച്ച് ആനയിച്ചു. തുടർന്ന് അഭിവന്ദ്യ മെത്രാപ്പോലീത്ത വിശുദ്ധ കുർബാന അർപ്പിച്ചു.

ഷൈൻ ജോർജ്

# ഓറഞ്ച്ബർഗ് സെ. ജോൺസ് ഇടവകയിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ

**ഉമ്മൻ കാപ്പിൽ**

ന്യൂയോർക്ക്: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ കിക്കോഫ് മീറ്റിങ്ങിന് ജനുവരി 21-ന് ഞായറാഴ്ച ഓറഞ്ച്ബർഗ് സെന്റ് ജോൺസ് ഓർത്തഡോക്സ് ഇടവക വേദിയായി.

ഇടവക വികാരി ഫാ. എബി പൗലോസിന്റെ കാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയ്ക്കുശേഷം ഫാമിലി/യൂത്ത് കോൺഫറൻസിന് കിക്കോഫ് മീറ്റിങ്ങും ഉണ്ടായിരുന്നു. ഫാ. എബി പൗലോസ് കോൺഫറൻസ് ടീമിനെ സ്വാഗതം ചെയ്തു. മുൻ ഭദ്രാസന കൗൺസിൽ അംഗം അജിത് വട്ടശ്ശേരിൽ ടീമിനെ പരിചയപ്പെടുത്തുകയും പൂർണമായും യുവജനങ്ങൾ ഏറ്റെടുത്തിരിക്കുന്ന ഈ കോൺഫറൻസ് തലമുറകളുടെ കൈമാറ്റം കൂടിയാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

മാത്യു ജോഷ്വ (കോൺഫറൻസ് ട്രഷറർ), മാത്യു വറുഗീസ് (റാഫിൾ കോ-ഓർഡിനേറ്റർ), ബിജോ തോമസ് ഭദ്രാസന കൗൺസിൽ അംഗം), കെ. ജി. ഉമ്മൻ (മലങ്കരസഭ മാനേജിങ് കമ്മിറ്റി അംഗം), റോണാ വറുഗീസ് (സുവനീർ കമ്മിറ്റി അംഗം), ബിപിൻ മാത്യു (മീഡിയ കമ്മിറ്റി അംഗം), ജോനാഥൻ മത്തായി, ഷെറിൻ കുര്യൻ, ക്രിസ്റ്റൽ ഷാജൻ, ജൊസായ ജോർജ്, ആരൻ ജോഷ്വ, ആഞ്ജലീന ജോഷ്വ (ഫിനാൻസ് കമ്മിറ്റി അംഗങ്ങൾ) തുടങ്ങിയവർ കോൺഫറൻസ് ടീമിൽ ഉണ്ടായിരുന്നു. തോമസ് വർഗീസ് (ഇടവക സെക്രട്ടറി), ജോൺ മാത്യു (ഇടവക ട്രസ്റ്റി), അജിത് വട്ടശ്ശേരിൽ (മലങ്കര അസോസിയേഷൻ അംഗം), ഫിലിപ്പ് ഈശോ (ഭദ്രാസനഅസംബ്ലി അംഗം) എന്നിവരും സന്നിഹിതരായിരുന്നു. 2023 കോൺഫറൻസിന്റെ വിജയത്തിനു നേതൃത്വം നല്കിയ കെ.ജി. ഉമ്മൻ ആൻഡ് ബിജോ തോമസ് (പ്ലാനിങ്), അജിത് വട്ടശ്ശേരിൽ (പ്രോസഷൻ കമ്മിറ്റി ലീഡ്), സ്മിത തോമസ് (മെഡിക്കൽ കമ്മിറ്റി ലീഡ്), തോമസ് വർഗീസ് (സുവനീർ പ്രിന്റിംഗ്) തുടങ്ങിയ ഇടവകാംഗങ്ങളുടെ നിസ്വാർത്ഥ സേവനത്തിനു മാത്യു ജോഷ്വ നന്ദി അറിയിച്ചു.

കോൺഫറൻസ് തീയതി, തീം പ്രസംഗകർ, സമ്മേളനവേദി, വേദിക്കു സമീപമുള്ള ആകർഷണങ്ങൾ എന്നിവയെക്കുറിച്ച് മാത്യു ജോഷ്വ സംസാരിക്കുകയും എല്ലാവരുടെയും പങ്കാളിത്തവും പിന്തുണയും അഭ്യർത്ഥിക്കുകയും ചെയ്തു. ജോനാഥൻ മത്തായി രജിസ്ട്രേഷൻ പ്രക്രിയ വിശദീകരിച്ചു. റോണാ വർഗീസ് റാഫിൾ ടിക്കറ്റിനെപ്പറ്റി സംസാരിച്ചു. കോൺഫറൻസിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിന്റെ വിശദാംശങ്ങൾ ബിപിൻ മാത്യു വിവരിച്ചു.



മാത്യു വറുഗീസ് സ്പോൺസർഷിപ് അവസരങ്ങളെപ്പറ്റി വിശദീകരിച്ചു. വിനോദത്തിനും കായിക കലാപരിപാടികൾക്കുള്ള അവസരങ്ങളെപ്പറ്റിയും ക്രിസ്റ്റൽ ഷാജൻ വിശദീകരിച്ചു. ഷെറിൻ കുര്യൻ എംജിഒസിഎസ്എം അംഗങ്ങൾക്ക് കോൺഫറൻസിൽ ലഭിക്കുന്ന അവസരങ്ങളെപ്പറ്റി സംസാരിക്കുകയും കോൺഫറൻസിൽ രജിസ്റ്റർ ചെയ്യാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. ഇടവകയ്ക്കുവേണ്ടി സുവനീറിനുള്ള സംഭാവന ട്രസ്റ്റി ജോൺ മാത്യു സംഘാടകർക്ക് കൈമാറി.

അജിത് വട്ടശ്ശേരിൽ, ബിജോ തോമസ് എന്നിവർ ഗോൾഡ് സ്പോൺസർമാരായി പിന്തുണ അറിയിച്ചു. സജു ജേക്കബ് കൂടാരത്തിൽ ആദ്യ രജിസ്ട്രേഷൻ നല്കി. വർഗീസ് ഈശോ ആദ്യ റാഫിൾ ടിക്കറ്റ് സ്വീകരിച്ചു പിന്തുണ അറിയിച്ചു. നിരവധി അംഗങ്ങൾ കോൺഫറൻസിൽ പങ്കെടുക്കാൻ താല്പര്യം അറിയിച്ചു. ഭദ്രാസന കൗൺസിൽ അംഗം ബിജോ തോമസ് കോൺഫറൻസ് ടീമിനും ഉദാരമായി പിന്തുണ നല്കിയ ഇടവകാംഗങ്ങൾക്കും നന്ദി അറിയിച്ചു.

2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻധം റിസോർട്ടിലാണ് സമ്മേളനം നടക്കുന്നത്. സൺഡേസ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെ. ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ. ഡോ. വർഗീസ് വർഗീസ് മീനടം മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ. സെറാഫി മജ്മൂദാറും സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നല്കും. 'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തെപ്പറ്റി "ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക" (കൊലൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു പീറ്റർ കോൺഫറൻസ് കോ-ഓർഡിനേറ്റർ (914 806 4595), ചെറിയാൻ പെരുമാൾ കോൺഫറൻസ് സെക്രട്ടറി (516 439 9087) എന്നിവരുമായി ബന്ധപ്പെടുക.

# ഫ്ളോറിഡ ഒഐസിസി ഇന്ത്യൻ റിപ്പബ്ലിക്ദിനം ആഘോഷിച്ചു

**ജോർജി വർഗീസ്**

ഫ്ളോറിഡ: ഇന്ത്യയുടെ 75-ാമത് റിപ്പബ്ലിക് ദിനം ഫ്ളോറിഡ ഒഐസിസിയുടെ നേതൃത്വത്തിൽ കെ.പി.സി.സി പ്രസിഡണ്ട് കെ. സുധാകരൻ




ഫ്ളോറിഡയിലെ ഗാന്ധി സ്റ്റാച്ച്യുവിൽ പുഷ്പാർച്ചന നടത്തി ആഘോഷിച്ചു.

കെ.പി.സി.സി പ്രസിഡണ്ട് തന്റെ പ്രസംഗത്തിൽ അമേരിക്കയിൽ വന്നതിനുശേഷവും മഹാത്മാഗാന്ധി സ്റ്റാച്യൂ സന്ദർശിക്കുവാനും ആ പുണ്യാത്മാവിനെ സ്മരിക്കുവാനും സാദ്ധ്യമായത് അസുലഭ സന്ദർഭമായി അനുസ്മരിച്ചു.

ബാപ്പുജിയുടെ കുട്ടിക്കാലം മുതൽക്കുള്ള പുസ്തകങ്ങൾ വായിച്ചിട്ടുള്ള ആളെന്ന നിലയ്ക്ക് അദ്ദേഹത്തെപ്പറ്റിയുള്ള ഓരോ ചിന്തകളും അവിസ്മരണീയമാണ്. രാഷ്ട്രപിതാവിനു മുൻപിൽ നിൽക്കുമ്പോൾ മനസ്സിന്റെ അകത്തളങ്ങളിൽ ആഞ്ഞുതള്ളുന്ന തിരമാലയാണ്. ഇന്ത്യാരാജ്യം സ്വതന്ത്ര രാജ്യമായി വളർന്നതിനു പിന്നിൽ അദ്ദേഹത്തിന്റെ മനസ്സിൽ ആസൂത്രണം ചെയ്ത, ലോകത്തിൽ ഇതുവരെ ആരും പരീക്ഷിച്ചിട്ടില്ലാത്ത അഹിംസാ സമരത്തിനു മുന്നിൽ രാജ്യത്തെ മുഴുവൻ വിറപ്പിച്ച തോക്കുകളും പീരങ്കികളും നിർജ്ജീവമായ ചരിത്രമുണ്ട്.

ട്രിഗർ വലിക്കാൻ ശ്രമിച്ച പട്ടാളക്കാരന്റെ വിരലുകൾ സ്തംഭിച്ചുപോയ എത്രയോ സംഭവങ്ങൾ. മാർച്ച് ചെയ്യുന്ന കോൺഗ്രസ് ഭടന്മാരുടെ മേൽ ട്രിഗർ വലിക്കാൻ മടിച്ചുനിൽക്കുന്ന പട്ടാളക്കാർ, സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ തോക്കിനെ നിരായുധരായി തളച്ചിട്ട അഹിംസാ സമരമാണ് ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിത്തന്നത്.

ഒഐസിസി നാഷണൽ ചെയർമാൻ ജെയിംസ് കൂടൽ വിശിഷ്ടാതിഥിയായിരുന്നു. ഫ്ളോറിഡ ചാപ്റ്റർ പ്രസിഡണ്ട് ജോർജി വർഗീസ് സ്വാഗതവും സെക്രട്ടറി ജോർജ് മാലിയിൽ നന്ദിയും പറഞ്ഞു.

നാഷണൽ വൈസ് പ്രസിഡണ്ട് ഡോ. മാമ്മൻ സി. ജേക്കബ്, റീജിയണൽ പ്രസിഡണ്ട് ഡോ. സാജൻ കുര്യൻ, റീജിയണൽ ചെയർമാൻ ജോയി കുറ്റ്യാനി, ഒഐസിസി ഫ്ളോറിഡ ചെയർപേഴ്സൺ ശ്രീമതി ബിനു ചിലമ്പത്ത്, ട്രഷറർ മാത്തുക്കുട്ടി തുമ്പമൺ, മെംബർഷിപ്പ് കമ്മിറ്റി കോ-ഓർഡിനേറ്റർ സേവി മാത്യു, ഫോമാ ട്രഷറർ ബിജു തോണിക്കടവിൽ, ജോസ് തോമസ് സിപിഎ, ഒഐസിസി നേതാക്കളായ ഷീല ജോസ്, സജി സക്കറിയാസ്, ലൂക്കോസ് പൈനുങ്കൽ, ബാബു കല്ലിടിക്കിൽ, അസ്സിസി നടയിൽ, മനോജ് ജോർജ്, ജെയിൻ വാതിയേലിൽ, ബിനു പാപ്പച്ചൻ, കേരള സമാജം പ്രസിഡണ്ട് ഷിബു ജോസഫ് എന്നിവരുൾപ്പെടെ അനേകം പേർ പങ്കെടുത്തു.

# ചിക്കാഗോ സെ. മേരീസിൽ മൂന്നു നോമ്പാചരണവും പുറത്തുനമസ്കാരവും നടത്തപ്പെട്ടു

**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ മൂന്നു നോമ്പാചരണത്തോടനുബന്ധിച്ച് പുറത്തുനമസ്കാരം ഭക്തിനിർഭരമായ ചടങ്ങുകളോടെ നടത്തപ്പെട്ടു. ഡിട്രോയിറ്റ് സെ. മേരീസ് ക്നാനായ ഇടവക വികാരി ഫാ. ജോസ്



തറയ്ക്കലിന്റെ മുഖ്യകാർമ്മികത്വത്തിലായിരുന്നു മൂന്നു നോമ്പാചരണത്തിന്റെ ഭാഗമായ വി. കുർബാനയും പുറത്തുനമസ്കാരവും നടത്തപ്പെട്ടത്.

പ്രവാസലോകത്ത് ആദ്യമായി പുറത്ത്നമസ്കാരം നടത്തപ്പെട്ട ചിക്കാഗോ സെ. മേരീസ് ക്നാനായ ദൈവാലയത്തിൽ പൗരാണികവും പരമ്പരാഗതവുമായ ഈ ആചരണത്തിന് പുതുജീവൻ നല്കുന്ന ഇടവക നേതൃത്വത്തെ അദ്ദേഹം അഭിനന്ദിച്ചു.

ചിക്കാഗോ സീറോമലബാർ രൂപത വികാരി ജനറാളും ക്നാനായ റീജിയൺ ഡയറക്ടറുമായ മോൺ. തോമസ് മുളവനാൽ സന്ദേശം നല്കി. കടുത്തുരുത്തി വലിയ പള്ളിയിലെ പരമ്പരാഗതമായ മൂന്നു നോമ്പാചരണത്തിന്റെയും പുറത്ത്നമസകാരത്തിന്റെയും ചരിത്രത്തെ അദ്ദേഹം തന്റെ പ്രസംഗത്തിൽ ഉദ്ധരിച്ചു. ദൈവാലയത്തിന്റെ ഹാളിൽ എണ്ണനേർച്ച നടത്തുവാൻ സാധിക്കത്തക്കവിധത്തിൽ സജ്ജമാക്കിയ കൽക്കുരിശും ഊട്ടുനേർച്ചയും പരമ്പരാഗതമായ കടുത്തുരുത്തി വലിയപള്ളിയിലെ നോമ്പാചരണത്തിന്റെ പ്രതിഫലനമായി മാറി.

ബിജു ആൻഡ് ലവ്‌ലി പാലകൻ, ഫിലിപ്പ് ആൻഡ് എൽസമ്മ നെടുംതുരുത്തിൽ, ജോണി ആൻഡ് അന്നമ്മ തെക്കേപ്പറമ്പിൽ, ഫിലിപ്പ് ആൻഡ് ചിന്നമ്മ ഞാറവേലിൽ, സിറിൽ ആൻഡ് ഷേർളി കമ്പക്കാലുങ്കൽ, സാബു ആൻഡ് ജിജി കട്ടപ്പുറം, രാജു ആൻഡ് കുഞ്ഞമ്മ നെടിയകാലായിൽ, ജോയൽ ആൻഡ് സോളി ഏലക്കാട്ട് എന്നിവർ പ്രസുദേന്തിമാരായിരുന്നു. അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ, സെക്രട്ടറി സിസ്റ്റർ സിൽവേരിയൂസ്, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ജോർജ് മറ്റത്തിപ്പറമ്പിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ബിനു പൂത്തുറയിൽ, നിബിൻ വെട്ടിക്കാട്ടിൽ എന്നിവർ തിരുനാളിന്റെ സജ്ജീകരണങ്ങൾക്ക് നേതൃത്വം നല്കി.



# ജാക്സൺ ഹൈറ്റ്സ് സെന്റ് മേരീസിൽ മൂന്ന് നോമ്പു വീടൽ

ചിക്കാഗോ: ജാക്സൺ ഹൈറ്റ്സ് സെന്റ് മേരീസ് ഇടവകയിലെ മൂന്ന് നോമ്പുവീടൽ, സൗത്ത് വെസ്റ്റ് മെത്രാപ്പോലീത്താ തോമസ് മാർ ഈവാനിയോസിന്റെ പ്രധാന കാർമ്മികത്വത്തിൽ നടന്നു.



വനിതാ സമാജം സെക്രട്ടറി ഷീലാ തോമസിന്റെ നേതൃത്വത്തിൽ, മൂന്നുദിന വേദപുസ്തക പാരായണം നടത്തപ്പെട്ടു.

ഇടവകയുടെ നിത്യസ്നേഹിതനായ പി.സി. തോമസച്ചൻ മെത്രാപ്പോലീത്തയായി ഇടവക സന്ദർശിച്ചത് ആദ്യമായിരുന്നു. ഇടവക വികാരി ഫാ. ജോൺ തോമസ്, ട്രഷറർ ജോൺ താമരവേലിൽ, സണ്ടേ സ്കൂൾ പ്രിൻസിപ്പൽ ബിജി വർഗീസ് തുടങ്ങിയവരുടെ നേതൃത്വത്തിൽ മെത്രാപ്പോലീത്തായെ കത്തിച്ച മെഴുകുതിരികളോടെ, ദേവാലയത്തിലേക്ക് ആനയിച്ചു.

അമേരിക്കയിൽ ജനിച്ചു വളർന്ന് തിക്കോൺ, വ്ളാഡിമിർ സെമിനാരികളിലായി അഭ്യസനം നടത്തുന്ന ഒരു ഡസനിലധികം സെമിനാരി വിദ്യാർത്ഥികൾ ആരാധനയ്ക്ക് ഊർജം പകർന്നു.

അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന ബർണബാസ് തിരുമേനിയോടൊപ്പം വൈദികനായി ചെലവഴിച്ച നാളുകളിൽ, ഇടവകയുമായും മുൻവികാരി ഫാ. റ്റി.ജി. സഖറിയാ കോർഎപ്പിസ്കോപ്പാ, ഫാ ജോൺ തോമസ് തുടങ്ങിയവരുമായി വളർത്തിയെടുത്ത സ്നേഹബന്ധങ്ങളും ആരാധനയ്ക്കുശേഷം നടന്ന യോഗത്തിൽ തിരുമേനി ഓർമ്മപ്പെടുത്തി. ഇടവകയുടെ പ്രവർത്തനങ്ങളെ അദ്ദേഹം ശ്ളാഘിച്ചു.

ഭൂമിയിലേക്ക് അയക്കപ്പെട്ടിരിക്കുന്ന ഓരോരുത്തർക്കും ദൈവം തമ്പുരാൻ ഓരോ ദൗത്യം നൽകിയിട്ടുണ്ടെന്നും അതിൽനിന്നും പിൻമാറാൻ ശ്രമിക്കരുതെന്നും മൂന്ന് നോമ്പിൽ കൂടുതലായി കേട്ട യോനാ പ്രവാചകന്റെ ചരിത്രം ഉരുവിട്ടുകൊണ്ട് അദ്ദേഹം ഓർമ്മപ്പെടുത്തി.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.16 |
| യൂറോ | 90.00 |
| സ്റ്റെർലിംഗ്പൗണ്ട് | 105.71 |
| സ്വിസ് ഫ്രാങ്ക് | 96.39 |
| സിംഗപ്പൂർ ഡോളർ | 62.00 |
| കനേഡിയൻ ഡോളർ | 61.91 |
| ഒമാൻ റിയാൽ | 216.02 |
| ബഹ്റൈൻ ദിനാർ | 220.62 |
| സൗദി റിയാൽ | 22.18 |
| യു.എ.ഇ. ദിർഹം | 22.64 |
| കുവൈത്ത് ദിനാർ | 270.28 |



# പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ന്യൂയോർക്ക് ചാപ്റ്റർ പ്രവർത്തനോദ്ഘാടനം

നിബു വെള്ളുവന്താനം

ന്യൂയോർക്ക്: കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ന്യൂയോർക്ക് ചാപ്റ്ററിന്റെ പ്രവർത്തനോദ്ഘാടന സമ്മേളനം ജനുവരി 21-ന് സൂം പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു. പാസ്റ്റർ തോമസ് ഏബ്രഹാം ഉദ്ഘാടനം നിർവഹിച്ചു.



അനുഗൃഹീത ആത്മീയപ്രഭാഷകൻ പാസ്റ്റർ ബാബു ചെറിയാൻ അതിഥിപ്രഭാഷകനായിരുന്നു. വിവിധ ശുശ്രൂഷകന്മാർ, സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

മിഷനറി ഗ്രഹാം സ്റ്റെയിൻസിന്റെ 25-ാം ചരമവാർഷിക ദിവസത്തോടനുബന്ധിച്ച് ലോകമെങ്ങും പീഡിപ്പിക്കപ്പെട്ട ക്രിസ്ത്യൻ സുവിശേഷകരെയും പ്രത്യേകിച്ച് ഇന്ത്യയിലുള്ളവരെയും അനുസ്മരിക്കുകയും അവരുടെ കുടുംബാംഗങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും ചെയ്തു. 'ട്രയംഫന്റ് വോയ്സ്' എന്ന ചാപ്റ്ററിന്റെ പുതിയ മാസിക പാസ്റ്റർ ജോൺസൺ ജോർജ് പ്രകാശനം ചെയ്തു.

യുവജനങ്ങൾക്കും കുടുംബാംഗങ്ങൾക്കുമായി വിവിധ സെമിനാറുകൾ നടത്തുവാനും ഇന്ത്യയിൽ പെന്തെക്കോസ്ത് വളർച്ചയുടെ നൂറാം വർഷത്തിന്റെ ഭാഗമായി പ്രവാസികളുടെ സംഭാവനയെക്കുറിച്ചുള്ള സെമിനാർ ഏപ്രിൽ മാസത്തിൽ സംഘടിപ്പിക്കുവാനും ചാപ്റ്റർ തീരുമാനിച്ചു. ക്രിസ്ത്യൻ പീഡനങ്ങളെക്കുറിച്ച് അവബോധം വളർത്തുന്ന 2കെ മാരത്തൺ, പ്രാർത്ഥനാ സമ്മേളനങ്ങൾ, പ്രത്യേക മീറ്റിംഗുകൾ എന്നിവയാണ് മറ്റ് പരിപാടികൾ.

റവ.ഡോ. ജോമോൻ ജോർജ് പ്രസിഡണ്ടായും പാസ്റ്റർ എബി തോമസ്-വൈസ് പ്രസിഡണ്ട്, സാം മേമന-സെക്രട്ടറി, റവ.ഡോ. റോജൻ സാം-ജോ. സെക്രട്ടറി, ബ്ര. ജോസ് ബേബി-ട്രഷറർ, സഹോദരി സൂസൻ ജെയിംസ്-വനിതാ കോ-ഓർഡിനേറ്റർ, സ്റ്റേസി മത്തായി-യൂത്ത് കോ-ഓർഡിനേറ്റർ എന്നിവരാണ് ചാപ്റ്റർ ഭാരവാഹികൾ.

# പ്രസിഡണ്ടിന്റെ ഇന്ത്യാവിരുദ്ധ നിലപാട്; മാലദ്വീപിൽ പ്രതിപക്ഷ പ്രതിഷേധം

മാലി: സർക്കാരിന്റെ ഇന്ത്യാവിരുദ്ധ നിലപാടിനെതിരെ മാലദ്വീപിൽ വ്യാപക പ്രതിഷേധം. ചൈനീസ് കപ്പലിനു നങ്കൂരമിടാൻ അനുമതി നൽകിയതിനു പിന്നാലെയാണ് മാലദ്വീപ് പ്രസിഡണ്ട് മുഹമ്മദ് മുയിസുവിനെതിരെ രൂക്ഷ വിമർശനവുമായി പ്രതിപക്ഷപാർട്ടികൾ രംഗത്തെത്തിയത്.

മുയിസുവിന്റെ നീക്കങ്ങൾ ഇന്ത്യയുടെ വികസനത്തെ സാരമായി ബാധിക്കുമെന്ന വിമർശനമുയർത്തി മാലദ്വീപിയൻ ഡെമോക്രാറ്റിക് പാർട്ടിയും (എം.ഡി.പി.) ഡെമോക്രാറ്റ്സുമാണ് രംഗത്തെത്തിയത്. അയൽരാജ്യവുമായുള്ള ബന്ധം വഷളാകുന്നതിനൊപ്പം ചൈനയോട് അടുപ്പംകൂടുന്നത് തന്ത്രപ്രധാനമായ ഇന്ത്യൻ മഹാസമുദ്രത്തിലടക്കം സൈനികവും ഭൗമരാഷ്ട്രപരമായ മാറ്റത്തിന് ഇടയാക്കുമെന്നും പ്രതിപക്ഷ കക്ഷികൾ പറയുന്നു.

ഇന്ത്യാവിരുദ്ധ നിലപാടുയർത്തി തെരഞ്ഞെടുപ്പിനെ നേരിട്ട മാലദ്വീപ് പ്രോഗ്രസീവ് പാർട്ടിനേതാവായ മുഹമ്മദ് മുയിസു 54 ശതമാനം വോട്ടുനേടിയാണ് വിജയിച്ചത്. മുൻപ്രസിഡണ്ടും എം.ഡി.പി. നേതാവുമായ ഇബ്രാഹിം മുഹമ്മദ് സോലിഹിനു 46 ശതമാനം വോട്ടാണ് കിട്ടിയത്.

എല്ലാക്കാലത്തും മാലദ്വീപിനു കൈതാങ്ങായിനിന്ന ദീർഘകാല സഖ്യകക്ഷിയായ ഇന്ത്യയെ അകറ്റുന്നത് ദ്വീപിന്റെ ഭാവിവികസനത്തെ ബാധിക്കുമെന്നാണ് പ്രതിപക്ഷം അഭിപ്രായപ്പെടുന്നത്. സർക്കാരിന്റെ വിദേശ നയത്തിലെ പെട്ടെന്നുള്ള ദിശമാറ്റം മാലദ്വീപ് പിന്തുടർന്നു വന്നിരുന്ന നിലപാടിനു വിരുദ്ധമാണ്.

എല്ലാ സംഖ്യരാജ്യങ്ങൾക്കുമൊപ്പം ദ്വീപിന്റെ വികസനത്തിനായിച്ചേർന്ന് പ്രവർത്തിക്കുകയാണ് വേണ്ടതെന്നും എം.ഡി.പി. ചെയർമാൻ ഫയാസ് ഇസ്മായിൽ, പാർലമെന്റിലെ ഡെപ്യൂട്ടി സ്പീക്കർ അഹമ്മദ് സലീം, ഡെമോക്രാറ്റ്സ് തലവൻ എം.പി. ഹസൻ ലത്തീഫ്, പാർലമെന്ററി ഗ്രൂപ്പ് ലീഡർ അലി അസിം എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു. 87 അംഗ പാർലമെന്റിൽ പ്രതിപക്ഷത്തെ ഇരു പാർട്ടികൾക്കുമായി 55 അംഗങ്ങളാണുള്ളത്.

# സാമ്പത്തിക രംഗത്ത് മികച്ച കുതിപ്പ്

ചിക്കാഗോ: അമേരിക്കയുടെ സമ്പദ് വ്യവസ്ഥ തകർച്ചയിലേയ്ക്ക് എന്ന നിരവധി പ്രവചനങ്ങൾ അസ്ഥാനത്താക്കിക്കൊണ്ട് 2023-ലെ അവസാന മൂന്ന് മാസക്കാലം രാജ്യത്തെ ഗ്രോസ്സ് ഡൊമസ്റ്റിക്ക് പ്രോഡക്ട് 3.3 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. ഏതാണ്ട് ഒന്നരവർഷമായി സാമ്പത്തികരംഗത്ത് സാവധാനം അനുഭവപ്പെടുന്ന വളർച്ചയുടെ തുടർച്ചയായാണ് 2023 ഒക്ടോബർ മുതൽ ഡിസംബർ വരെയുണ്ടായ 3.3 ജി.ഡി.പി. വർദ്ധനവ്. തൊഴിൽ മേഖലയിലുണ്ടായ റെക്കോർഡ് കുതിപ്പും വാർഷിക വരുമാനത്തിലുണ്ടായ ഗണ്യമായ വർദ്ധനവും അവശ്യസാധനങ്ങൾക്കും ആഡംബര വസ്തുക്കൾക്കുമായി ചെലവഴിക്കുവാൻ അമേരിക്കൻ ഉപഭോക്താക്കൾക്ക് നൽകിയ ആത്മവിശ്വാസമാണ് സാമ്പത്തികരംഗത്ത് അനുഭവപ്പെട്ട കുതിപ്പിന് ആധാരം. സ്റ്റോക്ക് മാർക്കറ്റ് സൂചികകളും ഏതാണ്ട് ദിനംപ്രതിയെന്നോണം പുതിയ ഉയരങ്ങൾ കീഴടക്കുകയാണിപ്പോൾ അമേരിക്കയിൽ.

കോവിഡ് മഹാമാരി മൂലമുണ്ടായ സാമ്പത്തിക തകർച്ചയിൽനിന്നും വിലവർദ്ധനവിൽനിന്നും അമേരിക്ക മോചിതമാകുന്നുവെന്ന സൂചനകൂടിയാണ് പുതിയ ജി.ഡി.പി. റിപ്പോർട്ട് നൽകുന്നത്. 2022-ൽ അനുഭവപ്പെട്ട 2.6 ശതമാനം വിലവർദ്ധനവ് ക്രമേണ കുറഞ്ഞ് ഇപ്പോൾ 1.7 ശതമാനം വർദ്ധനവിൽ എത്തിനില്ക്കുന്നു. വിലവർദ്ധനവ് നിയന്ത്രണവിധേയമാക്കുവാൻ 2022-23 വർഷങ്ങളിൽ നിരവധി തവണ പലിശനിരക്ക് വർദ്ധിപ്പിക്കുവാൻ ഫെഡറൽ റിസർവ് അധികൃതരെ നിർബന്ധിതരാക്കി. എന്നാൽ സാമ്പത്തികരംഗത്തുണ്ടായ ശുഭസൂചനകൾ ഈ വർഷം മൂന്ന് തവണയെങ്കിലും പലിശനിരക്ക് വെട്ടിക്കുറയ്ക്കുവാൻ ഫെഡറൽ റിസർവ് അധികൃതരെ പ്രേരിപ്പിക്കുമെന്ന് സാമ്പത്തിക വിദഗ്ദ്ധർ അഭിപ്രായപ്പെട്ടു.

കടപ്പാട് - ഡെയിലി ഹെറാൾഡ്

# ഇ.ഡി. അന്വേഷണം സുതാര്യമാകണം: സുപ്രീംകോടതി

ന്യൂഡൽഹി: എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും (ഇ.ഡി.) സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന കേസുകളിൽ പ്രതികാര അറസ്റ്റുകളും വേട്ടയാടലുകളും പാടില്ലെന്ന് സുപ്രീംകോടതി. അന്വേഷണം സുതാര്യമാക്കാൻ പ്രത്യേക മാർഗനിർദേശങ്ങൾ രൂപവത്കരിക്കാൻ കോടതി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു.

മിക്കസംസ്ഥാനങ്ങളിലും ഇ.ഡി.യും സംസ്ഥാനസർക്കാരും തമ്മിൽ പോര് രൂക്ഷമാണ്. അന്വേഷണം ന്യായമായും സുതാര്യമായും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും ഇന്ത്യയുടെ ഫെഡറൽ സ്വഭാവം സംരക്ഷിക്കാനും ദേശീയതല മാർഗനിർദേശം തയ്യാറാക്കാനാണ് ജസ്റ്റിസുമാരായ സൂര്യകാന്ത്, കെ.വി. വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ച് ആവശ്യപ്പെട്ടിരിക്കുന്നത്.

തമിഴ്നാട്ടിലെ ദിണ്ടിഗലിൽ കേസ് ഒതുക്കാൻ ഡോക്ടറിൽനിന്ന് 20 ലക്ഷം രൂപ കൈക്കൂലി വാങ്ങുന്നതിനിടെ അറസ്റ്റിലായ ഇ.ഡി. ഉദ്യോഗസ്ഥൻ അങ്കിത് തിവാരിയുൾപ്പെട്ട കേസിന്റെ അന്വേഷണം സി.ബി.ഐ.ക്ക് വിടണമെന്നാവശ്യപ്പെട്ടുള്ള ഇ.ഡി.യുടെ ഹർജിയിലാണ് സുപ്രീംകോടതിയുടെ നടപടി. അങ്കിതിനെതിരായ അന്വേഷണനടപടികൾ സുപ്രീംകോടതി താത്കാലികമായി തടഞ്ഞു.

തിവാരിക്കെതിരായ കേസിൽ സി.ബി.ഐ. അന്വേഷണം തള്ളിക്കൊണ്ട് മദ്രാസ് ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിനെ പരാമർശിച്ച് ജസ്റ്റിസ് സൂര്യകാന്ത്, ഇത്തരം കേസുകളിൽ സുതാര്യമായ അന്വേഷണം ഉറപ്പാക്കാൻ കേന്ദ്രം മുൻകൈയെടുക്കണമെന്നും അല്ലെങ്കിൽ കോടതി ഇടപെടുമെന്നും പറഞ്ഞു.



# സാഹിത്യവേദി ഫെബ്രുവരി രണ്ടിന്, എം.പി. സേതുമാധവൻ അനുഭവക്കുറിപ്പുകൾ പങ്കുവെക്കുന്നു

ചിക്കാഗോ: സാഹിത്യവേദിയുടെ അടുത്ത സമ്മേളനം ഫെബ്രുവരി രണ്ടിന് വെള്ളിയാഴ്ച ചിക്കാഗോ സമയം വൈകുന്നേരം 7.30-നും സൂം വെബ് കോൺഫറൻസ് വഴിയായി കൂടുന്നതാണ്.

(Zoom' Meeting Link https://us02web.zoom.us/j/81475259178 Passcode: 2990

Meeting ID: 81475259178)

കൗമാരം വിട്ടുമാറാത്ത പ്രായത്തിൽ വരുംവരായ്കകളെക്കുറിച്ച് വ്യക്തമായ ബോധമില്ലാതെ ഏറ്റെടുത്ത, ജീവിതത്തെ തന്നെ മാറ്റിമറിച്ച ഒരു സാഹസിക യാത്ര. ആ യാത്രയിലേക്ക് നയിച്ച ചുറ്റുപാടുകളും യാത്രയും അതിലൂടെ കരുപ്പിടിപ്പിച്ച പിന്നീടുള്ള ജീവിതത്തിലെ ചില അനുഭവങ്ങളെക്കുറിച്ചുമുള്ള തന്റെ ഓർമ്മായനം നമ്മളുമായി പങ്കുവെക്കുന്നു സാഹിത്യവേദിയുടെ ഈ ലക്കത്തിൽ എം.പി. സേതുമാധവൻ. ആ അനുഭവക്കുറിപ്പുകൾ മാതൃഭൂമി ബുക്സ് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാൻ ഇടയായ സാഹചര്യവും ഇവിടെ ഇതൾ വിരിയുന്നു. നമുക്ക് കാതോർക്കാം ആ അനുഭവ സാക്ഷ്യത്തിനായി.









ഡിസംബർ മാസത്തിലെ സാഹിത്യവേദിയിൽ നടനും നാടകകൃത്തുമായ സി.ആർ. സദാശിവൻ പിള്ള കടമ്മനിട്ടയുടെ കവിതകൾ ചൊൽക്കാഴ്ചയായി അവതരിപ്പിച്ചത് സാഹിത്യവേദി അംഗങ്ങൾ ഏറെ ആസ്വദിച്ചു.

എല്ലാ സാഹിത്യ സ്നേഹികളേയും ഫെബ്രുവരി മാസ സാഹിത്യവേദിയിലേക്കു സഹർഷം സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക്:

എം.പി. സേതുമാധവൻ 224 509 2346

പ്രസന്നൻ പിള്ള 630 935 2990

ജോൺ ഇലക്കാട് 773 282 4955

# വീണയുടെ കേസ് വാദിക്കാൻ സുപ്രീംകോടതി അഭിഭാഷകൻ

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ മകൾ വീണയുടെ കമ്പനിയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലുള്ള കേസ് വാദിക്കാൻ കെഎസ്ഐഡിസി ഇറക്കിയത് സുപ്രീംകോടതിയിൽ അയോധ്യകേസിൽ രാംലല്ലയ്ക്കു വേണ്ടി ഹാജരായ സി.എസ്. വൈദ്യനാഥൻ എന്ന അഭിഭാഷകനെ. ഹൈക്കോടതിയിൽ കഴിഞ്ഞ 24-ന് ഓൺലൈനായി ഹാജരായ ഇദ്ദേഹം ഒറ്റദിവസത്തെ ഫീസായി 25 ലക്ഷം രൂപ ആവശ്യപ്പെട്ട് കെഎസ്ഐഡിസിക്ക് കത്ത് നല്കി. പുറമേ ഓഫീസ് ചാർജും നല്കണം. തുടർന്നുള്ള സിറ്റിങ്ങുകളിൽ അദ്ദേഹം തന്നെ ഹാജരാകുമെന്നാണ് സൂചന. വീണയുടെ കമ്പനിയുമായി ബന്ധപ്പെട്ടു വിവാദത്തിലായ സിഎംആർഎലിൽ 13.4 ശതമാനം അഥവാ 1.05 കോടി രൂപയുടെ നിക്ഷേപം വ്യവസായ വകുപ്പിനു കീഴിലെ കെഎസ്ഐഡിസിക്കുണ്ട്. എക്സാലോജിക്കും സിഎംആർഎലും തമ്മിലുള്ള പണമിടപാട് സംബന്ധിച്ച് കെഎസ്ഐഡിസി നല്കിയ വിശദീകരണം തൃപ്തികരമല്ലെന്നു കണ്ടതിനെത്തുടർന്ന് കമ്പനിനിയമം 210 പ്രകാരമുള്ള അന്വേഷണം കേന്ദ്ര കോർപറേറ്റ് മന്ത്രാലയം നടത്തുന്നു. സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് അന്വേഷിക്കണമെന്ന ഹൈക്കോടതിയിലെ ഹർജിയിൽ നാലാം എതിർകക്ഷിയുമാണ് കെഎസ്ഐഡിസി. അന്വേഷണക്കുരുക്കു മുറുകുന്ന സാഹചര്യത്തിലാണ് മുതിർന്ന അഭിഭാഷകനെ സമീപിച്ചത്. പൂർണമായും സർക്കാർ ഉടമസ്ഥതയിലുള്ള കെഎസ്ഐ.ഡിസിയുടെ മാനേജ്മെന്റ് സർക്കാർ നിർദേശമില്ലാതെ ഇതിനു മുതിരില്ല.

## റിപ്പോർട്ട് തേടി

(ഒന്നാം പേജിൽ നിന്നും)

ഷെൽ വലിച്ചെറിഞ്ഞതായി കെ. മുരളീധരൻ ലോക്സഭാ സ്പീക്കർക്കു പരാതി നല്കിയിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര ആഭ്യന്തര സെക്രട്ടറിയോട് കേരള സർക്കാരിൽ നിന്ന് 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് വാങ്ങി ലോക്സഭാ സ്പീക്കർക്കു നല്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

ഡിജിപിക്കെതിരെ നടപടി ആവശ്യപ്പെട്ടായിരുന്നു മുരളീധരന്റെ പരാതി. പ്രതിപക്ഷ നേതാവും ഏഴ് എംപിമാരും ആറ് എംഎൽഎമാരും സ്റ്റേജിലുള്ളപ്പോഴായിരുന്നു അതീവശേഷിയുള്ള ഷെൽ എറിഞ്ഞതെന്നും അതുമൂലം ശാരീരികാസ്വാസ്ഥ്യം ഉണ്ടായെന്നും പരാതിയിൽ പറഞ്ഞിരുന്നു.

## പ്രതിഷേധിച്ച് ഗവർണർ

(ഒന്നാം പേജിൽ നിന്നും)

സമരക്കാരുമായി വാക്കേറ്റവും പിടിവലിയുമായി. 11 പ്രവർത്തകരെ പോലീസ് കസ്റ്റഡിയിലെടുത്തെങ്കിലും മൊത്തം അൻപതോളം പേരുണ്ടെന്നും എല്ലാവർക്കുമെതിരെ നടപടി വേണമെന്നും ആവശ്യപ്പെട്ട് ഗവർണർ റോഡരികിൽ കസേരയിട്ട് ഇരിപ്പായി. 11 പേരെ അറസ്റ്റ് ചെയ്തതായും 17 പേരെ പ്രതിയാക്കി കേസെടുത്തതായും ഉദ്യോഗസ്ഥർ അറിയിച്ചെങ്കിലും എഫ്.ഐ.ആർ. കാണാതെ പിന്മാറില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. അനുനയിപ്പിക്കാൻ ഡി.ജി.പി. എസ്. ദർവേഷ് സാഹിബ് ഫോണിൽ വിളിച്ചെങ്കിലും വഴങ്ങിയില്ല. തനിക്കു പ്രധാനമന്ത്രിയോടു സംസാരിക്കണമെന്നും അദ്ദേഹം ഇതിനിടെ പഴ്സണൽ സ്റ്റാഫിനോട് ആവശ്യപ്പെട്ടു.

തുടർന്ന് ജാമ്യമില്ലാ വകുപ്പുകൾ ചേർത്ത് ചടയമംഗലം പോലീസ് കേസെടുത്തു. 12.40-ന് എഫ്.ഐ.ആറിന്റെ പകർപ്പ് കിട്ടിയതോടെയാണ് ഗവർണർ കാറിൽ കയറിയത്.

## ബീഹാർ മുഖ്യമന്ത്രിയായി നിതീഷ് കുമാർ

(ഒന്നാം പേജിൽ നിന്നും)

അടുത്ത നിയമസഭാ തെരഞ്ഞെടുപ്പോടെ ജെ.ഡി-യു ഇല്ലാതാകുമെന്നു തേജസ്വി യാദവ് പറഞ്ഞു. 'വഞ്ചകൻ' എന്നാണ് നിതീഷ്കുമാറിനെ സി.പി.ഐ. (എം.എൽ.) ലിബറേഷൻ ജനറൽ സെക്രട്ടറി ദീപാങ്കർ ഭട്ടാചാര്യ വിശേഷിപ്പിച്ചത്. മഹാസഖ്യത്തെ ഉപേക്ഷിച്ച നിതീഷ്കുമാർ 28-ന് രാവിലെ ഗവർണറെ കണ്ട് രാജി സമർപ്പിച്ചിരുന്നു. മഹാസഖ്യത്തിലെയും ഇന്ത്യാ മുന്നണിയിലെയും സംഭവവികാസങ്ങളിൽ തനിക്ക് അതൃപ്തിയുണ്ടെന്നു നിതീഷ്കുമാർ മാധ്യമപ്രവർത്തകരോടു പറഞ്ഞു. സഖ്യം സംബന്ധിച്ച് തീരുമാനമെടുക്കാൻ നിയമസഭാ കക്ഷിയോഗം നിതീഷ്കുമാറിനെ ചുമതലപ്പെടുത്തിയിരുന്നു. ഇതിനിടെ, 19 അംഗങ്ങളുള്ള കോൺഗ്രസിനെ പിളർത്താൻ ബി.ജെ.പി. ശ്രമമാരംഭിച്ചതായി റിപ്പോർട്ടുണ്ട്.

പകുതിയിലേറെ കോൺഗ്രസ് എം.എൽ.എമാരെ എൻ.ഡി.എ. പക്ഷത്തെത്തിക്കാനാണു നീക്കം. കോൺഗ്രസ് നിയമസഭാ കക്ഷിയോഗം വിളിച്ചുചേർത്തെങ്കിലും പകുതിയിലേറെ എം.എൽ.എമാരെയും ബന്ധപ്പെടാനായില്ല. ബി.ജെ.പി. ബന്ധം അവസാനിപ്പിച്ച് 2022 ഓഗസ്റ്റിലാണ് നിതീഷ്കുമാർ മഹാസഖ്യത്തിൽ ചേർന്നത്. ജെ.ഡി-യുവിനെ പിളർത്താൻ ബി.ജെ.പി. ശ്രമിക്കുകയാണെന്ന് ആരോപിച്ചായിരുന്നു അന്ന് നിതീഷ് എൻ.ഡി.എ. വിട്ടത്.

# ഗവർണറുടെ സുരക്ഷ സി.ആർ.പി.എഫിന്; ഇന്ത്യയിലെവിടെയും സെഡ് പ്ലസ് സുരക്ഷ

തിരുവനന്തപുരം: ഗവർണർ ആരിഫ് മുഹമ്മദ് ഖാന് സുരക്ഷയൊരുക്കുക ബെംഗളൂരുവിൽ നിന്നുള്ള സി.ആർ.പി.എഫിന്റെ പ്രത്യേക വി.ഐ.പി. സെക്യൂരിറ്റി സംഘം. 41 പേർ ഒരു സമയം ഗവർണർക്കൊപ്പം ഡ്യൂട്ടിക്കുണ്ടാകും. ഗവർണർ ഇന്ത്യയിലെവിടെപ്പോയാലും സെഡ് പ്ലസ് സുരക്ഷയൊരുക്കണമെന്ന് എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദേശം നൽകി.

വി.ഐ.പി. സുരക്ഷയ്ക്കായി പ്രത്യേക പരിശീലനം ലഭിച്ച സി.ആർ.പി.എഫ്. ഡിവിഷൻ ദക്ഷിണേന്ത്യയ്ക്കായി ബെംഗളൂരുവിലാണുള്ളത്. സി.ആർ.പി.എഫ്. സേനാംഗങ്ങൾക്ക് ബാരക്കും മെസ്സും ഒരുക്കണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രാലയം രാജ്ഭവന് നിർദേശം നൽകി.

ഗവർണർ താമസിക്കുന്ന സ്ഥലവും യാത്രയുമെല്ലാം ഈ സുരക്ഷാ ടീമിന്റെ ചുമതലയിലായിരിക്കും. നിലവിൽ ഗവർണർക്ക് സുരക്ഷയൊരുക്കുന്ന കേരള പോലീസ് കമാൻഡോ സംഘത്തെ പിൻവലിക്കണോ എന്ന് സംസ്ഥാന സർക്കാർ തീരുമാനിക്കുന്നത് ഗവർണറുടെ നിർദേശപ്രകാരമാകും. വി.ഐ.പിയുടെ ഏറ്റവും അടുത്തുള്ള മേഖല മാത്രമാണ് പ്രത്യേക സുരക്ഷാസംഘം ഏറ്റെടുക്കുക. ഇതിനു പുറത്തുള്ള രണ്ട് തലത്തിലെ സുരക്ഷാ മേഖലയിലും കേരള പോലീസ് ആണുണ്ടാകുക. നിലവിൽ കേരള പോലീസ് ഒരുക്കുന്നതും സെഡ് പ്ലസ് കാറ്റഗറി സുരക്ഷയാണ്.

# ഇലക്ട്രിക് ബസുകൾ വാങ്ങിയതിൽ വ്യാപക ക്രമക്കേട്: എം. വിൻസെന്റ് എം.എൽ.എ

തിരുവനന്തപുരം: കെ.എസ്.ആർ.ടി.സിക്കായി ഇലക്ട്രിക് ബസുകൾ വാങ്ങിയതിലും കണക്കുകളിലും ക്രമക്കേടുകളുണ്ടെന്ന ആരോപണവുമായി എം. വിൻസെന്റ് എം.എൽ.എ. രംഗത്ത്. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനിയുടെ ഇലക്ട്രിക് ബസുകൾ ലാഭത്തിലെന്നു കാണിച്ച് മാനേജ്മെന്റ് ഗതാഗതമന്ത്രിക്കു നൽകിയ കണക്കുകളിൽ ഗുരുതരമായ പിശകുകളുണ്ട്. പി.എം.ഐ. കമ്പനികളുടെ 50 ഇലക്ട്രിക് ബസുകളുടെ പർച്ചേസുകളിൽ ക്രമക്കേടുകളുണ്ടെന്ന് സംശയിക്കുന്നതായും എം.എൽ.എ. അറിയിച്ചു. രണ്ടോ മൂന്നോ ഇലക്ട്രിക് ബസുകൾ വാങ്ങി ഓടിച്ച് ഗുണനിലവാരം മനസിലാക്കാതെ ഒറ്റയടിക്ക് 50 ബസുകൾ നാല് ശതമാനം കിഫ്ബി വായ്പയ്ക്കു വാങ്ങിയത് അഴിമതിക്കാണോയെന്ന് അദ്ദേഹം ചോദിച്ചു. വാങ്ങിയ പുതിയ ബസുകളിൽ റിജക്റ്റഡ് സ്റ്റിക്കർ ഒട്ടിച്ചിരുന്നതായി മനസിലാക്കുന്നുവെന്നും അദ്ദേഹം പത്രസമ്മേളനത്തിൽ ആരോപിച്ചു. പി.എം.ഐ. കമ്പനിയുടെ 50 ഇലക്ട്രിക് ബസുകളുടെ പർച്ചേസ് ഉടമ്പടിയും വാങ്ങുന്നതിന് മുൻപ് ബസുകളുടെ ഗുണനിലവാരം പരിശോധിച്ച വിദഗ്ധ സമിതി റിപ്പോർട്ടും മാനേജ്മെന്റ് പുറത്തു വിടണം. ഒരു ബസിന് 6026 രൂപ പ്രതിദിന വരുമാനവും 4752 രൂപ പ്രതിദിന ചെലവുമാണ് മാനേജ്മെന്റിന്റെ കണക്ക്.

# ഭക്ഷ്യാവകാശത്തിന് പ്രതിഷേധം മോണാലിസയോട്

പാരീസ്: ഡാവിൻചിയുടെ മോണാലിസാ പെയിന്റിങ്ങിനു നേർക്ക് പ്രതിഷേധം. പാരീസിലെ ലൂവ്റ് മ്യൂസിയത്തിൽ സ്ഥാപിച്ചിരിക്കുന്ന പെയിന്റിങ്ങിനു നേർക്ക് രണ്ട് വനിതകൾ മത്തങ്ങാ സൂപ്പ് ഒഴിക്കുകയായിരുന്നു. ബുള്ളറ്റ് പ്രൂഫ് ഗ്ലാസിനാൽ സംരക്ഷിക്കപ്പെടുന്ന പെയിന്റിങ്ങിൽ സൂപ്പ് പതിച്ചില്ല. ഭക്ഷ്യാവകാശത്തിനു വേണ്ടിയായിരുന്നു ഈ നാടകമെന്ന് പ്രതിഷേധക്കാർ പറഞ്ഞു.



മോണാ ലിസയുടെ പെയിന്റിങ്ങിനു നേർക്ക് പ്രതിഷേധക്കാർ സൂപ്പ് ഒഴിച്ചപ്പോൾ

പെയിന്റിങ്ങിനു മുന്നിലേക്ക് ഓടിക്കയറിയ വനിതകൾ കലയാണോ ആരോഗ്യകരമായ ഭക്ഷണത്തിനുള്ള അവകാശമാണോ പ്രധാനമെന്നു ചോദിച്ചു. നമ്മുടെ കാർഷിക വ്യവസ്ഥ തകരാറിലാണെന്നും കർഷകർ ജോലിഭാരത്താൽ മരിക്കുകയാണെന്നും പറയുകയുണ്ടായി. ഫുഡ് കൗണ്ടറ്റാക് എന്ന സംഘടന പ്രതിഷേധത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തു.

ലിയനാർഡോ ഡാവിൻചി പതിനാറാം നൂറ്റാണ്ടിൽ വരച്ച മോണാലിസ ലോകത്തിലെ ഏറ്റവും പ്രശസ്ത കലാസൃഷ്ടികളിലൊന്നാണ്. 1950കളിൽ ഒരു സന്ദർശകൻ പെയിന്റിംഗിൽ ആസിഡ് ഒഴിച്ചിരുന്നു. ഇതേത്തുടർന്നാണ് പെയിന്റിംഗിനു മുന്നിൽ പ്രത്യേക സുരക്ഷാഗ്ലാസ് സ്ഥാപിച്ചത്.

# SEEKING BRIDEGROOM

*Knanaya Jacobite parents invite marriage proposals for their daughter (26 Yrs.), born and raised in the US, Master of Physician Assistant Working as a PA in a hospital. Marriage proposal invited from parents of Knanaya catholic / Jacobite, God-fearing boys born or raised & educated in the US or Canada with qualified Medical or other professional degrees & working. Please contact:
**knawedding101@yahoo.com**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to
**foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to:
**cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens).

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

Interested parties kindly contact us with details and a recent picture to:
**bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US. Please contact **(408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and currently works in financial services at a well established professional bank. She is also pursing Masters in Evangelism. Seeking God fearing, born again Christian boys from USA or Canada with a professional background. If interested, please email at **k64abraham@gmail.com** or **630-748-9314.**

*Christian parents settled in USA since 1997 invite proposals for their daughter, 37 years old, 5'3", born again and baptized and in fellowship with a Pentecostal Church.Our daughter has multiple degrees including law degree and working with State government (Florida) for the last seven years. She was raised in the

# SEEKING BRIDE

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Jacobite parents invite marriage proposals for their son 43 years old. Born and raised in Dubai, graduated from Czech medical university, P.G from New York. Innocently divorced. Presently working as a professor in one of the reputed medical schools in New York as professor, U.S. citizen. Interested parties contact. **91-9400026888**.

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

*Pentecostal parents seek a proposal for their 30-year-old son currently doing business in Kuwait. He was born and raised in Kerala and educated in Bangalore. He has a BBA and Hotel Management degree, is 5'7" tall, and has a fair complexion. Invite proposals from born-again, baptized, Holy Spirit-filled, and educated girls from the USA.
Email: **glorygeorge2255@gmail.com**
Phone: **+91 96058 05845 (India)**
**5867419373 (USA)**

*Parents prayerfully seek marriage for their 27-year-old son (Fair, 5'11"). He is born again, baptized and doing his MD residency (second year) in Houston, Texas. Seeking alliances from born again, baptized, USA brought up, educated girls. If interested, parents please share details with pictures at
**JOHNVUSA321@gmail.com**

*Pentecostal Malayalee parents are seeking proposals for their son. He is 30 years 5'-8". Born and brought-up in USA. He will be graduating in Masters of Science (MS) biology major by end of this year 2023. Seeking for a right partner while obtaining a suitable job after the graduation. Future plan may include work and study for PhD or MD program. Parents of USA born citizen daughters who are working or studying with same faith may contact me via email:
**jvarghese645@yahoo.com** with picture and general details.

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

## SEEKING BRIDEGROOM CONTD.....

Middle East until 10 years of age and moved to US in 1997. Parents of born again, educated boys from US or Canada with good spiritual background may respond to me directly at
**mathewg1956@gmail.com** or text at **863-709-6031.**

*Pentecostal family settled in USA is inviting marriage proposals for their 23-year-old daughter (May-2000), 5'3, completed her BSN and working as an emergency room nurse and also doing her MBA. She is born and brought up in the USA, well mannered, and fluent in Malayalam. Looking for God-fearing, born-again Christian boys under 30 with a professional background. If interested please contact **224-856-0429** with details and pictures.

## കുര്യൻ ഉമ്മൻ

**തലവടി:** കൊച്ചുമാമൂട്ടിൽ കുര്യൻ ഉമ്മൻ (അനിയൻ-72) ഡാളസിൽ അന്തരിച്ചു. ഭാര്യ തലവടി ചിറമേൽ തോണ്ടിത്രയിൽ സാറാമ്മ കുര്യൻ. മക്കൾ: ബിനി, ബിച്ചു. മരുമകൾ: സ്മിത (എല്ലാവരും യുഎസ്).

**മാങ്ങാനം:** കോട്ടയം അറുത്തൂട്ടി സ്കൈലൈൻ അപ്പാർട്ടുമെന്റിൽ പുതുപ്പറമ്പിൽ ഡോ. പി.സി. ജോർജ് (87) മകൻ ഡോ. അരുൺ ജോർജിന്റെ വെല്ലൂരുള്ള വസതിയിൽ അന്തരിച്ചു.

**കുര്യനാട്:** അബുദാബി ഡബ്ല്യുഇഡി റിട്ട. എൻജിനീയർ ക്രിസ്‌ലിൻ വില്ല (ഓലിക്കൽ) ബേബി സെബാസ്റ്റ്യൻ (73) അന്തരിച്ചു.

## ജേക്കബ് തോമസ്

**റാന്നി:** കുട്ടോത്തറ ജേക്കബ് തോമസ് (തോമസുകുട്ടി-80) ഫ്ളോറിഡയിൽ അന്തരിച്ചു. ഭാര്യ റാന്നി കണ്ണാത്തുമുറിയിൽ ഗ്രേസി. മക്കൾ: ദിവ്യ തോമസ്, പ്രിയ അരുൺ (സ്കോട്‌ലൻഡ്), പരേതയായ സ്നേഹ തോമസ്. മരുമകൻ: ഡോ. അരുൺ സണ്ണി (പുത്തൻപുരയ്ക്കൽ).

**ചങ്ങനാശേരി:** മാർക്കറ്റിലെ മുൻ വ്യാപാരി മുതിരപ്പറമ്പിൽ എം.വി. സെബാസ്റ്റ്യൻ (ടോമിച്ചൻ-60) അന്തരിച്ചു.

**വൈക്കം:** പടിഞ്ഞാറെക്കരഞവരുവടിത്തറ (പുതിയാപറമ്പിൽ) ത്രേസ്യാമ്മ തോമസ് (88) അന്തരിച്ചു.

## തോമസ് മത്തായി

**ഡാളസ്:** മൈലപ്ര നായിക്കംപറമ്പിൽ അരുവാപ്പുലം തോപ്പിൽ തോമസ് മത്തായി (83) ഡാളസിൽ അന്തരിച്ചു. മുംബൈ ടൈംസ് ഓഫ് ഇന്ത്യ ഗ്രൂപ്പിലും സൗദി അരാംകോയിലും ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ വാഴൂർ പുളിക്കൽകവല മൂലയിൽ മോളി. മക്കൾ: ബിനോയ്, ബിജോയ്. മരുമക്കൾ: ബെക്കി, ലിജി (എല്ലാവരും യുഎസ്).

**തിരുവല്ല:** കല്ലുങ്കൽ കിഴക്കേപറമ്പിൽ മേഴ്സി ലിനു (ഏലിയാമ്മ ചെറിയാൻ-53) അന്തരിച്ചു.

**വണ്ണപ്പുറം:** കൈറ്റിയാനിക്കൽ അമ്മിണി (75) അന്തരിച്ചു.

## സിസ്റ്റർ ലില്ലിയൻ ഓലിക്കൽ



**ഫിലാഡൽഫിയ:** ഓലിക്കൽ പരേതനായ ഒ.എം. മാത്യു-ചിന്നമ്മ മാത്യു ദമ്പതികളുടെ മകളും വിജയവാഡ പ്രൊവിൻസ് സജീവപ്രവർത്തകയായിരുന്ന സിസ്റ്റർ ലില്ലിയൻ ഓലിക്കൽ (നിർമ്മല സിസ്റ്റർ) വിജയവാഡയിൽ അന്തരിച്ചു. ഫിലാഡൽഫിയയിലെ സാംസ്കാരിക സാമൂഹിക പ്രവർത്തകനായ ജോർജ് ഓലിക്കലിന്റെ സഹോദരിയാണ് പരേത. മറ്റു സഹോദരങ്ങൾ: പരേതനായ ജോയി ഓലിക്കൽ, പരേതനായ അഡ്വ. ജോസ് ഓലിക്കൽ, വിൻസെന്റ് ഓലിക്കൽ വാഴക്കുളം, പയസ് ഓലിക്കൽ (ബഹറിൻ), ആനി ജോസഫ് ഇലഞ്ഞി, ഡെയ്സി വർഗീസ് (ബഹറിൻ), ലിസി മാത്യു പാലാ, ലൗലി ഏബ്രഹാം അടിമാലി.

**കല്ലറ:** പെരുംതുരുത്ത് കളപ്പുരയ്ക്കൽ (കൃഷ്ണവിലാസം) നാരായണൻ നായർ (73) അന്തരിച്ചു.

**കുറുമ്പനാടം:** കണിയാംപറമ്പിൽ ലില്ലിക്കുട്ടി തോമസ് (75) അന്തരിച്ചു.

**പുതുപ്പള്ളി:** കൊച്ചുചക്കാലയിൽ പരേതനായ സി.ജെ. കോരയുടെ ഭാര്യ മറിയാമ്മ കോര (82) അന്തരിച്ചു.

**അരുവിത്തുറ:** റിട്ട. പ്രധാനാദ്ധ്യാപകൻ വെയിൽകാണാംപാറ മാളിയേക്കൽ ജേക്കബ് തോമസ് (പാപ്പച്ചൻ-77) അന്തരിച്ചു.

**കിടങ്ങൂർ:** ചെമ്പിളാവ് കൊയപ്പള്ളിൽ ജ്യോത്സൻ കെ.ആർ. രാഘവൻ (95) അന്തരിച്ചു.

**അമയന്നൂർ:** കൊച്ചുതുണ്ടിയിൽ കെ.എം. മാത്യുവിന്റെയും ജെസിയുടെയും മകൻ ഡിനു ഏബ്രഹാം മാത്യു (24) അന്തരിച്ചു.

## അന്നമ്മ ഫിലിപ്പ്

**വാകത്താനം:** അടൂർ ചായലോട്ടു പുത്തൻവീട്ടിൽ അന്നമ്മ ഫിലിപ്പ് (പൊടിയമ്മ-85) അന്തരിച്ചു. പത്തനാപുരം കല്ലുകടവിൽ മുരുപ്പേൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.സി. ഫിലിപ്പ്. മക്കൾ: പാസ്റ്റർ ശാമുവേൽ ഫിലിപ്പ് (ചർച്ച് ഓഫ് ഗോഡ് വാകത്താനം), പാസ്റ്റർ ജോൺ ഫിലിപ്പ് (യുഎസ്), പാസ്റ്റർ ജോൺസൺ ഫിലിപ്പ് (ചർച്ച് ഓഫ് ഗോഡ് വെണ്ണിക്കുളം), ലിസി തോമസ് (വയനാട്), പരേതയായ ഗ്രേസി ഷാജി. മരുമക്കൾ: ലില്ലിക്കുട്ടി ശാമുവേൽ (സിജിഐ വാകത്താനം), ഷേർലി ജോൺ (യുഎസ്), പാസ്റ്റർ ഷാജി ഏബ്രഹാം (മാലം), പാസ്റ്റർ സിഐ. തോമസ് (സിജിഐ ബത്തേരി വയനാട്), ജ്യോതി ജോൺസൺ (സിജിഐ വെണ്ണിക്കുളം).

**കോതമംഗലം:** എംജി സർവകലാശാല റിട്ട. അത്‌ലറ്റിക് കോച്ച് പള്ളിപ്പറമ്പിൽ പി.വി. വിത്സൺ (വെൽസി-73) അന്തരിച്ചു.

## ജോൺ ജോസഫ്



**ഡാളസ്:** ചെങ്ങന്നൂർ വട്ടക്കാട്ട് കൊടുകുളഞ്ഞി ജോൺ ജോസഫ് (ജോയി-82) മെസ്കിറ്റിൽ അന്തരിച്ചു. സിഎസ്ഐ കോൺഗ്രിഗേഷൻ ഓഫ് ഡാളസ് അംഗമാണ്. ഭാര്യ പരേതയായ സൂസി. മക്കൾ: പരേതരായ വിനു, വീണ. മരുമക്കൾ: ജൂലി അബ്രഹാം, ആശിഷ് നെയ്തേലിൽ.

**ചങ്ങനാശേരി:** മാറാട്ടുകുളം എം.ജെ. തോമസ് (കുഞ്ഞോമാച്ചൻ-96) അന്തരിച്ചു.

**തിരുവനന്തപുരം:** കിംസ് ആശുപത്രി വൈസ് ചെയർമാനും ഹൃദ്രോഗവിദഗ്ദ്ധനുമായ ഡോ. ജി.വിജയരാഘവന്റെ സഹോദരൻ കൃഷിവകുപ്പ് റിട്ട. ഡെപ്യൂട്ടി ഡയറക്ടർ ജി. ഗോപിനാഥൻ (89) അന്തരിച്ചു.

**എടത്വ:** കോയിൽമുക്ക് പൊച്ച മുണ്ടകത്തിൽ ഈനാസ് മാത്യു (മാത്തുക്കുട്ടി-90) അന്തരിച്ചു.

**മണ്ണാറക്കുളഞ്ഞി:** ചീങ്കൽത്തടം പുറത്തൂട്ട് പി.ജെ. ജോൺ (71) അന്തരിച്ചു.

**കോതമംഗലം:** ധർമഗിരി സെ. ജോസഫ്സ് പ്രോവിൻസ് അംഗം സിസ്റ്റർ ഡോ, ലയോള (സി.സി. ത്രേസ്യാമ്മ-87) അന്തരിച്ചു.

**മൂഴൂർ:** പൂവത്തിങ്കൽ (ഓടയ്ക്കൽ) പി.ടി. ആന്റണി (87) അന്തരിച്ചു.

## ബ്രദർ മാത്യു കെ. അലക്സാണ്ടർ

**ഹൈദരാബാദ്:** മോണ്ട്ഫോർട്ട് ബ്രദേഴ്സ് ഓഫ് സെയിന്റ് ഗബ്രിയേൽ സന്യാസ സഭാംഗം ബ്രദർ മാത്യു കെ. അലക്സാണ്ടർ (66) അന്തരിച്ചു. കണ്ണങ്കര കൂപ്ലിക്കാട്ട് പരേതനായ അലക്സാണ്ടറിന്റെ മകനാണ്. സഹോദരങ്ങൾ: കുര്യാക്കോസ് കൂപ്ലി, പ്രസന്ന കാവുമ്പുറം, ജോസഫ് കൂപ്ലി, ജിജി സണ്ണി താടികുന്നേൽ, ഫ്ളവറി മോഹൻ കാണാട്ട് (യുഎസ്), ജാക്സൺ കൂപ്ലി.

**പുളിങ്കുന്ന്:** കായൽപ്പുറം വാഴയിലായ കൂട്ടുമ്മേൽ കുഞ്ഞമ്മ ചാക്കോ (98)അന്തരിച്ചു.

**കോഴിക്കോട്:** തൈക്കാട്ടുശേരി വല്യാറ പാറായിൽ മറിയമ്മ മാത്യു (റോസ് മേരി-80) അന്തരിച്ചു.

**കലൂർ:** റിട്ട. എഇ പൊറ്റക്കുഴി റോഡ് പെരുമ്പിള്ളിൽ മേരിക്കുട്ടി മാത്യു (87) അന്തരിച്ചു.

**കണ്ടനാട്:** സിനിമാ നിർമാതാവ് നോബിൾ ജോസ് (44) അന്തരിച്ചു.

**തലവടി:** കാരിക്കുഴി പുത്തൻപറമ്പിൽ തെക്കേപ്പുരയിൽ സൂസമ്മ ജേക്കബ് (ലീലാമ്മ-79) അന്തരിച്ചു.

**വണ്ടൻമേട്:** എൽഐസി റിട്ട. മാനേജർ പുളിക്കത്തറ തോമസ് (89) അന്തരിച്ചു.

## സാറാമ്മ ജേക്കബ്

**തോട്ടഭാഗം:** നന്നൂർ കാനാതറ കൊച്ചുതെക്കേതിൽ സാറാമ്മ ജേക്കബ് (കുഞ്ഞുമോൾ-72) അന്തരിച്ചു. ഓതറ കിഴക്കേപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് ഫാ. കെ.സി. ജേക്കബ്. മക്കൾ: സുജിത് (യുഎസ്), മെർലിൻ (ദുബായ്). മരുമക്കൾ: ചെമ്പകപ്പള്ളിയിൽ രേഖ (യുഎസ്), പനാറായിൽ ബേസിൽ (ദുബായ്).

**മര്യാത്തുരുത്ത്:** കുമ്മനം കിഴക്കുഭാഗം പുരനാട്ടു വീട്ടിൽ പി.ജി. ബാലകൃഷ്ണൻ നായർ (86) അന്തരിച്ചു.

**തലയോലപ്പറമ്പ്:** മൃഗസംരക്ഷണ വകുപ്പ് റിട്ട. ഉദ്യോഗസ്ഥൻ കദളിക്കാട്ട് ഔസേപ്പ് ജോസഫ് (84) അന്തരിച്ചു.

**പാമ്പാടി:** സൗത്ത് പാമ്പാടി ആക്കോലിൽ വി.കെ. രാധാകൃഷ്ണൻ (കൃഷ്ണൻകുട്ടി-70) അന്തരിച്ചു.

**കോട്ടയം:** പാറമ്പുഴ പാലമുറി ചിൻമയാശ്രമ മഠാധിപതി സച്ചിദാനന്ദ സരസ്വതി (71) അന്തരിച്ചു.

**കുമരകം:** വലിയപറമ്പിൽ വി.ഐ. ചാക്കോ (കുഞ്ഞ്-87) അന്തരിച്ചു.

**കാരാപ്പുഴ:** പവിത്രം വീട്ടിൽ പി. ദേവകിയമ്മ (99) അന്തരിച്ചു.


**വൈക്കം:** പോളശ്ശേരി ഒറ്റത്തൈക്കൽ ലൈല കുമാരൻ (72) അന്തരിച്ചു.

**ബ്രഹ്മമംഗലം:** മറ്റത്തിൽ നളിനിയമ്മ (80) അന്തരിച്ചു.

## ഇമ്മാനുവേൽ മാത്യു

**കടനാട്:** താഴത്തേൽ ഇമ്മാനുവേൽ മാത്യു (ബേബി-81) അറ്റ്‌ലാന്റയിൽ അന്തരിച്ചു. ഭാര്യ കുറിഞ്ഞി ഓലിയാക്കാട്ടിൽ ജോസ് ലിൻ. മക്കൾ: ദീപ, മാത്യൂസ് (ഇരുവരും യുഎസ്), ദിവ്യ. മരുമക്കൾ: ജോണി മാറേട്ട് കൊല്ലം, സിമി വടക്കേടം തിരുവനന്തപുരം (ഇരുവരും യുഎസ്), ജോമോൻ ചക്യത്ത് എറണാകുളം.

## സണ്ണി വെള്ളിയാൻ



**ഒല്ലൂർ:** വെള്ളിയാൻ ഹൗസിൽ എൻ.പി. സിറിയക് (സണ്ണി വെള്ളിയാൻ-82) അന്തരിച്ചു. ഭാര്യ പരേതയായ മേരിക്കുട്ടി കൈപ്പുഴ കിഴക്കേകൊട്ടിൽ കുടുംബാംഗമാണ്. മക്കൾ: പ്രസന്ന സൈമൺ, പ്രസാദ്. പ്രമോദ്, പ്രബിറ്റ്. മരുമക്കൾ: സൈമൺ ചക്കാലപടവിൽ ഉഴവൂർ, ജെസ്സി തെക്കുംമുറിയിൽ റാന്നി, ജിപ്സിമോൾ മുടക്കോടിയിൽ കല്ലറ, ജിനോ മാളിയേക്കൽ കല്ലിശേരി (എല്ലാവരും യുഎസ്.) സഹോദരങ്ങൾ: സിസ്റ്റർ പുഷ്പ മരിയ എസ്ജെസി, ജെയിംസ് വെള്ളിയാൻ, ബേബി കുമരകം, പരേതരായ ചിന്നമ്മ നീറികാട്, അച്ചാമ്മക്കുട്ടി കണിച്ചുകുളങ്ങര, ലില്ലിക്കുട്ടി കണ്ണങ്കര.

**കോണിപ്പാട്:** വാഴചാരിക്കൽ ഏലിക്കുട്ടി ജോസഫ് (95) അന്തരിച്ചു.

## പ്രഫ. ഡോ. ബെന്നി തോമസ്

**കറ്റാനം:** കൊല്ലം കാരിക്കോട് ടികെഎം എൻജിനീയറിങ് കോളജ് ഇലക്ട്രിക്കൽ വിഭാഗം മുൻ മേധാവി ഇളങ്ങള്ളൂർ കുറ്റിവിളയിൽ പ്രഫ. ഡോ. ബെന്നി തോമസ് (73) അന്തരിച്ചു. പകലോമറ്റം കുടുംബാംഗമാണ്. ഭാര്യ ആയൂർ നീറായിക്കോട് പുത്തൻ ബംഗ്ലാവിൽ രാജി ബെന്നി. മക്കൾ: ആനി റീന ബെന്നി (ബെംഗ്ലൂരു), അനുറൂബി ബെന്നി, അനൂപ് ബെന്നി (യുഎസ്), അനീഷ് ബെന്നി. മരുമക്കൾ: ഏബ്രഹാം ചെറിയാൻ, കെ.ജി. ജോൺ, അരുൺ ഫിയോന ലാൽ, ലിനി ഗീവർഗീസ് തരകൻ.

**പള്ളം:** ഇടത്തുംപടിക്കലായ വടക്കേക്കുറ്റ് വി.ജെ. ഇട്ടിച്ചെറിയ (അച്ചു-96) അന്തരിച്ചു.

**മുക്കൂട്ടുതറ:** മുട്ടപ്പള്ളി ആനക്കുഴിയിൽ പെണ്ണമ്മ (62) അന്തരിച്ചു.

**കോട്ടയം:** നഗരസഭ റിട്ട. ഉദ്യോഗസ്ഥ താഴത്തങ്ങാടി തോപ്പിൽ എം.എം. കൈരളി (82) അന്തരിച്ചു.

**കാഞ്ഞിരമറ്റം:** മൂങ്ങാത്തോട്ടത്തിൽ ത്രേസ്യാമ്മ (88) അന്തരിച്ചു.

**പുളിങ്കുന്ന്:** കാനാച്ചേരി കെ.ജെ. തോമസ് (70) അന്തരിച്ചു.

**പോത്താനിക്കാട്:** പുളിന്താനം ചെറുപ്പിള്ളിക്കുടിയിൽ പ്രമോദ് ശശി (44) അന്തരിച്ചു.

**നരിയങ്ങാനം:** കാക്കനാട്ട് ജോസഫ് മാത്യു (കുഞ്ഞ്-81) അന്തരിച്ചു.

**തോട്ടയ്ക്കാട്:** ഇരവുചിറ കൊണ്ടോടിക്കൽ പരേതനായ ബാബു ജെ. കൊണ്ടോടിയുടെ ഭാര്യ ഗ്രേസി ബാബു (74) അന്തരിച്ചു.

**കുര്യനാട്:** തളിപ്പറമ്പിൽ ജോർജ് ലൂക്ക (68) അന്തരിച്ചു.

## ഡോ. ജൂലിയറ്റ് ജേക്കബ് അന്തരിച്ചു



ഹൂസ്റ്റൺ: എറണാകുളം കടവന്ത്ര മഴുവഞ്ചേരി പറമ്പത്ത് പരേതനായ ഷെവലിയർ എം.ജെ. ജേക്കബിന്റെ ഭാര്യ എറണാകുളം ഗവൺമെന്റ് ഹോസ്പിറ്റൽ മുൻ ചീഫ് ഗൈനക്കോളജിസ്റ്റ്/ഒബ്സ്ട്രേട്രിഷ്യൻ ഡോ. ജൂലിയറ്റ് ജേക്കബ് (94) അന്തരിച്ചു. പരേത പുത്തൻകുരിശ് പോവുടത്ത് കുടുംബാംഗമാണ്. കേരള ഗവൺമെന്റ് സർവീസിൽ ഗൈനക്കോളജിസ്റ്റായി നിരവധി വർഷങ്ങൾ പരേത സേവനമനുഷ്ഠിച്ചിട്ടുണ്ട്. മക്കൾ: ഡോ. ഗീത എസ്. ജേക്കബ് (ഹൂസ്റ്റൺ), ക്യാപ്റ്റൻ മനോജ് എം. ജേക്കബ് (എറണാകുളം), അഡ്വ. തോമസ് എം. ജേക്കബ് (എറണാകുളം). മരുമക്കൾ: ഡേവിഡ് ലൂക്കോസ് (ഹൂസ്റ്റൺ), റോഷിനി ജേക്കബ്, ആനി തോമസ്.

വാർത്ത: ജീമോൻ റാന്നി

## ജോർജ് വർഗീസ് അന്തരിച്ചു



ഹൂസ്റ്റൺ: പത്തനംതിട്ട കൈപ്പട്ടൂർ വലിയ വീട്ടിൽ ജോർജ് വർഗീസ് വി. (മോഹൻ-73) കുവൈറ്റിൽ അന്തരിച്ചു. ഭാര്യ: സൂസി ജോർജ് അടൂർ ചാമവില്ല കുടുംബാംഗമാണ്. നാഷണൽ ബാങ്ക് ഓഫ് കുവൈറ്റിലെ മുൻ ഉദ്യോഗസ്ഥനായിരുന്ന പരേതൻ കുവൈറ്റ് സെ. ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവകയിലെ സജീവാംഗമായിരുന്നു.

മകൾ: ജെൻസി മേരി ജോർജ് (നാഷണൽ ബാങ്ക് ഓഫ് കുവൈറ്റ്). മരുമകൻ: മോബിൻ മാത്യു (കുവൈറ്റ്). സഹോദരങ്ങൾ: ഹൂസ്റ്റണിലെ സാമൂഹികസാംസ്കാരിക പ്രവർത്തകൻ റെജി കോട്ടയത്തിന്റെ ഭാര്യ ജെസ്സി ജോൺ പരേതന്റെ സഹോദരിയാണ്.

മറ്റു സഹോദരങ്ങൾ: ഡെയ്സി-രാജു ഫിലിപ്പ് (തിരുവനന്തപുരം) റ്റിറ്റി-ജോജി വർഗീസ് (തിരുവനന്തപുരം) ജമിനി ജേക്കബ്-ജേക്കബ് വർഗീസ് (കൊട്ടാരക്കര), ഡോ. തോമസ് ജോർജ്-പരേതയായ ഡോ. ഷേർലി തോമസ് (കൈപ്പട്ടൂർ).

കൂടുതൽ വിവരങ്ങൾക്ക്:
റെജി കോട്ടയം (ഹൂസ്റ്റൺ) – 832 723 7995
ജോജി വർഗീസ് – 91 95676 88291 (ഇന്ത്യ)

വാർത്ത: ജീമോൻ റാന്നി

## CAREGIVER WANTED IN HOUSTON

Looking for a Caregiver for an adult male who lives with his wife in Houston. The couple are independent and only minimal help would be needed. We are open to both a live in or live out option.

**Please contact us at**

**713-885-6016**

## CAREGIVER WANTED IN SEATTLE, WASHINGTON

We are looking for nanny to take care of a our new born baby and also help with basic house chores in Seattle, Washington

**Please contact me at**

**4142178109**

## ചിക്കാഗോയിൽ കെയർടേക്കറെ ആവശ്യമുണ്ട്

ചിക്കാഗോയുടെ സൗത്ത് വെസ്റ്റ് സബർബിൽ താമസിക്കുന്ന പ്രായമുള്ള അമ്മച്ചിയെ പരിചരിക്കുവാൻ കെയർടേക്കറെ ആവശ്യമുണ്ട്. ഫുൾടൈം/പാർട്ട് ടൈം ആയി നിൽക്കുവാൻ താല്പര്യമുള്ളവർ വിളിക്കുക:

**ഫോൺ: (630) 205-5078**

## NANNY WANTED IN CHICAGO AREA

Looking for a Nanny to take care of our twin boys less than 1 year old. Option for living in is possible depending on situation.

**If interested,**

**please TEXT 630-465-1059**

**We offer competitive pay.**

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Chicago*

## CAREGIVER WANTED IN SAN JOSE, CA.

A Malayalee family is looking for a live-in (preferred) nanny for their kids.

**Please contact**

**+1 281-386-7472**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെ മെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെ മെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Florida*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെ മെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെ മെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Florida*

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Houston*

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Houston*

**Visit Our Website:** www.keralaexpress.com for Classified Advt.

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

സന്ദീപും അല്ലിമയും പ്രണയത്തിലാണ്. വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ജാതകത്തിനു നിർബന്ധം പിടിച്ചപ്പോൾ അല്ലിമ ദത്തുപുത്രിയാണെന്ന് അവളുടെ അച്ഛനു തുറന്നു പറയേണ്ടിവന്നു. അവളുടെ ജന്മരഹസ്യം തേടി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും കിഷോറും ക്ലൂണി ഹോസ്പിറ്റലിലെ മലയാളി നേഴ്സ് സോഫിയ വഴി അല്ലിമയെ പ്രസവിച്ച സ്ത്രീയുടെ പേര് മാളവിക എന്നാണെന്നും വീട് മണിമലയിലാണെന്നും മനസ്സിലാക്കുന്നു. കൂടുതൽ അന്വേഷണവുമായി സന്ദീപും രാജഗോപാലും അല്ലിമയും മണിമലയിൽ സന്ദീപിന്റെ അച്ഛന്റെ അമ്മവീട്ടിലെത്തുന്നു. അവിടത്തെ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ പോലീസ് ഓഫീസറാണ്. അച്ഛന്റെ അമ്മയുടെ അനുജത്തി മല്ലികയുടെ മകളാണ് മാളവിക എന്ന് സന്ദീപ് മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. അവർ താമസിച്ച വീട് അല്ലിമയും സന്ദീപും കണ്ടുപിടിച്ചു. പഴയ കഥ അന്വേഷിച്ചുവന്നത് സന്ദീപാണെന്നറിഞ്ഞ ഹേമചന്ദ്രൻ അപകടം തിരിച്ചറിഞ്ഞു. അച്ഛമ്മയുടെ അനുജത്തിയുടെ മകൾ മാളവികയുടെ മകളാണ് അല്ലിമ എന്നു സന്ദീപ് അമ്മയോടു വെളിപ്പെടുത്തി. മല്ലികച്ചിറ്റയുടെ വീട്ടിലെത്തിയ സന്ദീപും കൂട്ടരും വന്ന കാർ ഹേമചന്ദ്രൻ കൊണ്ടുവന്ന ഗുണ്ടകൾ അടിച്ച് തകർത്തു. ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ഇടപെടൽ മൂലം എല്ലാറ്റിനും ഹേമചന്ദ്രൻ പരിഹാരം ചെയ്യേണ്ടി വരുന്നു. സന്ദീപിനൊപ്പം വന്ന പെൺകുട്ടി മാളവികയുടെ മകളായിരിക്കാമെന്ന ഹേമചന്ദ്രന്റെ നിഗമനം മറ്റുള്ളവരെ ഞെട്ടിച്ചു. അല്ലിമ ജീവനോടെ ഇരിക്കുന്നത് തങ്ങൾക്ക് ആപത്തായതിനാൽ അന്യസംസ്ഥാന കുറ്റവാളിയെ ഉപയോഗിച്ച് അല്ലിമയെ വകവരുത്താനും സന്ദീപിനെ വാഹനാപകടത്തിൽ ഇല്ലാതാക്കാനും ഹേമചന്ദ്രൻ പദ്ധതിയിടുന്നു. തേക്കിൻതണ്ടിൽ എത്തിയ സന്ദീപും സംഘവും അല്ലിമയുടെ മുത്തച്ഛനെയും മുത്തശ്ശിയെയും കണ്ടെത്തുന്നു. മാളവികയെ ബന്ധുക്കൾ ബലമായി പിടിച്ചുകൊണ്ടു പോവുകയായിരുന്നെന്ന് ശേഖരൻകുട്ടി അറിയിച്ചു. മാളുവിന്റെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. ഹേമചന്ദ്രന്റെ കാർ മോഷ്ടിച്ചുവെന്നാരോപിച്ച് മടക്കയാത്രയിൽ പോലീസ് അവരെ കസ്റ്റഡിയിലെടുത്തെങ്കിലും വിട്ടയയ്ക്കേണ്ടി വരുന്നു. ഭാസ്കരമേനോന്റെ മുന്നിൽ വെച്ച് മാളവികയെ സംബന്ധിച്ച എല്ലാ കാര്യങ്ങളും സന്ദീപ് മല്ലികയോടു വെളിപ്പെടുത്തി. ഹേമചന്ദ്രൻ സസ്പെൻഷനിലാകുന്നു. കിഷോറും സോഫിയായും തമ്മിലുള്ള പ്രേമബന്ധം ദൃഢമാകുന്നു...

**81**

ഉച്ചയൂണു കഴിഞ്ഞ് വിശ്രമത്തിനായി ജയദേവൻ നമ്പ്യാർ മുറിയിലേക്കു പോയിക്കഴിഞ്ഞ് മുൻ വാതിൽ അടയ്ക്കാൻ വേണ്ടി ചെന്നതായിരുന്നു രാജശ്രീ.

ഊണുകഴിഞ്ഞാൽ അവർക്കും ഒന്നു മയങ്ങണം.

പണ്ട് വീടുകളുടെ മുൻവാതിൽ രാത്രികാലങ്ങളിലൊഴികെ എല്ലായ്പ്പോഴും തുറന്നിടുമായിരുന്നു. അടച്ചിട്ട വാതിലുള്ള വീട് ആശ്വാസമില്ലാത്തതിന്റെ ലക്ഷണമായിരുന്നു.

ഇപ്പോൾ എല്ലാ വീടിന്റെയും മുൻവാതിലുകൾ അടഞ്ഞുതന്നെയാണല്ലോ കിടക്കാറുള്ളതെന്ന് രാജശ്രീ ഓർത്തു. കള്ളൻമാരെ ഭയന്നിട്ടാണ് ഇപ്പോൾ വാതിൽ പകൽനേരത്തും അടച്ചിടുക. കണ്ണുതെറ്റിയാൽ വീടിനുള്ളിൽ കടന്ന് രഹസ്യമൂലകളിലോ കട്ടിനടിയിലോ അലമാരകൾക്കു പിന്നിലോ പതുങ്ങുന്ന കള്ളൻമാരുള്ളതായി രാജശ്രീ കേട്ടിട്ടുണ്ട്.

വാതിൽ ഒരു പാളി അടഞ്ഞു കിടക്കുകയാണ്. ഞായർ ആയതിനാൽ ഇന്നേ ദിവസം ആരും കാർ ഇറക്കുകയോ, സന്ദർശകർ ആരും വരികയോ ചെയ്തിട്ടില്ല.

"ആരാ അമ്മേ വന്നത്?"

ഓർക്കാപ്പുറത്തു പിന്നിൽനിന്നു ശബ്ദം കേട്ട് രാജശ്രീ ഞെട്ടി.

നന്ദനയായിരുന്നു അത്.

"നിന്നോടെത്ര തവണ പറഞ്ഞിട്ടൊണ്ട് മിണ്ടാതെ പതുങ്ങി പുറകിൽ വന്നു നിന്നോണ്ട് പെട്ടെന്നു സംസാരിക്കരുതെന്ന്."

രാജശ്രീ മകളെ ശാസിച്ചു.

"ഈ അമ്മേടെ ഒരു പേടി."

"പിന്നെ ഇങ്ങനെ തൊട്ടു പുറകിൽ വന്നുനിന്നോണ്ട് ഒച്ചവെച്ചാ ആരായാലും പേടിക്കില്ലേടീ?"

"ടാക്സിയാണല്ലോ അമ്മേ."

നന്ദന മുറ്റത്തെത്തിയ കാറിനു നേർക്കു നോക്കിക്കൊണ്ടു പറഞ്ഞു.

കാറിൽനിന്ന് ഇറങ്ങുന്നവരെ കണ്ട് രാജശ്രീ ആശ്ചര്യസ്തബ്ധയായി.

"ഇത് പോണ്ടിച്ചേരിക്കാരാണല്ലോ!" അവർ ആത്മഗതംപോലെ പറഞ്ഞു.

നന്ദനയ്ക്ക് പക്ഷേ, അത്ര പരിചയമൊന്നും തോന്നിയില്ല.

"അമ്മയ്ക്കെങ്ങനെ കണ്ടപ്പഴേ മനസ്സിലായി? അവരിവിടെ ഒരിക്കലും വന്നിട്ടില്ലല്ലോ. നമ്മള് പോണ്ടിച്ചേരിക്കും പോയിട്ടില്ല."

"മണിമല തറവാട്ടിൽ കല്യാണത്തിനും മരിപ്പിനുമൊക്കെ കണ്ടിട്ടൊണ്ട്. പിന്നെ സന്ദൂന്റെ ഫോണിലൊണ്ട് ഇവരുടെ ഫോട്ടോസെല്ലാം."

"ഓ... അതു ശരിയാണല്ലോ. ഞാനും കണ്ടതാ പോണ്ടിച്ചേരി ഫോട്ടോസ്. പക്ഷേ, എനിക്ക് ഓർമ കിട്ടിയില്ല."

"ഭാസിയമ്മാമയാണ് ആ മുടി നരച്ച് പൊക്കംകൂടിയ ആൾ. കൂടെയുള്ളത് മകൻ മധു. പിന്നെ, മധുവിന്റെ വൈഫ് തങ്കം."

രാജശ്രീ മകളോടു സ്വരം താഴ്ത്തി പറഞ്ഞു. അതിനുശേഷം വാതിൽ മലർക്കെ തുറന്നു സിറ്റൗട്ടിലേക്ക് ഇറങ്ങിച്ചെന്നു.

ഭാസ്കരമേനോനും മധുവും തങ്കവും പൂമുഖത്തേക്കു വരുന്നുണ്ടായിരുന്നു.

രാജശ്രീ ചെന്ന് ആഹ്ലാദത്തോടെ അവരെ സ്വീകരിച്ചു.

"കാറുവന്നു നിന്നപ്പോ പെട്ടെന്നു മനസ്സിലായില്ല. ഇതൊരു വല്യ അദ്ഭുതമാണല്ലോ, ഇങ്ങോട്ടൊക്കെയുള്ള വരവ്."

രാജശ്രീ കുശലം പറഞ്ഞു.

"ഞങ്ങളെ മനസ്സിലായല്ലോ, അല്ലേ?" ഭാസ്കരമേനോൻ ചോദിച്ചു.

"ഭാസിയമ്മാമയെ ഏതുകാലത്തും എവിടെവെച്ചും കണ്ടാലും തിരിച്ചറിയാം. കേറി വാ..."

"ഹാ! വിചാരിക്കുന്നപോലെ കേറാൻ പറ്റില്ല."

വോക്കിങ്സ്റ്റിക് ഊന്നിയാണു ഭാസിയമ്മാമ സിറ്റൗട്ടിലേക്കുള്ള പടികൾ കയറിയത്. രാജശ്രീ പിടിക്കാൻ കൈ നീട്ടിയെങ്കിലും ഭാസ്കരമേനോൻ അതു സ്വീകരിച്ചില്ല.

മൂന്നുപേരും സിറ്റൗട്ടിലേക്കു കയറി.

"മോളേ... അച്ഛനെ വിളിക്ക്."

രാജശ്രീ തിരിഞ്ഞ് നന്ദനയോടു പറഞ്ഞു.

വിടർന്ന കണ്ണുകളിൽ വിസ്മയം നിറച്ച് നോക്കിനിന്ന നന്ദന വേഗം തിരിഞ്ഞോടി.

"മധു-തങ്കം അല്ലേ?"

രാജശ്രീ രണ്ടുപേർക്കും ഷേക്ക്ഹാൻഡ് നൽകി.

"ജഡ്ജിയൊണ്ടോ ഇവിടെ? സംശയിച്ചാ വന്നത്." ഭാസ്കരമേനോൻ ചോദിച്ചു.

"ഇന്ന് സൺഡേയല്ലേ. കോടതി ഇല്ലല്ലോ." രാജശ്രീ പറഞ്ഞു.

"അതറിയാം. പക്ഷേ, ഞായർ എവിടെങ്കിലും യാത്രയോ, ഷോപ്പിങ്ങോ ഔട്ടിങ്ങോ എവിടെങ്കിലും വിസിറ്റിങ്ങോ... അങ്ങനെ എവിടേം പോകാമല്ലോ."

"ഇപ്പോ ഊണുകഴിഞ്ഞ് റെസ്റ്റെടുക്കാൻ റൂമിലേക്കു പോയതേയുള്ളൂ. മോള് പോയിട്ടൊണ്ടു വിളിക്കാൻ. കേറി വന്നോളൂ." രാജശ്രീ അവരെ ലിവിങ് റൂമിലേക്കു സ്വീകരിച്ചിരുത്തി.

"ഊണു കഴിച്ചതാണോ?" രാജശ്രീ ചോദിച്ചു: "ഇല്ലെങ്കി ഇവിടെ ഉണ്ട്. ഞങ്ങളിപ്പോ കഴിച്ച് എണീറ്റതേയുള്ളൂ."

"ഞങ്ങളിങ്ങോട്ടു വരുന്ന വഴിക്ക്, പായിപ്പാടെന്നു പറയണ സ്ഥലത്തു കാർ നിർത്തി. അവിടെ കായൽമീനൊക്കെ കിട്ടുന്ന ഒരു ഫാമിലി റസ്റ്ററന്റ് ഒണ്ടെന്നു ഡ്രൈവർ പറഞ്ഞിട്ട് അവിടെക്കേറി ഊണു കഴിച്ചു." മധു പറഞ്ഞു.

ജയദേവൻ നമ്പ്യാർ കോണിപ്പടിയിറങ്ങി വരുന്നുണ്ടായിരുന്നു.

പുറകെ നന്ദനയും. ജയദേവൻ നമ്പ്യാരെ കണ്ട് തങ്കവും മധുവും എഴുന്നേറ്റു.

"ഭാസിയമ്മാമ...!" ജയദേവൻ നമ്പ്യാർ വന്ന് ഭാസ്കരമേനോനു കൈകൊടുത്തു.

"ഇതെന്താണ് ഇങ്ങനൊരു സർപ്രൈസ് വിസിറ്റ്. ഇതാദ്യമായിട്ടല്ലേ ഇവിടെ?"

ചോദിക്കുമ്പോൾത്തന്നെ ജയദേവൻ തങ്കത്തിനും മധുവിനും ഷേക്ക്ഹാൻഡ് നൽകി.

"ഞങ്ങൾ വാസ്തവത്തിൽ ഇവിടെ വരാൻവേണ്ടി വന്നതല്ല. മണിമല വന്നശേഷം ഇങ്ങോട്ട് എക്സ്റ്റെൻഡ് ചെയ്തതാ..."

ഭാസ്കരമേനോൻ പറഞ്ഞു.

"മണിമലയിൽ എന്നു വന്നു?"

"ഡേ ബിഫോർ യെസ്റ്റർഡേ."

"ഓ... ഐ സീ... മണിമലയിലെന്താ വിശേഷം?"

"അങ്ങനെ പ്രത്യേകിച്ചൊന്നുമില്ല. മല്ലിക വയ്യാതിരിക്കുന്നു. പിന്നെ ബാലകൃഷ്ണനെ കണ്ടിട്ട് കുറേക്കാലമായി. അവരാരും പോണ്ടിച്ചേരിക്കു വരാറില്ല."

"അതങ്ങനെയാ ഭാസിയമ്മാമേ. നാട്ടിൽനിന്നു പലവഴിക്കു പോയവരാണ് ഓർമ പുതുക്കാനും ബന്ധുജനങ്ങളെ കാണാനുമൊക്കെയായിട്ടു നാട്ടിലേക്കു വിസിറ്റ് നടത്താറുള്ളത്. അല്ലാതെ നാട്ടിലുള്ളവർ അങ്ങോട്ടുപോയി കാണലില്ല." ജയദേവൻ നമ്പ്യാർ ചെറുചിരിയോടെ പറഞ്ഞു.

"എന്തെങ്കിലും ആവശ്യം വന്നാൽ പോകും. അല്ലേ?"

ഭാസ്കരമേനോൻ അതിലൊരു മുന വെച്ചിട്ടുണ്ടായിരുന്നു. സന്ദീപ്, രണ്ടുവർഷം മുൻപു പോണ്ടിച്ചേരിക്ക് ഒരു സർവേ റിപ്പോർട്ട് തയാറാക്കാൻ പോയതിനെപ്പറ്റിയായിരിക്കും ഭാസിയമ്മാമ സൂചിപ്പിച്ചതെന്നു ജയദേവൻ നമ്പ്യാർ ഊഹിച്ചു.

"കുടിക്കാൻ എന്താ വേണ്ടത്? ചായ, കോഫി, അല്ലെങ്കിൽ കൂൾഡ്രിങ്സ് എന്തെങ്കിലും..."

രാജശ്രീ ചോദിച്ചു.

"ചായതന്നെ ആയ്ക്കോട്ടെ. നാട്ടിൽവരുമ്പോ ചായയ്ക്കു പലേടത്തും പല ടേസ്റ്റാണ്. പോണ്ടിച്ചേരിയിലും തമിഴ്നാട്ടിലും അങ്ങനല്ല. എല്ലാടത്തും ഏതാണ്ട് ഒരേ ടേസ്റ്റ്. ഹരിപ്പാടിന്റെ ചായടേസ്റ്റ് എങ്ങനെയാണെന്നു നോക്കാം."

ഭാസ്കരമേനോൻ പറഞ്ഞു.

രാജശ്രീ കിച്ചണിലേക്കു പോയി. കൂടെ നന്ദനയും.

"ഇന്ന് എന്തായാലും വേറെ എങ്ങോട്ടും പോകുന്നില്ലല്ലോ. ഇവിടെത്തന്നെയല്ലേ?" ജയദേവൻ ചോദിച്ചു.

"ഇന്നു രാത്രി കൊച്ചീൽ പോയി ക്യാംപ് ചെയ്തിട്ട് നാളെ നെടുമ്പാശേരീന്ന് ഫ്ളൈറ്റിനു പോകാമെന്നാണു പ്ലാൻ ചെയ്തത്."

"നാളെ ഇവിടുന്നു പോകാം നെടുമ്പാശേരിക്ക്. ഇന്ന് ഇവിടെ ക്യാംപ് ചെയ്യാം."

ജയദേവൻ ഭേദഗതി നിർദേശിച്ചു.

"അതൊക്കെ നമ്മക്കു ചായകുടിയൊക്കെ കഴിഞ്ഞു പുറകെ തീരുമാനിക്കാം."

കുടുംബവിശേഷങ്ങൾ സംസാരിച്ചുകൊണ്ടിരിക്കെ രാജശ്രീയും നന്ദനയും ചായ, മധുരപലഹാരങ്ങൾ, പഴം എന്നിവ കൊണ്ടുവന്നു.

ചായ കുടിക്കുന്നതിനിടയിൽ ഭാസ്കരമേനോൻ സന്ദീപിനെ തിരക്കി.

"അവനെവിടെയോ യാത്രയായിരുന്നു. ഇന്നലെ എത്തി. ഇന്ന്

ഓഫീസിൽ പോയിരിക്കയാ."

രാജശ്രീ പറഞ്ഞു.

"മണിമലയിൽ വന്നിട്ടുണ്ടാരുന്നു അവൻ." മധു പറഞ്ഞു.

"മല്ലികച്ചിറ്റയുടെ വീട്ടിൽവെച്ച് ഞങ്ങൾ കണ്ടു."

"ഉവ്വോ – അവൻ അക്കാര്യമൊന്നും ഇവിടെ പറഞ്ഞില്ല."

രാജശ്രീ അദ്ഭുതം പ്രകടിപ്പിച്ചു.

"അവന്റെകൂടെ ഏതോ ഒരു പെണ്ണും ഉണ്ടായിരുന്നു."

ഭാസ്കരമേനോൻ ജയദേവനെ കുറ്റപ്പെടുത്തുന്ന മട്ടിൽ നോക്കി. "ഇതൊക്കെയാണോ പത്രപ്രവർത്തനം? നിങ്ങളാരും ഇതൊന്നും അറിയുന്നില്ലേ?"

"ഓഫിസിൽനിന്നുള്ള സബോർഡിനേറ്റ്സ് ആയിരിക്കും. മല്ലികച്ചിറ്റേടെ വീട്ടിൽ ഒരു പെണ്ണുമായിട്ട് ചെല്ലണമെങ്കിൽ അത് ഒഫിഷ്യൽ മാറ്റർ ആയിരിക്കണം."

ജയദേവൻ നമ്പ്യാർ ഒന്നും അറിയാത്തമട്ടിൽ പറഞ്ഞു.

ജേണലിസ്റ്റല്ലേ ഭാസിയമ്മാമേ... പോരെങ്കിൽ ഇൻവെസ്റ്റിഗേറ്റീവ് റിപ്പോർട്ടിങ്ങിലാണ് അവന്റെ ഇന്ററസ്റ്റ്."

ജയദേവൻ മറുപടി നൽകി.

"ഇത് പത്രത്തിനുവേണ്ടിയാണോ, അതോ അവനുവേണ്ടിയാണോ?"

"ഭാസിയമ്മാമേ... എനിക്കറിയാവുന്ന സത്യം ഞാൻ പറയാം. അവനൊരു പെണ്ണിനെ ഇഷ്ടപ്പെട്ട് കല്യാണം ആലോചിച്ചു. കൊള്ളാമെന്ന് ഞങ്ങൾക്കും തോന്നി. ജാതകം ചോദിച്ചപ്പോ പെണ്ണ് അഡോപ്റ്റഡ് ആണെന്നു വെളിപ്പെട്ടു. കല്യാണം നടക്കില്ലെന്നു ഞാൻ പറഞ്ഞു. ഡേറ്റ് ഓഫ് ബർത്തും ജാതകോം ഇല്ലാത്ത പെൺകുട്ടി. അവളുടെ ജാതി, മതം, പാരമ്പര്യം, സംസ്കാരം ഒന്നും നമുക്കറിയില്ല. അപ്പോ ഞാൻ പറഞ്ഞു കല്യാണം നടക്കില്ലെന്ന്. അവളെത്തന്നെ കല്യാണം കഴിക്കണമെന്ന് അവനു വാശി. അവൻ അവളുടെ ഡേറ്റ് ഓഫ് ബർത്ത് തിരക്കി നടക്കുകയാണെന്നു മാത്രമേ എനിക്കറിയൂ."

ജയദേവൻ നമ്പ്യാർ അൽപമൊന്നു വിട്ടു കൊടുത്തു.



"സീ ജയദേവ്... നമ്മൾ വെറുതെ എങ്ങുംതൊടാതെ എന്തെങ്കിലും പറഞ്ഞിട്ട് കാര്യമില്ല. അവന്റെ പർപ്പസ് ഓഫ് വിസിറ്റ് ഒഫീഷ്യലൊന്നും ആയിരുന്നില്ല. അവന്റെകൂടെ ഉണ്ടായിരുന്ന പെണ്ണ് മല്ലികയുടെ ഗ്രാൻഡ് ഡോട്ടർ ആണെന്നു ഡിക്ലയർ ചെയ്യാൻ വേണ്ടിയാ അവൻ വന്നത്. മകൻ എന്തൊക്കെ ചെയ്യുന്നെന്ന് നിങ്ങൾ അന്വേഷിക്കണ്ടേ?"

"അവനിങ്ങോട്ടു വരട്ടെ. നമുക്കു ചോദിക്കാം."

ജയദേവൻ നമ്പ്യാർ ശാന്തതയോടെ പറഞ്ഞു.

"ഞാനിപ്പറഞ്ഞതു കേട്ടിട്ട് നിങ്ങൾക്കു യാതൊരുവിധ ആങ്സൈറ്റിയും ഇല്ലല്ലോ. മല്ലികയുടെ വീട്ടിൽവെച്ച് അവൻ എന്തൊക്കെ അനൗൺസ് ചെയ്തു എന്നൊന്നും നിങ്ങൾക്കറിയണ്ടേ?"

"ഞാൻ അവന്റെ പഴ്സണൽ കാര്യങ്ങളിലൊന്നും ഇടപെടാറില്ല. ഒന്നാമത് എനിക്ക് പിടിപ്പതു ജോലിയൊണ്ട്."

"മല്ലികയുടെ ഗ്രാൻഡ് ഡോട്ടറാണെന്ന് അവകാശപ്പെടുന്ന ഒരു പെണ്ണ് അവന്റെ കൈവശം ഉണ്ടെന്നറിയാമോ തനിക്ക്?"

ഭാസ്കരമേനോൻ തെല്ലു മൂർച്ചയിൽ ചോദിച്ചു.

"എന്നോട് നേരിട്ടൊന്നും അവൻ പറഞ്ഞിട്ടില്ല. പക്ഷേ, അവൻ അങ്ങനെ എന്തൊക്കെയോ അന്വേഷിക്കുന്നതായിട്ട് അറിയാം.

"അത് അന്വേഷിക്കാൻ വേണ്ടിയാണ് അവൻ പോണ്ടിച്ചേരിയിൽ വന്നതെങ്കിൽ ഞങ്ങളോട് ആ വിവരം പറയണ്ടേ. ഞങ്ങൾ അവനെ സഹായിക്കില്ലേ ജയദേവ്."

"ഞാനാ പറഞ്ഞത് അവനോട് ഭാസിയമ്മാമെ വിവരം അറിയിക്കണ്ട, ഈ കാര്യത്തിനുവേണ്ടി ഒരു വിധത്തിലും ബുദ്ധിമുട്ടിക്കരുതെന്ന്."

"അതെന്താ അങ്ങനെ പറയാൻ കാരണം? എന്നെ വിളിച്ച് ജയദേവൻ പറയുകയല്ലേ വേണ്ടത്... ഭാസിയമ്മാമേ എന്റെ മകനു വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്ന്."

ഭാസ്കരമേനോൻ ചോദിച്ചു.

"അവന്റെ അന്വേഷണം എനിക്കത്ര സ്വീകാര്യമല്ലായിരുന്നു. ഭാസിയമ്മാമ അതൊക്കെ അറിയുന്നത് മാനക്കേടായിട്ടാ ഞാൻ കരുതിയത്."

"അവൻ അന്വേഷിച്ചിട്ട് ഇവിടെവന്ന് എന്തു പറഞ്ഞു?"

"അവൻ പറഞ്ഞത് എന്തായിരിക്കുമെന്ന് ഭാസിയമ്മാമയ്ക്ക് അറിയാമല്ലോ."

"ഇല്ല. എനിക്കറിയില്ല."

"സന്ദു, മധുവിന്റെ മോൾ വീണയുടെ ഡേറ്റ് ഓഫ് ബർത്ത് അന്വേഷിച്ചതു മുതൽ നിങ്ങൾ അലർട്ടഡ് ആയിരുന്നു. ക്ലൂണി ഹോസ്പിറ്റലിൽ പോയി അവൻ റെക്കോർഡ്സ് കളക്ട് ചെയ്തു എന്നറിഞ്ഞശേഷം നിങ്ങൾ ആകെ ഡിസ്റ്റർബ്ഡ് ആയി. അവനെ ഫോളെ ചെയ്തു തുടങ്ങി. സത്യം പറഞ്ഞോ പോണ്ടിച്ചേരീന്ന് അവൻ കഷ്ടിച്ചു രക്ഷപ്പെട്ടു പോരുകയാണുണ്ടായത്. ശരിയല്ലേ?"

"ഇതൊക്കെ ആരു പറഞ്ഞു ജയദേവനോട് – അവനോ? ഞങ്ങളെന്തിനാ അവനെ ഫോളോ ചെയ്യുന്നെ?"

"ഭാസിയമ്മാമേ... അവനെന്താ ബുദ്ധിയില്ലാത്തവനാണോ? എനിക്കു ചിന്തിക്കാനുള്ള ബുദ്ധിയില്ലേ? നിങ്ങളൊഴികെ ബാക്കിയുള്ളവരെല്ലാം വിഡ്ഢികളാണെന്നു കരുതുന്നവരാ ഇങ്ങനെ വസ്തുതകൾ നിഷേധിക്കുന്നെ. രാഷ്ട്രീയക്കാരെ കണ്ടിട്ടില്ലേ... എന്ത് ആരോപണം വന്നാലും അവരങ്ങ് നിഷേധിക്കും. ജനങ്ങൾ മണ്ടന്മാരാണെന്നും അവരു പറയുന്നതു വിശ്വസിക്കണം എന്നുമാണ് അവർ തീരുമാനിച്ചു വെച്ചിരിക്കുന്നത്. വിശ്വസിച്ചില്ലെങ്കിലും അവരത് അവഗണിച്ചുകളയും. ഭാസിയമ്മാമ പോണ്ടിച്ചേരീന്ന് എന്നെ വിളിച്ചിട്ട് പറഞ്ഞതൊക്കെ ഓർമയുണ്ടോ? അവൻ ക്ലൂണി ഹോസ്പിറ്റലിൽ ഒരു ഡേറ്റ് ഓഫ് ബർത്ത് സേർച്ച് ചെയ്താൽ ഭാസിയമ്മാമേം ഫാമിലീം എത്ര പാനിക്കാവേണ്ട ആവശ്യമില്ലല്ലോ എന്നു ചിന്തിക്കാനുള്ള ബുദ്ധി എനിക്കില്ലേ."

"ക്ലൂണി ഹോസ്പിറ്റലിലെ രജിസ്റ്ററിൽനിന്ന് തങ്കത്തിന്റെ പേരും ഡെലിവറി ഡേറ്റുമെല്ലാം കളക്ട് ചെയ്തൂന്നറിഞ്ഞപ്പഴാ ഞാൻ തന്നെ വിളിച്ചത്."

"അതിലെന്താ കുഴപ്പം?"

"ഞങ്ങളെ ഇതിലേക്കു വലിച്ചിഴയ്ക്കേണ്ട കാര്യമെന്താ. അവനെന്തിനാ ഞങ്ങളോടു വിരോധം?"

"അവൻ നിങ്ങളെ വലിച്ചിഴച്ചോ? ഇല്ലല്ലോ. എന്തെങ്കിലും അവൻ നിങ്ങളോടു സംസാരിച്ചോ?"

"അവനെന്തിനു പോണ്ടിച്ചേരിക്കു വന്നു? വേറെ എവിടെയെങ്കിലും പോയി അന്വേഷിക്കരുതായിരുന്നോ?"

ജയദേവന് അതുകേട്ടു ചിരി വന്നു.

"ആ പെൺകുട്ടിയെ ഒരു ഫാമിലി തെരുവീന്ന് എടുത്തു വളർത്തിയതാ. പോണ്ടിച്ചേരീലാണ് ആ തെരുവ്. അപ്പോ പോണ്ടിച്ചേരീലല്ലാതെ എവിടെ അന്വേഷിക്കണം? ചൂണ്ടച്ചേരീലന്വേഷിച്ചാ മതിയോ?"

"ഞങ്ങടെ സ്വസ്ഥതയാ അവൻ നശിപ്പിച്ചത്."

ഭാസ്കരമേനോൻ മൊഴിമുട്ടിയപ്പോൾ പറഞ്ഞു.

"നിങ്ങളുടെ സ്വസ്ഥത നശിച്ചിട്ടുണ്ടെങ്കിൽ നിങ്ങളുംകൂടി ഇൻവോൾവ്ഡായ ഒരു ക്രൈം നടന്നതുകൊണ്ടായിരിക്കും."

"എന്തു ക്രൈം?"

"എനിക്കറിയില്ല. എന്റെ ജോലി കേസുകൾ പഠിച്ച് ജഡ്ജ്മെന്റ് നടത്തുക എന്നുള്ളതാണല്ലോ. അതുകൊണ്ട് എനിക്കു കാര്യങ്ങൾ പെട്ടെന്നു മനസ്സിലാകും."

വെറുതെ തർക്കിക്കുന്നതുകൊണ്ടു ഫലമില്ലെന്ന് ഭാസ്കരമേനോനു മനസ്സിലായി.

"തന്റെ മകനെ ഇതീന്ന് പിന്തിരിപ്പിക്കാൻ എന്താ വഴി?"

"അവൻ പോണ്ടിച്ചേരീന്നു പോന്നല്ലോ. ഇനിയെന്താ ഭാസിയമ്മാമയ്ക്കു പ്രശ്നം?"

ഭാസ്കരമേനോൻ ഉത്തരം പറയാതെ മധുവിനെയും തങ്കത്തെയും നോക്കി.

"അവന് ആ പെണ്ണല്ലാതെ ഈ ലോകത്ത് വേറൊരു പെണ്ണുമില്ലേ കല്യാണം കഴിക്കാൻ?"

"ഭാസിയമ്മാമേ... അവൻ അവളെ കണ്ടതും ഇഷ്ടപ്പെട്ടതും അവന്റെ കുറ്റമല്ല. ലോകത്ത് കാര്യങ്ങൾ നടക്കുന്നത് വ്യക്തമായ പ്രോഗ്രാമും പ്ലാനിങ്ങും അനുസരിച്ചാണ്. അതിന്റേതായ സമയം വന്നപ്പോൾ വിട്ടുപോയ കണ്ണികൾ കൂടിച്ചേരുന്നു എന്നേയുള്ളൂ."

"ഇപ്പോ സന്ദീപ് ആ പെണ്ണിനെ കല്യാണംകഴിക്കുന്നതിൽ എന്തെങ്കിലും തടസ്സം ഉണ്ടോ?"

ഭാസ്കരമേനോൻ മറ്റെല്ലാ വിഷയങ്ങളും മാറ്റിവെച്ച് ചോദിച്ചു.

"എനിക്കു തടസ്സമൊന്നും പറയാനില്ല. എല്ലാം ക്ലിയറായി."

"അപ്പോ ഇനി കല്യാണം നടത്തിയാപ്പോരെ?"

"മതി."

"ജയദേവനു മകനോടു പറഞ്ഞുകൂടെ ഫർദർ ഇൻവെസ്റ്റിഗേഷൻസ് ഒന്നും വേണ്ടെന്ന്. അവൻ പോലീസൊന്നുമല്ലല്ലോ."

"ഞാനെന്തിനു പറയണം. എനിക്കെന്തു കാര്യം?"

"നമ്മുടെ തറവാട്ടിൽ കേറിയാണ് അവൻ കളിക്കുന്നത്. തനിക്കതിൽ ഒന്നുമില്ലേ?"

"അവൻ കളിക്കട്ടെ. നമ്മളെല്ലാവരും നിരപരാധികളല്ലേ. പിന്നെന്തു പേടിക്കാൻ?"

"അതിന്റെ ആവശ്യമുണ്ടോന്നാ ചോദ്യം."

"സന്ദു നല്ലൊരു ത്രില്ലർസ്റ്റോറി കൊടുക്കാമെന്ന് എഡിറ്ററോട് സമ്മതിച്ചിട്ടുണ്ട്. അതുകൊണ്ടാണ് അവൻ ആവശ്യപ്പെടുന്നിടത്തോളം ദിവസം അന്വേഷണത്തിനുവേണ്ടി എടുത്തോളാൻ അവർ സമ്മതിച്ചിരിക്കുന്നെ. ഓൺഡ്യൂട്ടിയിലാണ് അവന്റെ ഇൻവെസ്റ്റിഗേഷൻ. അവർക്ക് അവനെക്കൊണ്ട് ആവശ്യമുള്ളതുകൊണ്ടല്ലേ."

"ജയദേവ്, ഞാനൊരു കാര്യം പറയാം. ഇലയ്ക്കും മുള്ളിനും കേടില്ലാതെ നമുക്കീ പ്രശ്നം തീർക്കാം. ഞങ്ങൾ കോംപ്രമൈസിനു തയാറാ. തന്റെ മകന് എന്തു വേണമെന്നു പറഞ്ഞാ മതി. കൊടുക്കാം."

(ശേഷം 30-ാം പേജിൽ)

# കോൺഗ്രസുമായി സഖ്യത്തിനില്ല: തൃണമൂൽ കോൺഗ്രസ്, ആം ആദ്മി

ന്യൂഡൽഹി: ആസന്നമായ ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെയും പ്രതിപക്ഷ ഇന്ത്യ മുന്നണിയുടെ പ്രതീക്ഷകൾക്കു വീണ്ടും തിരിച്ചടി. പഞ്ചാബിൽ മുഴുവൻ സീറ്റിലും മത്സരിക്കുമെന്ന് ആം ആദ്മി പാർട്ടിയും പശ്ചിമബംഗാളിൽ കോൺഗ്രസുമായി സഖ്യത്തിനില്ലെന്നു തൃണമൂൽ കോൺഗ്രസും പ്രഖ്യാപിച്ചു. ഇതോടെ പൊതുതെരഞ്ഞെടുപ്പിൽ ഒറ്റക്കെട്ടായി ബി.ജെ.പിയെ നേരിടാമെന്ന പ്രതിപക്ഷ പ്രതീക്ഷ പ്രതിസന്ധിയിലായി.

പഞ്ചാബിലെ 13 ലോക്സഭാ സീറ്റുകളിലേക്കു 40 പേരുൾപ്പെട്ട പ്രാഥമിക സ്ഥാനാർത്ഥിപ്പട്ടികയായെന്ന് എ.എ.പി. നേതാവും മുഖ്യമന്ത്രിയുമായ ഭഗവന്ത് മൻ വ്യക്തമാക്കി. മണ്ഡലങ്ങളിലെ സർവേ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അന്തിമപട്ടികയാകും. ബംഗാളിൽ കോൺഗ്രസുമായി കൂട്ടുകെട്ടിനില്ലെന്നും ദേശീയതലത്തിലുള്ള സഖ്യം പൊതുതെരഞ്ഞെടുപ്പിനുശേഷം തീരുമാനിക്കുമെന്നും ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി പ്രഖ്യാപിച്ചതിനു പിന്നാലെയാണ് എ.എ.പിയും നിലപാട് കടുപ്പിച്ചത്.

ബംഗാളിൽ തൃണമൂൽ ഒറ്റയ്ക്കു മത്സരിക്കുമെന്നു പ്രഖ്യാപിച്ച മമത, താൻ മുന്നോട്ടുവെച്ച നിർദേശങ്ങളെല്ലാം കോൺഗ്രസ് നിരസിച്ചെന്നും കുറ്റപ്പെടുത്തി. ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ എന്ത് സംഭവിക്കുമെന്നതു തന്റെ വിഷയമല്ല. തൃണമൂൽ മതേതരകക്ഷിയാണ്. ഒറ്റയ്ക്കുതന്നെ ബി.ജെ.പിയെ തോൽപിക്കും- മമത പറഞ്ഞു.

പഞ്ചാബിൽ എ.എ.പിയുമായും ബംഗാളിൽ തൃണമൂലുമായും കോൺഗ്രസ് സഖ്യമുണ്ടാക്കുന്നതിനെ പി.സി.സി. അധ്യക്ഷൻമാരും നഖശിഖാന്തം എതിർക്കുന്നു. എ.എ.പിയുമായുള്ള സഖ്യത്തെക്കുറിച്ചു ഹൈക്കമാൻഡിൽ നിന്നു നിർദേശം ലഭിച്ചിട്ടില്ലെന്നും സംസ്ഥാനത്തെ 13 ലോക്സഭാ സീറ്റിലും കോൺഗ്രസ് ഒറ്റയ്ക്കു മത്സരിക്കുമെന്നുമാണു പഞ്ചാബ് പി.സി.സി. അധ്യക്ഷൻ അമരീന്ദർ രാജാ സിങ് വാറിങ് പ്രഖ്യാപിച്ചത്. പഞ്ചാബിൽ ഒറ്റയ്ക്കു മത്സരിക്കുമെന്ന എ.എ.പിയുടെ പ്രഖ്യാപനത്തോടു കോൺഗ്രസ് ഇതുവരെ പ്രതികരിച്ചിട്ടില്ല. എന്നാൽ, ബംഗാളിൽ തൃണമൂലുമായി സഖ്യമുണ്ടാകുമെന്നു കോൺഗ്രസ് സംഘടനാകാര്യ ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ പറഞ്ഞു.

ബി.ജെ.പിയുടെ സീറ്റുകൾ കുറയ്ക്കുകയാണു ലക്ഷ്യം. തൃണമൂലുമായി ചർച്ച നടത്തും. മമത ഇന്ത്യ മുന്നണിയുടെ മുതിർന്ന നേതാവാണ്. ചെറിയ അഭിപ്രായവ്യത്യാസങ്ങളുണ്ടാകും. അവ ഉടൻ പരിഹരിക്കും- വേണുഗോപാൽ പറഞ്ഞു.

## ഓഹരിവിപണി: ഇന്ത്യ നാലാം സ്ഥാനത്ത്

ന്യൂഡൽഹി: ലോകത്തിലെ നാലാമത്തെ വലിയ ഓഹരിവിപണിയെന്ന സ്ഥാനം ഇന്ത്യക്ക്. ഹോങ്കോംഗിനെ മറികടന്നാണ് ഇന്ത്യ ഈ നേട്ടം സ്വന്തമാക്കിയത്. ഇന്ത്യൻ ഓഹരി വിപണികളിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള മൊത്തം ഓഹരികളുടെ മൂല്യം ജനുവരി 22-ന് വ്യാപാരം ക്ലോസ് ചെയ്തപ്പോൾ 4.33 ട്രില്യൺ ഡോളറിലെത്തി. ഹോങ്കോംഗിന്റേത് 4.29 ട്രില്യൺ ഡോളറാണ്. അമേരിക്ക, ചൈന, ജപ്പാൻ എന്നീ രാജ്യങ്ങളാണ് ഓഹരിവിപണിയിൽ ലോകത്തെ ആദ്യ മൂന്നു സ്ഥാനക്കാർ.

## 5.74 ലക്ഷം കന്നിവോട്ടർമാർ

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിലേക്കുള്ള അന്തിമ പട്ടിക പ്രസിദ്ധീകരിച്ചപ്പോൾ കരടുപട്ടികയിലുണ്ടായിരുന്ന 3,75,867 പേർ പുറത്ത്. പുതുതായി വന്ന 5,74,175 വോട്ടർമാരിൽ 2,88,533 പേർ യുവ വോട്ടർമാരാണ്. തെരഞ്ഞെടുപ്പിനു മുമ്പുവരെ വോട്ടർപട്ടികയിൽ പേരുചേർക്കാൻ അവസരമുണ്ടെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് എം. കൗൾ പറഞ്ഞു. 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ 2,54,08,711 വോട്ടർമാരാണുണ്ടായിരുന്നത്. 16,90,615 പേർ ഇത്തവണ അധികം. പുതിയ അപേക്ഷകർക്ക് സുരക്ഷാമുദ്രയുള്ള തിരിച്ചറിയൽ കാർഡാണ് നല്കുന്നത്. കാർഡിൽ തിരുത്തലോ മാറ്റമോ വരുത്തുന്നവർക്കും പുതിയ കാർഡ് കിട്ടും.

## വർദ്ധിച്ചുവരിക

(20-ാം പേജിൽനിന്നും)

എറിയണമെന്ന കല്പനയിരിക്കെ ശിപ്ര, പൂവാ എന്നീ രണ്ട് എബ്രായ നേഴ്സുമാർ അനേക കുഞ്ഞുങ്ങളെ രക്ഷപ്പെടുത്തി. അവർ ദൈവത്തെ ഭയപ്പെട്ടിരുന്നതു കൊണ്ടാണതു ചെയ്തത്. അതുകൊണ്ട് ദൈവം അവർക്കു കുടുംബവർദ്ധന കൊടുത്തുവെന്ന് നാം പുറപ്പാട് ഒന്നാം അദ്ധ്യായത്തിൽ വായിക്കുന്നു. യഹോവയെ ഭയപ്പെടാം, പ്രാർത്ഥിക്കാം നിത്യസ്വർഗ്ഗത്തിലെത്തണമെങ്കിൽ നാം ചിലതു ചെയ്തേ പറ്റൂ. നമ്മെത്തന്നെ ഒരുക്കുന്നതോടൊപ്പം മറ്റുള്ളവരെയും കർത്താവിന്റെ രാജ്യത്തിനുവേണ്ടി ഒരുക്കണം. സുവിശേഷം അഥവാ നല്ല വാർത്ത മറ്റുള്ളവിലേക്കു പകരുവാൻ നാം ബാദ്ധ്യസ്ഥരാണ്. യേശുതമ്പുരാൻ അനേകരെ ശിഷ്യന്മാരാക്കി. പത്രോസിന്റെ ഒറ്റപ്രസംഗത്തിൽ മൂവായിരം പേർ രക്ഷിക്കപ്പെട്ടു. രണ്ടാമത്തെ പ്രസംഗത്തിൽ അയ്യായിരം പേർ കർത്താവിനോട് ചേർന്നു. അവിടെ വർദ്ധനയാണ്. കർത്താവിന്റെ വേലയിൽ നാം വർദ്ധിച്ചുവരണം. അതെ, സമ്പത്തിലും കുടുംബത്തിലും ആത്മീയതയിലും ഈ വർഷം വർദ്ധനയുണ്ടാകാൻ മനുഷ്യരായ നമുക്ക് ദൈവം ഭാഗ്യം നല്കട്ടെ.

## കൊമ്പ് കണ്ടെത്തി

(20-ാം പേജിൽനിന്നും)

നോർത്ത് ഡകോട്ട യൂണിവേഴ്സിറ്റിയിലെ തന്നെ നട്ടെല്ല് പാലിയന്റോളജിസ്റ്റ് പോൾ ഉല്മാൻ പറയുന്നു. സൗത്ത് ഡകോട്ടയിലും ടെക്സാസിലും വൻ മൃഗങ്ങളുടെ അനേകായിരം വർഷം പഴക്കമേറിയ എല്ലിൻ കഷണങ്ങളും, മഹാശൈത്യമേഖലയായ നോർത്ത് കാനഡയിലും സൈബീരിയായിലും ഭീമമായ മഞ്ഞുകട്ടകൾക്കുള്ളിൽ സ്ഥിരമായി ഫോർസെനായ എല്ലിൻ തുണ്ടുകളുടെ പഴക്കം പതിനായിരത്തിലധികമായതായി ഉൾമാന്റെ വിശദമായ അന്വേഷണ റിപ്പോർട്ടിൽ പറയുന്നു.

അമേരിക്കൻ ജിയോളജിസ്റ്റിന്റെ സർവ്വേയുടെ റിപ്പോർട്ടിൽ നോർത്ത് ഡകോട്ടയിലെ ഗുഹാഭിത്തികളിൽ 13000 വർഷങ്ങൾക്കുമുമ്പായി വരച്ചിട്ടുള്ള ചിത്രങ്ങളിൽ വംശനാശം ഭവിച്ച വൻ മൃഗങ്ങൾ ആനയെക്കാളും വലിപ്പം ഉണ്ടായിരുന്നതായി പറയുന്നു. കണ്ടെത്തിയ ഭീകര മൃഗത്തിന്റെ 50-ൽ അധികം പൗണ്ട്സ് (22.7 കിലോഗ്രാം) ഭാരമുള്ള കൊമ്പ് കേടുപാടുകൾ ഉണ്ടാകാതിരിക്കാനും പൊടിഞ്ഞുപോകാതെ സുരക്ഷിതമായി സൂക്ഷിക്കുവാൻ വേണ്ടി പ്ലാസ്റ്റിക് ഷീറ്റിൽ പൊതിഞ്ഞിട്ടുണ്ട്. കണ്ടെത്തിയ എല്ലിൻ കഷണങ്ങളും പ്ലാസ്റ്റിക് കവറിൽ പൊതിയുവാൻവേണ്ടിയുള്ള നിർദ്ദേശങ്ങൾ സയന്റിസ്റ്റ് സമൂഹം കൊടുത്തിട്ടുണ്ട്. തുടർന്നുള്ള കൽക്കരിഖനി തൊഴിലാളികൾ ഖനന ജോലിക്കായി മണ്ണ് ഇളക്കുമ്പോഴും കുഴിക്കുമ്പോഴും ഗൗരവകരമായ ശ്രദ്ധ ചെലുത്തി കണ്ടെത്തുന്ന എല്ലിൻ കഷണങ്ങളും പല്ലുകളും തുടർന്നുള്ള പരീക്ഷണങ്ങൾക്കായി പരിരക്ഷിക്കണമെന്നും ഉൾമാൻ നിർദ്ദേശിച്ചു.

ഇൻഡ്യയിലെ നൈനിറ്റാളിൽ കോർബെറ്റ് ടൈഗർ റിസെർവ്വിൽ അടുത്തനാളിൽ കണ്ടെത്തിയ വൻ മൃഗത്തിന്റെ അതിപ്രാചീന കാലത്തെ അവശിഷ്ടങ്ങൾ (ഫോസിൽ)ക്ക് 4000 വർഷത്തിലധികം പഴക്കമുള്ളതായി സയന്റിസ്റ്റ്സ് സമൂഹം വിശ്വസിക്കുന്നു. ഉത്തരാഖണ്ഡ് സ്പേസ് ആപ്ലിക്കേഷൻ സെന്റർ (യു.എസ്.എ.സി.) ലെ ജിയോളജിസ്റ്റ് എം.പി.എസ്. ബിസാറ്റിന്റെ അഭിപ്രായാനുസരണം മഹാമൃഗത്തിന്റെ താടിയെല്ലിന് 12 ലക്ഷത്തിലധികം വർഷം പഴക്കമുള്ളതായ ഭിന്നാഭിപ്രായവും പ്രകടിപ്പിച്ചു. പരിപൂർണ്ണമായ ആധുനിക പരീക്ഷണങ്ങൾക്കുശേഷംമാത്രം സത്യസന്ധമായ റിപ്പോർട്ട് ലഭിക്കുകയുള്ളൂ.

## നോവൽ

(29-ാം പേജിൽ നിന്നും)

"അതു നിങ്ങൾ അവനുമായി നേരിട്ടു സംസാരിച്ചാ മതി. ഞാനതിൽ ഇടപെടില്ലെന്നു മാത്രമല്ല, അഭിപ്രായം പോലും പറയില്ല."

"തന്റെകൂടി തറവാട് ഒരു വശത്ത്. മറുവശത്ത് തന്റെ മകൻ. തനിക്കിതിൽ ഒന്നും ചെയ്യാനില്ലേ?"

"ഭാസിയമ്മാമേ, എന്റെ മകന്റെ സൈഡ് സുതാര്യമാണ്. അവന് ഒളിച്ചുവെക്കാൻ ഒന്നുമില്ല. പക്ഷേ, ഭാസിയമ്മാമ തറവാട് എന്നു കൂടക്കൂടെ പറയുന്ന നിങ്ങളുടെ സൈഡ് അങ്ങനല്ല. അവിടെ ഇരുട്ടാണ്. നിങ്ങളെല്ലാരും വേട്ടക്കാരെക്കണ്ട മൃഗങ്ങളെപ്പോലെ വിരണ്ടിരിക്കുന്നു. നിങ്ങളാരും സത്യം പറയുന്നുമില്ല."

"ജയദേവന് എന്താ അറിയേണ്ടത്?"

"മല്ലികച്ചിറ്റയുടെ മകളെ ഇരുപത്തിരണ്ടു വർഷം മുൻപ് പൂർണഗർഭിണിയായ അവസ്ഥയിൽ പോണ്ടിച്ചേരിക്കു കൊണ്ടുവന്നിട്ടുണ്ടായിരുന്നോ?"

ചോദ്യം കേട്ടശേഷം ഭാസ്കരമേനോൻ മധുവിനെയും തങ്കത്തെയും നോക്കി. അവരും സന്ദിഗ്ധാവസ്ഥയിലായിരുന്നു.

"കൊണ്ടുവന്നിട്ടുണ്ടായിരുന്നു." ഭാസ്കരമേനോൻ പറഞ്ഞു.

"ക്ലൂണി ഹോസ്പിറ്റലിൽവെച്ചാണോ മാളു പ്രസവിച്ചത്?"

"അതെ..."

"ആ കുഞ്ഞിനെ നിങ്ങൾ എറിഞ്ഞുകളഞ്ഞോ?"

"അന്നത്തെ സാഹചര്യത്തിൽ വേറെ നിവൃത്തിയില്ലായിരുന്നു."

"സ്വന്തം അനുജത്തീടെ മകളോട് അങ്ങനെയൊരു ക്രൂരത ചെയ്യാൻ ഭാസിയമ്മാമയ്ക്ക് എങ്ങനെ തോന്നി?"

"ബാലകൃഷ്ണനും ജഗന്നാഥനും പ്രേമചന്ദ്രനുമെല്ലാം താണുവീണു പറഞ്ഞു. ഇല്ലീഗൽ പ്രഗ്നൻസി എന്നാണു പറഞ്ഞത്. സഹായിക്കുകയല്ലാതെ കയ്യൊഴിയാൻ പറ്റുന്ന അവസ്ഥയല്ല."

"അപ്പോ സന്ദു ഇതുവരെ കണ്ടുപിടിച്ചതൊക്കെ സത്യമാണെന്ന് ഭാസിയമ്മാമ സമ്മതിക്കുന്നു."

"എനിക്കു പോണ്ടിച്ചേരിയിലെ കാര്യങ്ങൾ മാത്രമേ അറിയൂ."

"ശരി... അതുമാത്രം പറഞ്ഞാ മതി. മല്ലികച്ചിറ്റയുടെ മകൾ മാളുവിന് എന്താ സംഭവിച്ചത്? പോണ്ടിച്ചേരിയിൽ വന്നശേഷം അവളെപ്പറ്റി ആർക്കും ഒന്നും അറിയില്ല. ഭാസിയമ്മാമയ്ക്ക് അറിയില്ലെന്നു പറഞ്ഞാൽ ഞാൻ വിശ്വസിക്കേമില്ല. ഇരുപത്തിരണ്ടു വർഷമായി. മാളു ജീവിച്ചിരിപ്പുണ്ടോ?"

ഭാസിയമ്മാമ ആദ്യം തലകുനിച്ചിരുന്നു. പിന്നെ മുഖം തിരിച്ച് ചുവർ ചിത്രത്തിലേക്കു നോക്കി. അത് നീതിദേവതയുടെ ചിത്രമായിരുന്നു.

(തുടരും)

SUBSCRIPTION FORM

I.D. # ________ Date ________ Expiration Date ________

Name ________

Address ________

City ________ State ________ Zip ________

Phone: ________ Email: ________

Signature: ________

- ❑ Enclosing $ 200.00 for five years.
- ❑ Enclosing my subscription of $ 54.00 for one year.
- ❑ Enclosing my subscription of $99.00 for two years.
- ❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ________

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ________

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA MasterCard DISCOVER


DESIGN
FEDERATION OF KERALA ASSOCIATION IN NORTH AMERICA
ESTD 1983
FOKANA's 21st
National Convention
2024
July 18 to 20
Venue: Montgomery County Conference Center,
5701 Marinelli Rd, North Bethesda, MD 20852
We invite you to be a part of this historic event by taking
advantage of our early bird registration fees:
- Family (2 adults and kids): $999
- 2 Adults: $699
- Individual: $599
Please note that the early bird registration deadline is January 31, 2024. After Jan 31st,
registration fees:
- Family (2 adults and kids): $1499
- 2 Adults: $1099
- Individual: $899
ONE FOKANA
Forever
DR. BABU STEPHEN
President
DR. KALA SHAHI, MD.PHD
General Secretary
MR. BIJU JOHN
Treasurer
JOHNSON
THANKACHAN
Convention Chair
Kala Shahi
Secretary
2023598427
Biju John
Treasurer
(516) 445-1873
Johnson Thankachan
Convention Chair
8049311265

VFS.GLOBAL

## HAPPY 75TH
# REPUBLIC DAY
## TO ALL INDIANS!



Conceptualised and launched in India in 2001, VFS Global is one of the earliest '**Made in India**' companies to become a global leader, and is a trusted partner of **67 sovereign governments** serving them across **149 countries.**

**Providing visa services on behalf of 51 client governments in India.**

Long-standing partnership with countries such as **Canada, Germany, Italy, Switzerland, Thailand, UK, and USA.**

Presence in **19 Indian cities** with a network of **573 visa application centres**.

Processed **66.56 million applications** in India since 2001.

**First outsourced visa services partner of the Ministry of External Affairs (India) in 2007.**

Providing passport, visa and consular services for **India in 12 countries.**

Handled nearly **20 million applications** so far.

Operating the **Pravasi Bhartiya Sahayata Kendra**, a 24/7 information dissemination and grievance redressal centre started by the MEA for expatriate workers, since 2014.

A reliable partner to the Indian government in historic missions such as **Operation Raahat 2015, Vande Bharat Mission 2020, Operation Devi Shakti 2021.**

VFS.GLOBAL | 67 CLIENT GOVERNMENTS | 149 COUNTRIES OF OPERATION | OVER 278 MILLION APPLICATIONS PROCESSED | VFS.GLOBAL Cares


Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**